Sa 58

സാമൂഹ്യ പാഠാവലി

# മനുഷ്യനും മതവും

സ്റ്റാൻഡേർഡ് VIII

‘തമസോ മാ ജ്യോതിർഗമയ’

സന്മാർഗ്ഗപാഠാവലി

# മനുഷ്യനും മതവും

R
DHARMARAM COLLEGE LIBRARY, BANGALORE.
34216
H46
Sa 58

സ്റ്റാൻഡേർഡ് VIII

P O C PUBLICATIONS—NO. 25

## 'MATHAVUM MANUSHYANUM'

Moral Instruction Series
Standard VIII


| | |
|---|---|
| Published | by P O C., Cochin - 25, Kerala, India |
| Date | July 15, 1972 |


| | |
|---|---|
| Copy right | (c) 1972 P O C., Kerala, India All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |


| | |
|---|---|
| Printed | at The Orient Litho Press, Sivakasi |
| Price | Re. 1.40 |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | vii |
| | ഈ പുസ്തകം ഉപയോഗിക്കേണ്ടവിധം | ix |
| 1. | പ്രപഞ്ചശില്പി | 1 |
| 2. | നിങ്ങൾക്കു് നീന്താൻ അറിയാമോ? | 8 |
| 3. | ദൈവത്തിന്റെ സ്വഭാവം | 15 |
| 4. | അത്യുദാരനായ കോടീശ്വരൻ | 21 |
| 5. | സൃഷ്ടികർമ്മം തുടർന്നുകൊണ്ടിരിക്കുന്നു | 26 |
| 6. | ദൈവവുമായി ഒരു സുഹൃദ്സംഭാഷണം | 30 |
| 7. | ഈശ്വരാരാധന | 36 |
| 8. | ദൈവത്തിനു നന്ദിപറയുക | 41 |
| 9. | കരുണയുള്ള പിതാവു് | 46 |
| 10. | നാം ഈശ്വരന്റെ കരങ്ങളിലാണു് | 54 |
| 11. | ദൈവത്തെ നാം സ്നേഹിക്കണം | 60 |
| 12. | എന്താണു മതം? | 67 |
| 13. | മതം ഉണ്ടായതു് എങ്ങനെ? | 73 |
| 14. | മതം മനുഷ്യനു് ആവശ്യമോ? | 79 |
| 15. | മതാത്മകജീവിതം | 83 |
| 16. | മതസഹിഷ്ണുത | 90 |
| 17. | യാത്രയുടെ അന്ത്യം | 96 |

# ആമുഖം

വിദ്യാഭ്യാസകാലം ജീവിതത്തിനുവേണ്ടിയുള്ള ശരിയായ തയ്യാറെടുപ്പിന്റെ ഘട്ടമാണ്. അവിശ്രമമായ പരിശ്രമവും അശ്രാന്തമായ പഠനവുംകൊണ്ടേ വിദ്യാർത്ഥി ജീവിതായോധനത്തിനു പ്രാപ്തനാകു. ഈ പ്രാപ്തി കൈവരണമെങ്കിൽ ഉത്തരവാദിത്വബോധവും സേവനസന്നദ്ധതയും ധർമ്മതൽപ്പരതയും കുട്ടികൾക്കുണ്ടാകണം. ഇതിനു വിദ്യാഭ്യാസപ്രവർത്തകർ നിർദ്ദേശിക്കുന്നതു് സന്മാർഗ്ഗശാസ്ത്രപഠനമാണു്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസം കാലാനുസൃതം പരിഷ്കരിക്കുവാൻ ഏർപ്പെടുത്തപ്പെട്ട യൂണിവേഴ്സിററി കമ്മീഷൻ, സെക്കൻഡറി എഡ്യൂക്കേഷൻ കമ്മീഷൻ തുടങ്ങിയ സകല സമിതികളും ഊന്നിപ്പറയുന്നുണ്ടു്, കോളെജുകളിലും സ്കൂളുകളിലും സന്മാർഗ്ഗശാസ്ത്രം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത. കേരളത്തിലെ ഹൈസ്കൂൾ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന നിയമങ്ങളിലും (K. E. R.) ഈ വിഷയത്തിനു പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. പക്ഷേ സന്മാർഗ്ഗബോധനം കാര്യക്ഷമമായി നൽകുന്നതിനുള്ള പരിതഃസ്ഥിതികളോ ഉപകരണങ്ങളോ നമുക്കില്ല. അനുയോജ്യമായ പാഠപുസ്തകങ്ങളില്ലെന്നുള്ളതാണു് മുഖ്യപരാധീനത. അതു പരിഹരിക്കണമെന്ന ഏകാഭിലാഷമാണു് അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസുകളിലെ ഉപയോഗത്തിനായി ഈ സന്മാർഗ്ഗശാസ്ത്രഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കുവാൻ പി. ഒ. സി. യെ പ്രേരിപ്പിച്ചിട്ടുള്ളതു്. അദ്ധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും സാഹിത്യകാരന്മാരും അടങ്ങിയ ആറു് വിദഗ്ദ്ധകമ്മിററികളുടെ പ്രവർത്തനഫലമായിട്ടാണു് ഇവ രൂപം കൊണ്ടതു്.

ജാതിമതഭേദമെന്യേ സകലക്കും സ്വീകാര്യമായ ആശയങ്ങളാണു് ഇവയിൽ പ്രതിപാദിച്ചിരിക്കുന്നതു്. മൃഗങ്ങളെപ്പോലെ ജന്മപ്രേരണയനുസരിച്ചു പ്രവർത്തിക്കുവാൻ മനുഷ്യക്കും നൈസർഗ്ഗികമായ വാസനയും താല്പര്യവുമുണ്ടു്; പ്രത്യേകിച്ചു് ബാലികാബാലന്മാർക്കു്. ജന്മവാസനകളെ ബുദ്ധിയുടെയും മനസ്സിന്റെയും നിയന്ത്രണത്തിലാക്കി മനുഷ്യോചിതം ജീവിക്കുവാൻ സഹായിക്കുന്ന അറിവാണു് സന്മാർഗ്ഗപാഠം പ്രദാനം ചെയ്യുന്നതു്.

സന്മാർഗ്ഗബോധനത്തിൽ പുതിയ പ്രകാശവും പുതിയ സമീപനവും കേരളത്തിനാവശ്യമാണു്. അദ്ധ്യാപകരിലും അദ്ധ്യേതാക്കളിലും അവ പകരുകയാണു് ഈ പുസ്തകപരമ്പരകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇതെത്രമാത്രം സഫലമായിയെന്നു തീരുമാനിക്കേണ്ടതു് കേരളത്തിലെ സന്മാർഗ്ഗനിരതരായ അദ്ധ്യാപകരാണു്. കൂടുതൽ മെച്ചപ്പെട്ട നിർദ്ദേശങ്ങൾ അവരിൽനിന്നു പ്രതീക്ഷിക്കുകയും സ്വാഗതംചെയ്യുകയുംചെയ്യുന്നു.

പി. ഒ. സി.<br>15-7-1972

കെ്സ്റ്റെറുബുക്കു് കമ്മിററിക്കുവേണ്ടി,<br>ഡോ. കര്യാക്കോസ് മ്യാലിൽ

## ഈ പുസ്തകം ഉപയോഗിക്കേണ്ട വിധം

പാഠപുസ്തകമെന്നതിനുപുറമേ, അദ്ധ്യാപകസഹായിയായും (Teachers' Guide) ഉപയോഗിക്കത്തവിധമാണ് ഈ പുസ്തക പരമ്പര തയ്യാറാക്കിയിട്ടുള്ളത്. ഇവ ഉപയോഗിക്കേണ്ട വിധത്തെപ്പററി അല്പം പ്രതിപാദിച്ചുകൊള്ളട്ടെ.

പരീക്ഷയെഴുതുവാൻ കുറെ ആശയങ്ങൾ നൽകുന്നതിനുവേണ്ടിയല്ല, പ്രത്യുത, ലഭിക്കുന്ന ആശയങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻവേണ്ടിയാണ് സന്മാർഗ്ഗശാസ്ത്രം പഠിപ്പിക്കുന്നത്. മനഃശാസ്ത്രപരമായിപ്പറഞ്ഞാൽ ഒരാശയം പ്രവൃത്തിപഥത്തിലെത്തുന്നതിനുമുമ്പ് മൂന്നു ഘട്ടങ്ങൾ കടക്കുന്നു. ആദ്യം പ്രസ്തുത ആശയത്തെപ്പററി അറിവും ബോദ്ധ്യവും ഉണ്ടാകുന്നു. രണ്ടാമതു് ആ ബോദ്ധ്യത്തിൽനിന്നു്, നവമായ ഒരു മനോഭാവവും (attitude) മൂല്യങ്ങളും (values) രൂപംകൊള്ളുന്നു. അടുത്തതായി തഴക്കങ്ങളും (habits) പ്രവർത്തനരീതികളും ആവിർഭവിക്കുന്നു.

ക്ലാസുകളിൽനിന്നു സാധാരണയായി വിജ്ഞാനം അതിൻെറ കേവല രൂപത്തിലല്ലാതെ ലഭിക്കുന്നുണ്ടോ എന്നു സംശയമാണു്. ലഭ്യമാകുന്ന ആശയങ്ങൾ വിദ്യാർത്ഥികൾ പ്രാവർത്തികമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പുസ്തകങ്ങൾ സംവിധാനം ചെയ്തിരിക്കുന്നതു്. വെറും തത്വങ്ങൾമാത്രം ക്ലാസ്സിൽ അവതരിപ്പിച്ചാൽ വിദ്യാർത്ഥികൾക്കു് അവ മനസ്സിലാകുകയോ അവയിൽ താല്പര്യമുളവാകുകയോ ചെയ്യുകയില്ല. ബുദ്ധിയോടൊപ്പം അവരുടെ വികാരവും ഭാവനയും ഓർമ്മയും പ്രവർത്തിക്കണം. ഒരു കഥയോ സംഭവമോകൊണ്ടു് പാഠം ആരംഭിക്കുക

യാണെങ്കിൽ കുട്ടികൾ താല്പര്യപൂർവ്വം ശ്രദ്ധിക്കും അതിനാൽ ഓരോ പാഠത്തിലും ചർച്ചചെയ്യുന്ന വിഷയങ്ങൾ മേല്പറഞ്ഞ പശ്ചാത്തലത്തിൽ അവതരിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധചെലു ത്തിയിട്ടുണ്ട്.

കുട്ടികളുടെ സഹകരണത്തോടുകൂടി അദ്ധ്യാപകർ പാഠം വിശകലനംചെയ്യുമ്പോൾ ആശയങ്ങൾ പടിപടിയായി അവ രിൽ പതിയും. പ്രസ്തുത ആശയങ്ങൾക്കു ചിട്ടയും ക്രമവും ലഭി ക്കുന്നതിനും കാതലായവ മനസ്സിൽ കൂടുതൽ ദൃഢമൂലമാകുന്ന തിനും യുക്തിയുക്തമായ ചോദ്യങ്ങൾ ആവശ്യമാണ്. സാധാ രണ ക്ലാസ്സുകളിൽ ബോർഡുസംഗ്രഹം (B. B. Summary) ഇത്തരം ചോദ്യങ്ങൾകൊണ്ടാണല്ലോ രൂപവൽക്കരിക്കാറുള്ളത്.

ഇങ്ങനെ ലഭിക്കുന്ന പ്രധാന ആശയങ്ങൾ കുട്ടികളുടെ അനു ദിനജീവിതത്തിൽ പ്രായോഗികമാക്കേണ്ട വിധത്തെപ്പററി ചർച്ച ചെയ്യണം. ഏതെല്ലാം കാര്യങ്ങളാണ് പ്രാവർത്തികമാക്കേ ണ്ടതെന്നുള്ളത് അദ്ധ്യാപകനും വിദ്യാർത്ഥികളും നടത്തുന്ന ആശയവിനിമയത്തിൽനിന്നും ഉരുത്തിരിയേണ്ടതാണ്. ക്ലാസ്സി നുശേഷം കിട്ടുന്ന ആദ്യത്തെ അവസരത്തിൽത്തന്നെ അവ പ്രവൃ ത്തിയിൽ കൊണ്ടുവരുവാൻ വിദ്യാർത്ഥികൾ പ്രാപ്തരായി ത്തീരണം.

'ചിന്തിക്കാൻ,' 'അനുഷ്ഠിക്കാൻ' എന്നീ ശീർഷകത്തിൽ ഓരോ പാഠത്തിൻെറയും അവസാനഭാഗത്ത് കുറെ ചോദ്യങ്ങൾ ചേർത്തിട്ടുള്ളത് ഇക്കാര്യത്തിൽ അദ്ധ്യാപകനെ സഹായിക്കാ നാണ്. തങ്ങളെ പഠിപ്പിച്ച കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് കൂടുതൽ വ്യക്തമായി മനസ്സിലുറപ്പിക്കുവാനും പ്രവൃ ത്തിപഥത്തിലെത്തിക്കുവാനും വിദ്യാർത്ഥികൾക്കും അവ സഹാ യകമായിരിക്കും.

ഈ രണ്ടുതരം ചോദ്യങ്ങൾക്കു തമ്മിൽ കാര്യമായ വ്യത്യാസ മില്ലെന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. രണ്ടിലേയും കാതലായ ആശയങ്ങൾ ഒന്നുതന്നെ. പക്ഷേ, ലക്ഷ്യത്തിനു വ്യത്യാസമുണ്ട്. പാഠത്തിലെ പ്രധാന ആശയങ്ങൾ ലഭിക്കുവാനാണ് 'ചിന്തി

ക്കാൻ' എന്ന ചോദ്യങ്ങൾ. അവയ്ക്കു ശരിയായ ഉത്തരം കണ്ടുപിടിക്കുമ്പോൾ കാതലായ ആശയങ്ങൾ കുട്ടികളുടെ മനസ്സിൽ പതിയും. അടുത്തപടി പ്രവർത്തിക്കുകയാണല്ലോ. ആദ്യത്തെ ഇനത്തിൽപ്പെട്ട ചോദ്യങ്ങൾവഴി ലഭിക്കുന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ സഹായിക്കുന്നവയാണു് രണ്ടാമിനത്തിൽപ്പെട്ടവ. ഇത്തരം ചോദ്യങ്ങൾക്കുത്തരം ലഭിക്കുമ്പോൾ കുട്ടികളുടെ മനോഭാവത്തിനു വ്യതിയാനമുണ്ടാകുകയും തദനുസരണം പ്രവർത്തിക്കാൻ അവർ പ്രാപ്തരായിത്തീരുകയുംചെയ്യും.

പ്രസ്തുത വ്യത്യാസം വ്യക്തമാക്കുന്നതിനു് രണ്ടിനത്തിലുംപെട്ട ഓരോ ചോദ്യം പരിശോധിച്ചുനോക്കാം. ഈ പുസ്തകത്തിലെ 15-ാം പാഠത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള രണ്ടാം ചോദ്യങ്ങൾ താഴെ പറയുന്നവയാണു്:

**ചിന്തിക്കാൻ** ചോദ്യം—2

മതാത്മകജീവിതം എന്നതുകൊണ്ടു് വിവക്ഷിക്കുന്നതെന്തു്?

**അനുഷ്ഠിക്കാൻ** ചോദ്യം—2

നിങ്ങളുടെ മതവിശ്വാസവും ജീവിതരീതിയും തമ്മിൽ പൊരുത്തമുണ്ടോ? ഇല്ലെങ്കിൽ ആ പൊരുത്തക്കേടു് എങ്ങനെ പരിഹരിക്കാമെന്നു് പര്യാലോചിക്കുക.

ഇവയിൽ ആദ്യത്തെ ചോദ്യത്തിനുത്തരമായി മതാത്മകജീവിതമെന്നാൽ എല്ലാ വസ്തുക്കളുടെയും അതിനാഥനായ ദൈവത്തോടു് ആദരവും വിധേയത്വവും പുലർത്തിക്കൊണ്ടുള്ള ഒരു ജീവിതമാണു് എന്നു് പുസ്തകത്തിൽ കൊടുത്തിട്ടുള്ള ആശയം കുട്ടികൾ പറയും. പ്രവർത്തിക്കാനുള്ള അടിസ്ഥാനം മാത്രമാണു് പ്രസ്തുത ആശയം.

അതു പ്രാവർത്തികമാക്കുകയാണു് 'പ്രവർത്തിക്കാ'നുള്ള രണ്ടാമത്തെ ചോദ്യത്തിൻെറ ലക്ഷ്യം. വിശ്വാസവും ജീവിതവും തമ്മിലുള്ള പൊരുത്തക്കേടു് എന്തിലടങ്ങിയിരിക്കുന്നു, അതെങ്ങനെ പരിഹരിക്കാം, എന്നിങ്ങനെയുള്ള കാര്യങ്ങൾ ക്ലാസ്സിൽ

ചർച്ചചെയ്യുമ്പോൾ ഈശ്വരവിശ്വാസമെന്താണെന്നു വ്യക്തമാകും. ഈ വിശ്വാസമനുസരിച്ചു ജീവിതം ക്രമീകരിച്ചാൽ മാത്രമേ വിശ്വാസവും ജീവിതവും തമ്മിൽ പൊരുത്തപ്പെടുകയുള്ളൂ, ഇങ്ങനെയൊരു പൊരുത്തം തങ്ങളുടെ ജീവിതത്തിലുണ്ടോ എന്നു് കുട്ടികൾ ആദ്യമായി സ്വയം പരിശോധിക്കണം. ഇല്ലെന്നു മനസ്സിലാക്കുകയാണെങ്കിൽ സ്വജീവിതത്തിൽ വരുത്തേണ്ട വ്യതിയാനമെന്താണെന്നു കണ്ടുപിടിച്ചു് അതു വരുത്തുമെന്നു് തീരുമാനമെടുക്കണം. അടുത്തപടി അതു ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണു്. ക്ലാസ്സിൽനിന്നു ലഭിക്കുന്ന ആശയങ്ങൾ ഇപ്രകാരമുള്ള ചർച്ചകൾവഴി കുട്ടികളുടെ ബോദ്ധ്യത്തിലും മനോഭാവത്തിലും വ്യതിയാനമുണ്ടാക്കി പ്രവൃത്തിപഥത്തിലെത്തിച്ചാൽ മാത്രമേ ഈ പുസ്തകപരമ്പരകൊണ്ടുള്ള ഉദ്ദിഷ്ടഫലം ലഭിക്കുകയുള്ളൂ

കുട്ടികളെ ഉൽബുദ്ധരാക്കാനും അവരിൽ പ്രായോഗികബുദ്ധിയുളവാക്കാനും പര്യാപ്തമായ ധാരാളം ചോദ്യങ്ങൾ ഈ പുസ്തകത്തിലുണ്ടു്. അവ യഥോചിതം ഉപയോഗിച്ചു് സ്കൂൾ അസംബ്ളിയിൽ കുട്ടികളോടു സംസാരിക്കാവുന്നതാണു്.

---

# 1

# പ്രപഞ്ചശില്പി

നിങ്ങളിൽ പലക്കും വിലകൂടിയ റിസ്ററുവാച്ചുകളുണ്ട്. വാച്ചിൽ നോക്കി സമയം ഗ്രഹിക്കാൻ കൊച്ചുകുട്ടികൾക്കുപോലും കഴിയും. പക്ഷേ, ഒരു വാച്ച് അഴിച്ചുനോക്കി അതിനുള്ളിലെ യന്ത്രസംവിധാനങ്ങളുടെ പ്രവർത്തനം നേരിട്ടു മനസ്സിലാക്കാൻ നിങ്ങൾക്ക് എപ്പോഴെങ്കിലും അവസരം കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ അത്ഭുതപ്പെട്ടുകാണും. അതിസൂക്ഷ്മമായി പ്രവർത്തിക്കുന്ന എത്രയെത്ര ചെറുയന്ത്രങ്ങളുടെ സമാഹാരമാണ് നിങ്ങൾ കൈയിലണിഞ്ഞിരിക്കുന്ന ആ ചെറിയ വാച്ച്! ആ ഘടകങ്ങളിലോരോന്നിൻെറയും സങ്കീർണ്ണമായ പ്രവർത്തനരീതികൾ മനസ്സിലാക്കി കഴിയുമ്പോൾ വിദഗ്ദ്ധനായ ആ വാച്ചുനിർമ്മാതാവിനെപ്പററി നിങ്ങൾക്ക് ആദരം തോന്നാതിരിക്കില്ല.

നിങ്ങളുടെ വീടിൻെറ ഉമ്മറത്ത് മനോഹരമായ ഒരു പ്രകൃതിദൃശ്യത്തിൻെറ ചിത്രം തൂക്കിയിട്ടിരിക്കുന്നുവെന്നു കരുതുക. നീലിമയാന്ന കുന്നിൻ നിരകൾ, അവയ്ക്കിടയിലൂടെ പതഞ്ഞൊഴുകുന്ന അരുവികൾ, കുന്നിൻമുകളിലെ വൃക്ഷനിരകൾ, അനന്തമായ ആകാശപ്പരപ്പിലൂടെ പറന്നുകളിക്കുന്ന പക്ഷികൾ എല്ലാം ആ ചിത്രത്തിലുണ്ട്. വിവിധ വർണ്ണങ്ങളുടെ സുന്ദരമായ ഒരു സമ്മേളനമായ ആ ചിത്രം നിങ്ങളുടെ വീടിന് ഉചിതമായ ഒരു അലങ്കാര വസ്തുതന്നെ, സംശയമില്ല.

ആകട്ടെ, ആ വാച്ചു നിർമ്മിച്ച മനുഷ്യനെയോ ആ ചിത്രകാരനെയോ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ല. നിങ്ങൾ അവ കടയിൽനിന്നു വാങ്ങിയതാണ്. എങ്കിലും ആ വാച്ചിൻെറയും ചിത്രത്തിൻെറയും പിന്നിൽ വാച്ചുനിർമ്മാതാവും ചിത്രകാരനുമുണ്ടെന്നു് നിങ്ങൾക്കറിയാം. "ഇതാ ഈ വാച്ച് കേവലം യാദൃച്ഛികമായിട്ടുണ്ടായതാണ്. ഒരു സുപ്രഭാതത്തിൽ ഈ ചെറിയ ചെറിയ ചക്രങ്ങളും സ്പ്രിങ്ങും മററുപകരണങ്ങളുമെല്ലാം എവിടെനിന്നോ ഒരുമിച്ചുകൂടി ഈ വാച്ച് സ്വയം രൂപംകൊണ്ടു. ഈ ചിത്രത്തിൻെറ കഥയും അതുപോലെതന്നെ. പച്ച, ചുവപ്പ്, നീലം തുടങ്ങിയ നിറങ്ങളും ഈ വരകളുമെല്ലാം പൊട്ടുന്നനവേ ഈ ക്യാൻവാസിൽ ഒരുമിച്ചുകൂടി യഥാസ്ഥാനം അണിനിരന്നു് ഒരു മനോഹര ചിത്രമായിത്തീർന്നു." എന്നിങ്ങനെ ആരെങ്കിലും വാദിക്കുന്നപക്ഷം നിങ്ങൾക്കെന്തുതോന്നും? ആദ്യം നിങ്ങൾ പൊട്ടിച്ചിരിച്ചുപോകുമെന്നതിനു സംശയമില്ല. പിന്നെ, അങ്ങനെ വാദിക്കുന്ന മനുഷ്യൻെറ ബുദ്ധിക്ക് എന്തോ തകരാറുണ്ടെന്നു നിങ്ങൾ വിധിക്കുകയുംചെയ്യും.

## പ്രപഞ്ചത്തിൻെറ ക്രമവും സൗന്ദര്യവും

എന്നാൽ യഥാർത്ഥത്തിൽ ഇതിനേക്കാൾ യുക്തിരഹിതമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്ന ആളുകൾ ലോകത്തിലുണ്ടെന്നുള്ളതാണ് വിചിത്രമായ വസ്തുത. നിങ്ങളുടെ ചുററുമുള്ള പ്രപഞ്ചത്തിലേക്ക് ഒന്നു കണ്ണോടിക്കൂ! ഒരു വാച്ചിനെയോ ചിത്രത്തെയോകാൾ എത്രയോമടങ്ങു് വിസ്മയജനകമായ ഒരു സംവിധാനമാണ് ഈ പ്രപഞ്ചം! സൂര്യൻ എന്ന കെടാവിളക്ക് സകല ജീവജാലങ്ങൾക്കും ചൂടും വെളിച്ചവും പകന്നു പ്രകാശിച്ചുകൊണ്ടിരിക്കുന്നു. കോടിക്കണക്കിനു വർഷങ്ങളായി ജ്വലിച്ചുകൊണ്ടിരിക്കുന്ന സൂര്യദീപത്തിനു് ഇന്നും യാതൊരു മങ്ങലുമില്ല. ഭൂമിയുൾപ്പെടെ സംഖ്യാതീതങ്ങളായ ഗോളങ്ങൾ സൂര്യനു ചുററും അത്ഭുതകരമായ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഏററവും കൂടുതൽ ശ്രദ്ധയോടെ നയിക്കപ്പെടുന്ന മോട്ടോർ കാറുകളും വിമാനങ്ങളും മറിയുകയും തകരുകയും ചെയ്യുന്ന കാഴ്ച നാം കാണുന്നുണ്ട്. എന്നാൽ ആകാശഗോളങ്ങളാകട്ടെ നിശ്ചി

തപഥത്തിൽനിന്നു് അണുവിട വ്യതിചലിക്കുകയോ കൂട്ടിമുട്ടുകയോ ചെയ്യുന്നില്ല. സംഖ്യാതീതമായ ഈ ഗോളങ്ങളെയെല്ലാം അപരിമേയമായ ആകാശത്തട്ടിൽ താങ്ങിനിറുത്തിയിരിക്കുന്ന ശക്തിയേതു്? നീലിമയാന്ന ശരൽക്കാലാകാശത്തിലേയ്ക്കു് നോക്കിക്കൊണ്ടു് പണ്ടത്തെ ഒരു വിജ്ഞാനി വിളിച്ചുപറഞ്ഞു: ''ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ടു് അവൻെറ കരകൗശലത്തെ കാണിക്കുന്നു.''

ഇനി, ഈ പ്രകൃതിയിലാകെ നിഴലിച്ചുനിൽക്കുന്ന സൗന്ദര്യത്തെക്കുറിച്ചു് ഒന്നു ചിന്തിക്കൂ! വർണ്ണശബളമായ പുഷ്പങ്ങൾ, ഗംഭീരമായ പർവ്വതനിരകൾ, നക്ഷത്രഖചിതമായ ആകാശത്തട്ടു്, ഉദയാസ്തമയങ്ങൾ, മഴവില്ലു്, മയിൽപ്പീലി, സമുദ്രങ്ങൾ, തെളിനീരുറവുകൾ, പച്ചപ്പട്ടുവിരിച്ച മൈതാനപ്പരപ്പുകൾ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തത്ര സുന്ദരവസ്തുക്കൾ! ഈ പ്രകൃതിസൗന്ദര്യത്തിനു മുൻപിൽ നിങ്ങളുടെ വീടിൻെറ ഉമ്മറത്തെ ചിത്രം എത്ര നിസ്സാരം!

ഇത്രയേറെ അഴകും, ഗാംഭീര്യവും ക്രമവും ഒത്തിണങ്ങിയ ഈ പ്രപഞ്ചം യാദൃച്ഛികമായി രൂപംകൊണ്ടതാണെന്നു പറഞ്ഞാൽ നിങ്ങൾക്കെന്തുതോന്നും? ഒരു ചെറിയ റിസ്റ്റുവാച്ചോ ചെറിയ ചിത്രമോ സ്വയം ഉണ്ടായതാണെന്നു വിശ്വസിക്കാൻ കഴിയാത്ത നമ്മൾ. ഈ പ്രപഞ്ചകടാഹം സ്വയം ഉരുത്തിരിഞ്ഞെന്നു വിശ്വസിക്കുന്നതെങ്ങനെ? അങ്ങനെ വിശ്വസിക്കണമെന്നു പറയുന്ന കൂട്ടരാണു് നിരീശ്വരന്മാർ. അവരുടെ അഭിപ്രായത്തെപ്പററി നിങ്ങൾക്കെന്തു തോന്നുന്നു?

വിശ്രുതനായ ഒരു ശാസ്ത്രജ്ഞനായിരുന്നു അത്തനാസിയുസ് കീർച്ചർ (Kircher). അദ്ദേഹത്തിനു നിരീശ്വരവാദിയായ ഒരു സ്നേഹിതനുണ്ടായിരുന്നു. ഒരിക്കൽ ഈ സ്നേഹിതൻ കീർച്ചറുടെ വീട്ടിലെത്തിയപ്പോൾ മേശപ്പുറത്തു് മനോഹരമായ ഒരു ഭൂഗോളമാതൃക കണ്ടു് അതാരുണ്ടാക്കിയതാണെന്നു ചോദിച്ചു. 'ഇതു് ആരും ഉണ്ടാക്കിയതല്ല സ്വയം ഉണ്ടായതാണു്.' എന്നായിരുന്നു കീർച്ചറുടെ മറുപടി. ഇതു കേട്ടു് കീർച്ചർ തന്നെ പരിഹസിക്കുകയാണെന്നു പരിഭവിച്ച

സ്നേഹിതനോട്ട് ആ ശാസ്ത്രജ്ഞൻ പറഞ്ഞു: "സ്നേഹിതാ, ഈ ഭൂഗോളമാതൃക സ്വയം ഉണ്ടായതാണെന്നു ഞാൻ പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ല. എന്നാൽ ഇതിനേക്കാൾ അനേകമടങ്ങു വലുതും അത്ഭുതകരവുമായ ഈ ഭൂമി സ്വയം ഉണ്ടായതാണെന്നു നിങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. അതാണ് എനിക്ക് വിസ്മയജനകമായിത്തോന്നുന്നത്." നാം ഉപയോഗിക്കുന്ന നിസ്സാരമായ ഒരു വസ്തുപോലും ഒരു നിർമ്മാതാവിനെ ആവശ്യപ്പെടുന്നെങ്കിൽ, അപരിമേയമായ ഈ വിശാല പ്രപഞ്ചത്തിനു് ഒരു നിർമ്മാതാവില്ലെന്നു വരുമോ? ആ വിശ്വശില്പിയെയാണ് നാം ദൈവം എന്നു വിളിക്കുന്നതു്.

## മനസ്സാക്ഷി

നിങ്ങൾ സ്കൂളിലേയ്ക്കു പോരുന്നവഴി അന്ധനായ ഒരു യാചകനെ കാണുന്നുവെന്നിരിക്കട്ടെ. അയാൾ നിങ്ങളെ കാണുന്നില്ലെന്നു കരുതി, വെറും നേരംപോക്കിനുവേണ്ടി നിങ്ങൾ ഒരു ചെറിയ കല്ലെടുത്തു് അയാളുടെ പിച്ചപ്പാത്രത്തിലിടുന്നു. ഉടൻ നിങ്ങളുടെ ഹൃദയത്തിനുള്ളിൽ ഒരു ശബ്ദം മുഴങ്ങുന്നു: "നീ ചെയ്തതു തെററാണ്. നേരെമറിച്ച്, നിങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കായി അമ്മ തന്ന തുകയിൽനിന്നു് ഒരു നാണയമെടുത്തു നിങ്ങൾ ആ പാത്രത്തിൽ നിക്ഷേപിച്ചാലോ? അപ്പോഴും ഉള്ളിൽ ഒരു ശബ്ദം മുഴങ്ങും: "നീ നന്നായി പ്രവർത്തിച്ചു." ഈ അനുഭവം നമ്മുടെ ജീവിതത്തിലെ എല്ലാ പ്രവൃത്തികളെ സംബന്ധിച്ചും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ചില കാര്യങ്ങൾ നന്മയാണെന്നും ചിലതു് തിന്മയാണെന്നും ഒരാന്തരികസ്വരം നമ്മെ ഉപദേശിച്ചുകൊണ്ടിരിക്കുന്നു. ഈ സ്വരത്തിൻെറ നിർദ്ദേശം അനുസരിക്കുമ്പോൾ സന്തോഷവും, നിഷേധിക്കുമ്പോൾ അസ്വസ്ഥതയും നമുക്ക് അനുഭവപ്പെടുന്നുണ്ട്. നമ്മുടെ പ്രവർത്തനങ്ങളുടെമേൽ വിധികല്പിക്കുന്ന ഈ ആന്തരികസ്വരത്തിനാണ് 'മനസ്സാക്ഷി' എന്നു പറയുന്നതു്.

അരുതെന്നോതാനാമെന്നോതാൻ
ഒരാളെനിക്കുണ്ടുള്ളിൽ
എന്നാത്മാവിൻ സ്വർണ്ണക്കൂട്ടിലെ
വർണ്ണപ്പൈങ്കിളിയത്രെ. (പുത്തേരി)

ഈ മനസ്സാക്ഷി നമ്മുടെ സ്വന്തം സൃഷ്ടിയല്ല. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കു് അനുസൃതമായല്ല അതു പ്രവർത്തിക്കുന്നതും. മനസ്സാക്ഷി നമ്മുടെ സ്വന്തം സൃഷ്ടിയായിരുന്നുവെങ്കിൽ അതു് ഒരിക്കലും നമ്മുടെ ഇച്ഛകൾക്കു് എതിരായി നിൽക്കുകയില്ലായിരുന്നു. എന്നാൽ പലപ്പോഴും നമ്മുടെ സ്വാഭാവികപ്രവണതകൾ ആഗ്രഹിക്കുന്ന വിഷയങ്ങൾപോലും നിഷേധിക്കാനാണു് മനസ്സാക്ഷി നമ്മെ നിർബന്ധിക്കുന്നതു്. മനസ്സാക്ഷി സമൂഹത്തിൻെറ സൃഷ്ടിയാണെന്നു പറയുവാനും പാടില്ല. കാരണം, സമൂഹം ഏർപ്പെടുത്തുന്ന നിയമങ്ങളെപ്പോലും ചിലപ്പോൾ മനസ്സാക്ഷി നൈസർഗ്ഗികമായി എതിർക്കാറുണ്ടു്.

നമ്മുടെ മനസ്സാക്ഷിയിലൂടെ മുഴങ്ങിക്കേൾക്കുന്ന നിയമങ്ങൾ കല്പിച്ചതാരാണു്? നിയമങ്ങൾ ഉള്ളിടത്തു് നിയമദാതാവും അവശ്യം ഉണ്ടായിരിക്കണമല്ലോ. നിങ്ങളുടെ സ്കൂളിലെ നിയമങ്ങൾ നിർമ്മിക്കുന്നതു് അദ്ധ്യാപകരും സ്കൂൾ അധികൃതരുമാണു്. എന്നാൽ മനസ്സാക്ഷിയിലൂടെ നിയമങ്ങൾ നൽകുന്നതു് സർവ്വശക്തനായ ഈശ്വരനത്രെ. മനസ്സാക്ഷി ദൈവത്തിൻെറ സ്വരം എന്നു വിശേഷിപ്പിക്കപ്പെടുന്നതിൻെറ കാരണവും ഇതുതന്നെ. മനസ്സാക്ഷിയുടെ നിയമങ്ങൾ നിയമദാതാവായ ദൈവത്തിൻെറ അസ്തിത്വം തെളിയിക്കുന്നു.

## കാര്യകാരണബന്ധം

'ആരാണു് എൻെറ പേന എടുത്തതു്,' 'ആരാണു് ഈ പുസ്തകം എഴുതിയതു്?' 'ഈ സ്റ്റൂളുണ്ടാക്കിയതാരാണു്?' ഇതും ഇതുപോലുള്ള മററു ചോദ്യങ്ങളും നാം പലപ്പോഴും ചോദിക്കാറുണ്ടു്. ഒരു വസ്തുവാകട്ടെ, പ്രവൃത്തിയാകട്ടെ, കാരണംകൂടാതെ ഉണ്ടാകുന്നില്ല എന്ന തത്വം ഈ ചോദ്യങ്ങൾക്കു പിന്നിൽ ഒളിഞ്ഞുകിടക്കുന്നു. മറെറാരുവിധത്തിൽ പറഞ്ഞാൽ, ഒരു കാര്യത്തിനു് ഒരു കാരണം ഉണ്ടായിരുന്നേ പററൂ. വാച്ചിനുപിന്നിൽ വാച്ചുനിർമ്മാതാവിനെയും, ചിത്രത്തിനു പിന്നിൽ ചിത്രകാരനെയും നാം കണ്ടെത്തിയതു് ഈ തത്വത്തിലൂടെയാണു്. അങ്ങനെയെങ്കിൽ ഭൂമിയുൾപ്പെടെ ഈ പ്രപഞ്ചത്തിലെ സർവ്വവസ്തുക്കൾ

ക്കം ഒരു ആദികാരണം ഉണ്ടായിരിക്കണമെന്നു വരുന്നു. ആ ആദികാരണമാവട്ടെ, അതിന്റെ സ്വഭാവത്താൽത്തന്നെ മററൊരു കാരണത്തെ ആശ്രയിക്കാത്തതുമായിരിക്കണം. അല്ലാത്തപക്ഷം അതിൻെറയും കാരണമെന്തു് എന്ന ചോദ്യം ഉന്നയിക്കപ്പെട്ടും. അങ്ങനെ കാര്യകാരണങ്ങളുടെ അനവസിതമായ ഒരു ശൃംഖല സങ്കല്പിക്കുന്നതു് യുക്തിരഹിതവുമാണു്. അതിനാൽ മററൊരു കാരണത്തിൻെറയും കാര്യമായി വർത്തിക്കാത്തതും, മറെറല്ലാത്തിനും കാരണമായിട്ടുള്ളതും, സ്വയംഭൂവുമായ ഒരു ആദികാരണം ഉണ്ടായിരിക്കണമെന്നു വരുന്നു. ഈ ആദികാരണത്തെയാണു് 'ദൈവം' എന്നു വിളിക്കുന്നതു്.

ദൈവത്തിൻെറ അസ്തിത്വം തെളിയിക്കാൻ സഹായിക്കുന്ന ചില യുക്തികളാണു് മുകളിൽ വിവരിച്ചതു്. ദൈവത്തിലുള്ള വിശ്വാസമാണു് എല്ലാ മതങ്ങളുടെയും അടിസ്ഥാനശില. പ്രാചീനകാലംമുതൽക്കുതന്നെ ലോകത്തിൽ ജീവിച്ചിരുന്ന ജനങ്ങളിൽ മഹാഭൂരിപക്ഷവും ഈശ്വരവിശ്വാസികളായിരുന്നു. ക്രിസ്തുവിനുമുൻപു ജീവിച്ചിരുന്ന അരിസ്റ്റോട്ടിൽ എന്ന യവനപണ്ഡിതൻ പറഞ്ഞു: ''മനുഷ്യകുലത്തിൻെറ ഒന്നാകെയുള്ള സാക്ഷ്യമനുസരിച്ചു് സകല വസ്തുക്കളുടെയും ആദികാരണം ഈശ്വരനാണു്.'' അദ്ദേഹത്തിൻെറ ശിഷ്യനായ പ്ലേറേറായുടെ അഭിപ്രായമാണിതു്: ''ഭൂമിയും സൂര്യനും നക്ഷത്രങ്ങളും ഋതുക്കളും എന്നു വേണ്ടാ പ്രപഞ്ചം മുഴുവനും ഈശ്വരനെന്നു് ഒരാൾ ഉണ്ടെന്നു് ചൂണ്ടിക്കാണിക്കുന്നു. ഒരു മനുഷ്യനും യൗവനം മുതൽ വാർദ്ധക്യംവരെ അചഞ്ചലനായ നാസ്തികനായി ജീവിച്ചിട്ടില്ല.'' മനുഷ്യവംശത്തിൻെറ സാർവ്വത്രികവും സാർവ്വകാലികവുമായ ഈ പൊതുവിശ്വാസം ഈശ്വരാസ്തിത്വമെന്ന സത്യത്തിൻെറ അനിഷേദ്ധ്യമായ മറെറാരു തെളിവത്രെ.

## ചിന്തിക്കാൻ

1. 'ആരുടെയും സഹായമില്ലാതെ സ്വയം നിർമ്മിതമാണു് ഒരു വാച്ചു്' എന്നു പറയുന്നതിലും വിചിത്രമാണു് നിരീശ്വരന്മാരുടെ വാദഗതി. തെളിയിക്കുക.

2. പ്രപഞ്ചത്തെ ഭരിക്കുന്ന പ്രകൃതിനിയമങ്ങളിൽ (Physical laws) നിന്നു് ഈശ്വരൻെറ അസ്തിത്വം എങ്ങനെ തെളിയിക്കാം?

3. മനസ്സാക്ഷിയെന്നാൽ എന്തു്? മനസ്സാക്ഷി ദൈവത്തിൻെറ സ്വരമാണെന്നു പറയുന്നതെന്തുകൊണ്ടു്?

4. കാര്യകാരണനിയമമെന്നാൽ എന്തു്? കാര്യകാരണനിയമത്തിൽനിന്നു് ഈശ്വരാസ്തിത്വം തെളിയിക്കുന്നതെങ്ങനെ?

5. മനുഷ്യവംശത്തിൻെറ സാർവ്വത്രികബോദ്ധ്യം ഈശ്വരാസ്തിത്വത്തിനു തെളിവാണു്. വിശദീകരിക്കുക.

## അനുഷ്ഠിക്കാൻ

1. ഈശ്വരാസ്തിത്വം നമ്മുടെ ബുദ്ധിക്കുമാത്രം വിഷയമായ ഒരു സത്യമല്ല. അതു് നമ്മുടെ ഹൃദയത്തെയും അനുഭൂതി മണ്ഡലത്തെയുംകൂടി സ്പർശിക്കണം. 'ഈശ്വരൻ ഉണ്ടു്' എന്ന യാഥാർത്ഥ്യവും നിങ്ങളുടെ അനുദിനജീവിതവും തമ്മിലുള്ള ബന്ധമെന്തു് എന്നു ചിന്തിക്കുക.

2. നിരീശ്വരന്മാർ ഈശ്വരാസ്തിത്വം നിഷേധിക്കുന്നു. നിരീശ്വരത്വം അടിസ്ഥാനപ്രമാണങ്ങളിലൊന്നായി അംഗീകരിച്ചിട്ടുള്ള ചില പ്രസ്ഥാനങ്ങൾ നമ്മുടെ നാട്ടിലുണ്ടു്. അവയുടെ നേർക്കു നിങ്ങൾ സ്വീകരിക്കേണ്ട മനോഭാവമെന്തായിരിക്കണമെന്നു ചിന്തിക്കുക.

3. ദൈവത്തിൽ വിശ്വസിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ വിശദീകരിച്ചുകൊണ്ടു്, നിരീശ്വരനായ ഒരു സ്നേഹിതനു് ഒരു കത്തു തയ്യാറാക്കുക.

4. ഈശ്വരനിൽ വിശ്വസിക്കുന്നുവെന്നു പറയുകയും എന്നാൽ ആ വിശ്വാസം പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കാതിരിക്കുകയും ചെയ്യുന്നവരുണ്ടു്. കാരണമെന്തു്? നിങ്ങൾ ആ വിഭാഗത്തിൽ പെടുമോ?

# 2

# നിങ്ങൾക്കു്

# നീന്താൻ അറിയാമോ?

ഒരിക്കൽ പണ്ഡിതനായ ഒരു ബ്രാഹ്മണൻ ഒരു നദിയിലൂടെ യാത്രചെയ്യുകയായിരുന്നു. വള്ളം തുഴഞ്ഞുകൊണ്ടിരുന്നതു് നിരക്ഷരനായ ഒരു ഗ്രാമീണനും. അയാളുടെ പ്രാകൃതമായ വേഷവും രീതിയുംകണ്ടു് പണ്ഡിതനു പുച്ഛംതോന്നി. യാത്രയ്ക്കിടയിൽ അദ്ദേഹം പരിഹാസസ്വരത്തിൽ വള്ളക്കാരനോടു ചോദിച്ചു:

''നീ തർക്കശാസ്ത്രം പഠിച്ചിട്ടുണ്ടോ?''

ആ ചോദ്യംതന്നെയും തനിക്കു മനസ്സിലായില്ലെന്നമട്ടിൽ

വള്ളക്കാരൻ വിനയപൂർവ്വം പറഞ്ഞു:

''ഇല്ല.''

"കഷ്ടം! എങ്കിൽ നിന്റെ ജീവിതത്തിൽ കാൽ ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു.'' പണ്ഡിതൻ സഹതാപം പ്രകടിപ്പിച്ചു.

അല്പം കഴിഞ്ഞു് അദ്ദേഹം പിന്നെയും ചോദിച്ചു:

''ആകട്ടെ നിനക്കു വ്യാകരണം അറിയാമോ?''

''ആ പേരുപോലും ഞാൻ കേട്ടിട്ടില്ല'' എന്നായിരുന്നു വള്ളക്കാരൻെറ മറുപടി.

''അതുവ്വോ! എന്നാൽ നിൻെറ ജീവിതം പകുതിയും നഷ്ടപ്പെട്ടിരിക്കുന്നു.''

വള്ളക്കാരൻെറ അജ്ഞത കൂടുതൽ സമർത്ഥിക്കുന്നതിൽ പണ്ഡിതനു് എന്തോ ഒരു രസംതോന്നി. തൻെറ നില എത്രയോ മെച്ചമെന്നു് അയാൾ മനസ്സിൽ സ്വയം അഭിനന്ദിച്ചു. അയാൾ പിന്നെയും ചോദിച്ചു:

''ചുരുങ്ങിയപക്ഷം ജ്യോതിഷമെങ്കിലും നിനക്കറിയാമായിരിക്കും, ഇല്ലേ?''

''അതും എനിക്കറിഞ്ഞുകൂടല്ലോ!''

''എന്തു കഷ്ടം! ജീവിതത്തിൻെറ മുക്കാൽ ഭാഗവും നിനക്കു നഷ്ടപ്പെട്ടിരിക്കുന്നു.''

പെട്ടെന്നു യാദൃച്ഛികമായി ഒരു കാററും പിശറും ആരംഭിച്ചു. നദിയിൽ തിരമാലകൾ ആഞ്ഞടിക്കാൻ തുടങ്ങി. വള്ളം നിയന്ത്രണം വിട്ടു് ഉലഞ്ഞുകൊണ്ടിരുന്നു. അപ്പോൾ വള്ളക്കാരൻ പണ്ഡിതനോടു ചോദിച്ചു:

''താങ്കൾക്കു നീന്തൽ അറിയാമോ?''

''ഇല്ലല്ലോ'' ഉദ്വേഗപൂർവ്വം പണ്ഡിതൻ മറുപടി പറഞ്ഞു.

''പാവം, എങ്കിൽ നിങ്ങളുടെ ജീവിതം മുഴുവൻതന്നെ നഷ്ടപ്പെട്ടിരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടു് വള്ളക്കാരൻ നദിയിൽ ച്ചാടി നീന്തി കരപററി.

നാം നമ്മുടെ മനസ്സിനെ പലതരത്തിലുമുള്ള അറിവുകൾകൊണ്ടു നിറയ്ക്കാറുണ്ടു്. വിജ്ഞാനത്തിൻെറ ഭാണ്ഡംപേറി വിവശരായിത്തീർന്നുപോകുമാറു് അത്യധികം അറിവുനേടിയവരുമുണ്ടു്. വിജ്ഞാനം അതിൽത്തന്നെ വിശിഷ്ടമായ ഒരു നേട്ടമാണു്. പക്ഷേ മുൻപറഞ്ഞ കഥയിലെ പണ്ഡിതൻെറ കാര്യത്തിലെന്നപോലെ നാം നേടിയ വിജ്ഞാനം ജീവിതത്തിലെ പല നിർണ്ണായകവേളകളിലും നിരുപയോഗകരമായിത്തീരാറു

ണ്ടു്. കോളിളകിയ ജീവിതസമുദ്രത്തിലെ തിരമാലകൾക്കിട യിലൂടെ മുന്നേറി സുരക്ഷിതമായ അഭയസ്ഥാനത്തെത്തുവാൻ നമ്മെ സഹായിക്കുന്ന 'നീന്തൽ' പഠിക്കുക എന്നതാണു് പരമ പ്രധാനമായ കാര്യം. ആ 'നീന്തൽ' നമ്മുടെ ലക്ഷ്യസ്ഥാനമായ ദൈവത്തെക്കുറിച്ചുള്ള അറിവുനേടലല്ലാതെ മറെറാന്നുമല്ല.

ദൈവത്തെ അറിയുവാനും പ്രാപിക്കുവാനുള്ള ഒരു ദാഹം മനുഷ്യനു ജന്മസിദ്ധമാണു്. ധനവും സുഖവും കീർത്തിയും പ്രതാപവും പരമാവധി നേടുവാൻ കഴിഞ്ഞാലും മനുഷ്യൻെറ അന്തരാത്മാവു പിന്നെയും അസ്വസ്ഥമായിരിക്കും. വിശപ്പു് എന്ന അനുഭവം ഭക്ഷണം എന്ന യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നതുപോലെ, നമ്മുടെ ഈ അന്തർദ്ദാഹം 'ദൈവം' എന്ന പരമയാഥാത്മ്യത്തിലേയ്ക്കാണു വിരൽ ചൂണ്ടുന്നതു്. കാൽ നൂററാണ്ടുകാലത്തെ നിരന്തരമായ ഈശ്വരവിരുദ്ധപ്രചാരണത്തിനുശേഷവും, ചില നിരീശ്വരരാഷ്ട്രങ്ങളിലെ ജനസംഖ്യയിൽ ഗണ്യമായൊരു വിഭാഗം ഇന്നും ദൈവവിശ്വാസികളാണെന്നതു് ശ്രദ്ധേയമായ ഒരു വസ്തുതയാണു്.

17-ാം നൂററാണ്ടിലെ ഫ്രാൻസിൽ നിരീശ്വരവാദികളായ ഒരു കൂട്ടം ആളുകളുണ്ടായിരുന്നു. മനുഷ്യനു് ഈശ്വരവിശ്വാസമുണ്ടാകുന്നതു് ചെറുപ്പംമുതലേ മാതാപിതാക്കളിൽനിന്നു ലഭിക്കുന്ന ശിക്ഷണത്തിൻെറ ഫലമായിമാത്രമാണെന്നു് അവർ വാദിച്ചു. ചെറുപ്പംമുതൽക്കുതന്നെ ദൈവത്തെപ്പററി കേൾക്കുവാൻ യാതൊരവസരവും ലഭിക്കാതെ ഒരു കുട്ടിയെ വളർത്തിയെടുത്താൽ അവൻ ഈശ്വരനെക്കുറിച്ചു പരിപൂർണ്ണമായും അജ്ഞനായിരിക്കുമെന്നായിരുന്നു അവരുടെ നിഗമനം. ഈ സിദ്ധാന്തം പരീക്ഷണദ്വാരാ തെളിയിക്കുവാൻ അവർ തീരുമാനിച്ചു. ദൈവത്തെപ്പററി യാതൊന്നും ഗ്രഹിക്കുവാൻ സാഹചര്യമില്ലാത്ത ഒരന്തരീക്ഷത്തിൽ അവർ കുട്ടിയെ വളർത്തി. അവനു് പ്രത്യേകരീതിയിലുള്ള വിദ്യാഭ്യാസവും പരിശീലനവുംനല്കി. പക്ഷേ, സംഭവിച്ചതോ? ആ കുട്ടിക്കു് പതിനഞ്ചു് വയസ്സു് പ്രായമായപ്പോൾ, ഒരു പ്രഭാതത്തിൽ അവൻ ഒരു കുന്നിൻമുകളിലേയ്ക്കുനോക്കി മുട്ടുകുത്തി പ്രാർത്ഥിക്കുന്ന കാഴ്ചയാണു് അവർ കണ്ടതു്. ''നീ എന്തുചെയ്യുന്നു?''

അവർ ചോദിച്ചു. ''മനോഹരമായ ഈ പ്രഭാതവേള സൃഷ്ടിച്ചവനോട്ട് ഞാൻ സംസാരിക്കുകയാണ്'' എന്നായിരുന്നു മറുപടി!

''ഓ ദൈവമേ! ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങേയ്ക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അങ്ങയിൽ വിശ്രമം കണ്ടെത്തുന്നതുവരെ അവ അസ്വസ്ഥമായിരിക്കും'' എന്ന് പതിനഞ്ചു നൂററാണ്ടുകൾക്കുമുമ്പ് ആഫ്രിക്കയിൽ ജീവിച്ചിരുന്ന അഗസ്റ്റിൻ എന്ന സിദ്ധൻ പ്രഘോഷിക്കുകയുണ്ടായി. മനുഷ്യഹൃദയത്തെ സംബന്ധിക്കുന്ന ഒരു മൗലികസത്യമാണിതു്.

ദൈവം ഓരോ വ്യക്തിക്കും അവ്യക്തമായ വിധത്തിലെങ്കിലും സ്വയംവെളിപ്പെടുത്തുന്നുണ്ട്. പക്ഷേ ആ അറിവുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, അവിടുത്തെക്കുറിച്ചു കഴിവിൻെറ പരമാവധി ഗ്രഹിക്കുവാൻ നാം ശ്രമിക്കണം. ദൈവത്തെപ്പററി കൂടുതൽ വിശദമായി അറിയുവാൻ നമുക്കു ചുമതലയുമുണ്ട്. അതിനുള്ള കാരണങ്ങളിൽ ചിലതു താഴെ ചേർക്കാം.

1 നമ്മുടെ മനസ്സ് സത്യത്തെ അറിയുവാൻവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. കുട്ടികൾ എപ്പോഴും 'ഇതെന്തു്' 'അതെന്തിനു്' എന്നിങ്ങനെ ചോദിക്കാറുണ്ടല്ലോ. ഈ വിജ്ഞാനദാഹം എല്ലാ മനുഷ്യർക്കുമുണ്ട്. പ്രപഞ്ചരഹസ്യങ്ങളുടെ മറനീക്കിക്കാണുവാൻ ആഗ്രഹിക്കുന്ന ശാസ്ത്രജ്ഞനും, അന്നത്തെ വൃത്താന്തപത്രം താല്പര്യപൂർവ്വം വായിക്കുന്ന സാധാരണക്കാരനും ഈ ജിജ്ഞാസയ്ക്കു നിദർശനമത്രെ. ദൈവം അനന്തസത്യമാണ്. അവിടുന്നുമാത്രമാണ് എല്ലാ വിജ്ഞാനവും സത്യവും സ്വയം അടക്കിക്കൊള്ളുന്നതു്. ദൈവത്തെ അറിയുന്നതുവരെ മനുഷ്യമനസ്സിൻെറ അറിവിനായുള്ള ദാഹം ശമിക്കുകയില്ല. ഈ വിജ്ഞാനതൃഷ്ണ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്നതു് അതിലൂടെ നാം പരമസത്യമായ ദൈവത്തിലെത്തിച്ചേരുവാൻവേണ്ടിയാണ്.

2 അജ്ഞാതനാമാവായ ഒരു വ്യക്തി ചില വിശിഷ്ടസമ്മാനങ്ങൾ പതിവായി നിങ്ങൾക്കയച്ചുതരുന്നുവെന്നു വിചാരിക്കുക.

ആ ആളെപ്പററി ചില വിവരങ്ങളെങ്കിലുമറിയുവാൻ നിങ്ങൾക്കു ജിജ്ഞാസയുണ്ടാവുകയില്ലേ? പാരിതോഷികങ്ങളൊക്കെ സസന്തോഷം കൈപ്പററുകയും, അവയുടെ ദാതാവിനെക്കുറിച്ച് ഒന്നും അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾ നന്ദിഹീനനാണെന്നു പറയേണ്ടിവരും. ദൈവത്തിൽനിന്നു നിങ്ങൾ സ്വീകരിച്ചിട്ടുള്ള ദാനങ്ങൾക്കു പരിധിയുണ്ടോ? നിങ്ങളുടെ ജീവൻ, ശരീരം, ആരോഗ്യം, സൗന്ദര്യം. ബുദ്ധിശക്തി മാതാപിതാക്കന്മാർ, ഭവനം–എന്നുവേണ്ടാ വ്യക്തിപരവും സാമൂഹികവുമായി നിങ്ങൾക്കുള്ള എല്ലാ നന്മകളും ഈശ്വരദത്തമല്ലേ? അങ്ങനെയെങ്കിൽ അദൃശ്യനായ ആ ഉപകാരിയെക്കുറിച്ച് കഴിവുള്ളിടത്തോളം അറിയുവാൻ നാം അഭിനിവേശം പ്രകടിപ്പിക്കേണ്ടതല്ലേ?

3 ഒരു യാത്രക്കാരൻ താൻ എത്തേണ്ട ലക്ഷ്യത്തെപ്പററി ബോധവാനായിരിക്കണം. ലക്ഷ്യസ്ഥാനത്തിൻെറ ഭൂപ്രകൃതി, കാലാവസ്ഥ, ഇതരസാഹചര്യങ്ങൾ എന്നിങ്ങനെ എത്രയധികം കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുമോ. അത്രയും അയാൾക്കു സഹായകമാണ്. താൻ എത്തേണ്ട ലക്ഷ്യമേതെന്നറിയാതെ യാത്ര തിരിച്ചിരിക്കുന്ന ഒരു വ്യക്തിയെപ്പററി എന്തുപറയണം? ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നതു് ഒരു ലക്ഷ്യത്തോടുകൂടിയാണ്. ദൃശ്യപ്രപഞ്ചത്തിൻെറ മകുടമായ മനുഷ്യനെ അവിടുന്നു സൃഷ്ടിച്ചതും ഒരു ലക്ഷ്യത്തെ മുൻനിറുത്തിയത്രേ. ആ ലക്ഷ്യം ദൈവമല്ലാതെ മറെറാന്നുമല്ല. എങ്കിൽ നമ്മുടെ ജീവിതയാത്രയുടെ നിയതലക്ഷ്യമായ ഈശ്വരനെക്കുറിച്ച് കഴിവുള്ളിടത്തോളം അറിവുനേടുവാൻ ശ്രമിക്കേണ്ടതല്ലേ?

4 മനുഷ്യനു് നന്മയുടെനേക്ക് നൈസർഗ്ഗികമായ ഒരാകർഷണമുണ്ട്. നല്ലവരെ അവഗണിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരുടെപോലും ഉള്ളിൻെറ ഉള്ളിൽ നന്മയുടെനേക്ക് ആദരവുണ്ടെന്നതാണ് പരമാർത്ഥം. മദ്യപാനിയും ദുർമ്മാർഗ്ഗിയുമായ ഒരു മനുഷ്യൻപോലും മക്കൾ നല്ലവരായിത്തീരണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. നന്മയോടുള്ള മനുഷ്യൻെറ ഈ സ്നേഹം

പരിമിത നന്മകൾകൊണ്ടുമാത്രം സംതൃപ്തിയടയുന്നില്ല. ദൈവമാകട്ടെ അപരിമിതനന്മയാണു്. ആ അപരിമിതനന്മയെ സ്നേഹിക്കുമ്പോഴേ, നന്മയുടെനേർക്കുള്ള ആസക്തി പരിപൂർണ്ണമായും സന്തർപ്പണംചെയ്യപ്പെട്ടു. പക്ഷേ അറിയപ്പെടാത്തതിനെ സ്നേഹിക്കാൻ ആർക്കും കഴിയുകയില്ലല്ലോ. അതിനാൽ നന്മയ്ക്കായുള്ള ഹൃദയത്തിൻെറ ഉൽക്കടാഭിനിവേശത്തെ സംതൃപ്തിപ്പെടുത്തുന്നതിലൂടെ ആനന്ദം നേടുവാൻ നാം ദൈവത്തെ അറിയേണ്ടിരിക്കുന്നു.

ഈശ്വരനെക്കുറിച്ചു ചിന്തിക്കാൻ തങ്ങൾക്കു സമയമില്ലെന്നുപറയുന്ന ചിലരുണ്ടു്. ഭക്ഷണം കഴിക്കുവാനും ശ്വാസോച്ഛ്വാസംചെയ്യുവാനും കൃത്യാന്തരബാഹുല്യംമൂലം സമയമില്ലെന്നു പറയുന്നതുപോലുള്ള ഒരു വിഡ്ഢിത്തമാണിതും. ഈശ്വരനെ അവഗണനയോടെ ജീവിതത്തിൽനിന്നു് പുറംതള്ളുന്നവർ മററു പല വിഷയങ്ങളിലും വിജ്ഞരായിരിക്കാം. എങ്കിലും ഈ പാഠത്തിൻെറ ആരംഭത്തിൽ നാം കണ്ട അഹങ്കാരിയായ പണ്ഡിതൻെറ അനുഭവം അവർക്കും വന്നുചേരാനിടയുണ്ടു്. ''ദൈവഭയമാണു് ജ്ഞാനത്തിൻെറ ആരംഭം'' എന്ന പുരാതനമായ ഒരു ആപ്തവാക്യമുള്ളതു ശ്രദ്ധേയമാണു്.

## ചിന്തിക്കാൻ

1 ഈ പാഠത്തിൻെറ ആരംഭത്തിലുള്ള കഥയുടെ ഗുണപാഠമെന്തു്?

2 നമുക്കു പഠിക്കാവുന്ന വിഷയങ്ങളിൽ പരമപ്രധാനമേതു്? എന്തുകൊണ്ടു്?

3 ദൈവത്തെപ്പററി ഒന്നുമറിയാതെ വളർത്തപ്പെട്ട കുട്ടി പതിനഞ്ചാമത്തെ വയസ്സിൽ എന്താണു ചെയ്തതു്? അതിനു് അവനെ പ്രേരിപ്പിച്ചതെന്തു്?

4 ദൈവത്തെ അറിയുക എന്നതു് മനുഷ്യപ്രകൃതിയുടെതന്നെ ഒരാവശ്യമാണു്. ഇതു തെളിയിക്കാൻ നാലു ന്യായങ്ങൾ ഉന്നയിക്കുക?

## അനുഷ്ഠിക്കാൻ

1 സർവ്വപ്രധാനമായ അറിവ് ദൈവത്തെപ്പററിയുള്ളതാണെങ്കിലും ചിലർ അതിനുവേണ്ടത്ര പ്രാധാന്യം നൽകാറില്ല. കാരണമെന്ത്? ഇക്കാര്യത്തിൽ നിങ്ങളുടെ മനോഭാവത്തിൽ എന്തെങ്കിലും മാററം വരുത്തേണ്ടതുണ്ടോയെന്നു പരിശോധിക്കുക.

2 ഈശ്വരനെപ്പററി പ്രതിപാദിക്കുന്ന ഏതെങ്കിലുമൊരു ഗ്രന്ഥം സ്കൂൾ ലൈബ്രറിയിൽനിന്നു് എടുത്തുവായിക്കുക.

3 'തമസോ മാ ജ്യോതിർഗമയ' (ഇരുളിൽനിന്നു് എന്നെ വെളിച്ചത്തിലേക്കു നയിക്കുക) ബൃഹദാരണ്യകോപനിഷത്തിലുള്ള ഈ വാക്യം ദിവസംപ്രതി പലപ്രാവശ്യം ഹൃദയപൂർവ്വം ഉച്ചരിക്കുക.

4 ദൈവത്തെ അറിയാനുള്ള അഭിവാഞ്ഛ ദൈവം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ടു്. ഈ യാഥാർത്ഥ്യം വിശദമാക്കുന്ന രണ്ടു സംഭവങ്ങൾ വിവരിക്കുക.

# 3

# ദൈവത്തിൻെറ സ്വഭാവം

ഒരിക്കൽ ഒരു സന്യാസി ദൈവത്തിൻെറ സ്വഭാവത്തെയും ശക്തികളെയും കുറിച്ചു ധ്യാനിച്ചുകൊണ്ടു് ഒരു കടൽത്തീരത്തു കൂടി നടക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം ഒരു കാഴ്ചകണ്ടു. ഒരു കുട്ടി മണലിൽ കുഴി കുഴിച്ചു് കൈയിലിരുന്ന ഒരു കക്കാ കൊണ്ടു് സമുദ്രത്തിലെ ജലം ആ കുഴിയിലേയ്ക്കു കോരിയൊഴിച്ചു കൊണ്ടിരുന്നു. "കുഞ്ഞേ നീ എന്താണു ചെയ്യുന്നതു്'' സന്യാസി ചോദിച്ചു. ''ഞാൻ ഈ കക്കാകൊണ്ടു് കടലിലെ വെള്ളം കോരി വററിക്കുകയാണു്'' അവൻ കൂസലെന്യേ മറുപടിപറഞ്ഞു. ഇതുകേട്ടു് ആ സന്യാസി പൊട്ടിച്ചിരിച്ചുപോയി. പക്ഷേ പൊട്ടുന്നനവേ മറെറാരു ചിന്ത അദ്ദേഹത്തിൽ ഉയർന്നുവന്നു: ''ഈ കുട്ടി ഒരു ചെറിയ കക്കാകൊണ്ടു് സമുദ്രജലം വററിക്കാൻ ശ്രമിക്കുന്നു. ഞാനാകട്ടെ എൻെറ പരിമിതമായ ബുദ്ധികൊണ്ടു് അപരിമിതനായ ദൈവത്തെ അളക്കാൻ ശ്രമിക്കുന്നു. വാസ്തവത്തിൽ ഈ കുട്ടിയെക്കാൾ വലിയ ഭോഷൻ ഞാൻതന്നെ.''

മനുഷ്യനു് അറിയുവാൻ കഴിയുന്ന കാര്യങ്ങൾ പലതുണ്ടു്. പ്രകൃതിവസ്തുക്കൾ, അവയുടെ പ്രവർത്തനങ്ങൾ, അവയെ ഭരിക്കുന്ന നിയമങ്ങൾ എന്നിവയെല്ലാം സ്വന്തം ബുദ്ധിശക്തിയുപയോഗിച്ചു് അവൻ ഗ്രഹിക്കുന്നു. അങ്ങനെ തലമുറകളിലൂടെ നടത്തിയ നിരീക്ഷണപരീക്ഷണങ്ങളുടെ ഫലമായി നേടിയ

വിജ്ഞാനശേഖരത്തിനാണ് ശാസ്ത്രം എന്നു പറയുന്നതു്. ശാസ്ത്രത്തിൻെറ സഹായത്തോടെ മനുഷ്യൻ സമയത്തെയും ദൂരത്തെയും കീഴ്പ്പെടുത്തുകയും ചന്ദ്രമണ്ഡലത്തെ കാൽക്കീഴിലമർത്തുകയും ചെയ്തു. പ്രപഞ്ചത്തിൻെറ അതിരുകൾവരെ വെന്നിക്കൊടി പാറിക്കാൻ അവൻ ശ്രമിക്കുന്നു. ബാഹ്യമായ പ്രപഞ്ചവസ്തുക്കളെ അറിയുന്നതുപോലെ സ്വയം മനസ്സിലാക്കുവാനും മനുഷ്യനു കഴിവുണ്ട്. താൻ ആരെന്നും, താനും സമൂഹവുംതമ്മിലുള്ള ബന്ധമെന്തെന്നും, തൻെറ അവകാശങ്ങളും, ചുമതലകളുമേവയെന്നും മനുഷ്യനറിയാം. ഈ അറിവ് അഥവാ ആത്മാവബോധം മൃഗങ്ങൾക്കില്ല. കാഴ്ച, കേൾവി, ഘ്രാണനം, സ്പർശനം തുടങ്ങിയ ഇന്ദ്രിയപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലുള്ള ജന്മവാസനകളാണ് (instincts) മൃഗങ്ങളെ നയിക്കുന്നതു്. അങ്ങനെ മനുഷ്യനു സ്വകീയതലത്തിലും അതിനു താഴത്തെ പടികളിലുമുള്ള വസ്തുക്കളെയും ജീവികളെയുംകുറിച്ച് ഏറെക്കുറെ വിശദമായി അറിയാൻ കഴിയും. എങ്കിലും, സ്വകീയതലത്തിനും ഉപരിയായ യാഥാർത്ഥ്യങ്ങൾ പരിപൂർണ്ണമായി ഉൾക്കൊള്ളാനുള്ള കഴിവ് അവനില്ല. കലർപ്പററ ചൈതന്യരൂപമായ ഈശ്വരൻ ഭൗതികവസ്തുക്കളും ആത്മാവുംചേർന്ന സങ്കരവസ്തുവായ മനുഷ്യൻെറ തലത്തിൽനിന്നും എത്രയോ ഉപരിസ്ഥനാണ്! ചെറിയൊരു കക്കാകൊണ്ടു കടൽവെള്ളം വററിക്കുവാൻ ശ്രമിക്കുന്ന കുട്ടിയേക്കാൾ ഭോഷനാണ് ഈശ്വരസ്വഭാവത്തെക്കുറിച്ചു പൂർണ്ണജ്ഞാനം നേടാൻ ശ്രമിക്കുന്ന താനെന്നു് മുൻപറഞ്ഞ സന്യാസി ചിന്തിച്ചതിൻെറ കാരണമിതാണ്. ദൈവത്തെ യഥാവിധി ഗ്രഹിക്കുവാൻ ദൈവത്തിനുമാത്രമേ കഴിയൂ.

ഈശ്വരൻ എന്ന യാഥാർത്ഥ്യത്തെ സമഗ്രമായി മനസ്സിലാക്കാൻ മനുഷ്യനു കഴിയുകയില്ലെങ്കിലും, ആ യാഥാർത്ഥ്യത്തിന്റെ ചില ഭാഗികദർശനങ്ങൾ നേടാൻ മനുഷ്യബുദ്ധിക്കു സാധിക്കും. പ്രപഞ്ചശില്പിയായ ഈശ്വരൻെറ അസ്തിത്വത്തെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചില വസ്തുതകൾ സമർത്ഥിച്ചതു് ബുദ്ധിയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലാണ്. ഈശ്വരൻെറ ചില സ്വഭാവങ്ങളെ സംബന്ധിച്ച് ഇതിനുപരി നമുക്കു ചിന്തിക്കാം.

## ദൈവം നിത്യനാണ്

മനുഷ്യൻ കാലത്തിനു വിധേയനാണ്. അവനു ഭൂതവും വർത്തമാനവും ഭാവിയുമുണ്ട്. നമ്മുടെ ശരീരമുൾപ്പെടെയുള്ള ഭൗതികപദാൎത്ഥങ്ങളെല്ലാം കാലപരിമിതിക്കു വിധേയമത്രേ. തന്നിമിത്തം അവ പരിവർത്തനം പ്രാപിക്കുകയും നശിക്കുകയും ചെയ്യുന്നു. എന്നാൽ ഭൗതികപദാർത്ഥങ്ങളുടെ കലൎപ്പില്ലാത്ത കേവലചൈതന്യമാണ് (pure spirit) ഈശ്വരൻ. തന്മൂലം അവിടുന്നു കാലത്തിൽനിന്നു സ്വതന്ത്രനത്രേ. ദൈവത്തിനു വർത്തമാനമോ ഭൂതമോ ഭാവിയോ ഇല്ല. ''അനന്തവും വിശുദ്ധവുമായ നിത്യത്വത്തിൻെറ പ്രകാശവലയത്തിനുള്ളിൽ അവിടുന്നു സ്ഥിതിചെയ്യുന്നു.''

## സർവ്വവ്യാപി

ദൈവം എല്ലായിടത്തുമുണ്ട്. ശൂന്യാകാശപര്യടനം നടത്തിയ ആദ്യത്തെ റഷ്യൻ ബഹിരാകാശസഞ്ചാരി, ശൂന്യാകാശത്തിലെങ്ങും ദൈവത്തെ കണ്ടുമുട്ടുവാൻ തനിക്കു കഴിഞ്ഞില്ലെന്ന് അഹങ്കാരപൂൎവ്വം പ്രസ്താവിച്ചത്രേ. രൂപരഹിതനായ ഈശ്വരനെ ശാരീരികനേത്രങ്ങൾകൊണ്ടു കാണുക സാദ്ധ്യമല്ലെങ്കിലും ആ സൎവ്വവ്യാപിയുടെ സാന്നിദ്ധ്യം എല്ലായിടത്തുമുണ്ട്. നാം ഏതെങ്കിലുമൊരു പ്രത്യേകസ്ഥലവുമായി ബന്ധപ്പെട്ടു ശാരീരികമായി സന്നിഹിതരാകുന്നതുപോലെയല്ല ദൈവത്തിൻെറ സാന്നിദ്ധ്യം. എല്ലാ വസ്തുക്കളെയും അസ്തിത്വത്തിൽ സംരക്ഷിച്ചുകൊണ്ട് ദൈവം തൻെറ ശക്തിയിലൂടെ എല്ലാ വസ്തുക്കളിലും സന്നിധാനംചെയ്യുന്നു. നിങ്ങളുടെ സംഭാഷണവേളകളിലെ അദൃശ്യനായ ശ്രോതാവാണു ദൈവം. മരുഭൂമിയുടെ മധ്യത്തിലും ആഴിയുടെ ആഴത്തിലും പക്ഷികളുടെ കളകൂജനത്തിലും മഴവില്ലിൻെറ മനോഹരതയിലും സന്ധ്യാരാഗത്തിൻെറ ശാന്തശോഭയിലുമെല്ലാം ദൈവത്തിൻെറ അദൃശ്യസാന്നിധ്യം സൂക്ഷ്മദൃക്കുകൾക്കു ദൎശിക്കാവുന്നതേയുള്ളു.

## സർവ്വജ്ഞാനി

ദൈവം സർവ്വജ്ഞാനിയാണ്. ഒരു ജീവിയുടെ പൂർണ്ണത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം അതു നേടിയിട്ടുള്ള അറിവിന്റെ അളവത്രേ. അറിവു വർദ്ധിക്കുന്നതനുസരിച്ച് നാം കൂടുതൽ പൂർണ്ണരായിത്തീരുന്നു. ഒരു മനുഷ്യന് എത്രമേൽ പരിശ്രമിച്ചാലും എല്ലാ വിഷയങ്ങളെക്കുറിച്ചും പരിപൂർണ്ണമായ അറിവു നേടുവാൻ സാധ്യമല്ല. അറിവ് ജീവികൾക്കു പൂർണ്ണത നൽകുന്നതുകൊണ്ട് എല്ലാ പൂർണ്ണതയുടെയും നികേതമായ ദൈവം എല്ലാ അറിവിന്റെയും ഇരിപ്പിടമായിരിക്കണമെന്നു യുക്തി അനുശാസിക്കുന്നു. ദൈവം തന്നെത്തന്നെ പരിപൂർണ്ണമായി അറിയുന്നു. താൻ സൃഷ്ടിച്ച എല്ലാററിനെയുംപററി ഗാഢമായ അറിവ് അവിടുത്തേക്കുണ്ട്. വസ്തുക്കളെക്കുറിച്ചുള്ള നമ്മുടെ അറിവു ക്ലേശിച്ചുനേടുന്നതാണ്. ദൈവത്തിന്റേതു് അങ്ങനെയല്ല. എല്ലാ വസ്തുക്കളുടെയും അസ്തിത്വത്തിന്റെ ഉറവിടം ദൈവമായതുകൊണ്ട് അവ എല്ലാപ്പോഴും അവിടുത്തെ അറിവിനു വിഷയങ്ങളാണ്. ഒരു ഗ്രന്ഥകർത്താവിനു മററാരെയുംകാൾ കൂടുതലായി തന്റെ ഗ്രന്ഥത്തെപ്പററി അറിയാമല്ലോ. മനുഷ്യന്റെ അതിനിഗൂഢങ്ങളായ ഹൃദയരഹസ്യങ്ങൾപോലും ദൈവത്തിനു വിശദമാണ്. ദൈവത്തെ വഞ്ചിക്കുവാൻ ആർക്കും ഒരിക്കലും സാദ്ധ്യമല്ല.

## സർവ്വശക്തൻ

തന്റെ ആഗ്രഹമനുസരിച്ച് ചില കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള കഴിവ് മനുഷ്യനുണ്ട്. എന്നാൽ താൻ ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ അവൻ പ്രാപ്തനല്ല. കാരണം, മനുഷ്യൻ അപൂർണ്ണനാണ്. എന്നാൽ ദൈവം പരിപൂർണ്ണതതന്നെയായതുകൊണ്ട് താൻ ആഗ്രഹിക്കുന്നതെന്തും നിർവ്വഹിക്കുവാൻ അവിടുത്തേക്കു കഴിയണം. അല്ലെങ്കിൽ അതു് ഒരപൂർണ്ണതയായിരിക്കും. അപൂർണ്ണതയ്ക്ക് പൂർണ്ണതതന്നെയായ ഈശ്വരനിൽ സ്ഥാനമില്ലല്ലോ. തന്നിമിത്തമാണ് ദൈവം സർവ്വശക്തനാണെന്നു നാം പറയുന്നതു്. മനുഷ്യന് പല കാര്യങ്ങളും ചെയ്യുവാൻ സാധിക്കുന്നതു്, ക്ലേശഭൂയിഷ്ഠമായ പ്രവർത്തനത്തിലൂടെ മാത്രമാണ്, തന്റെ പ്രവർത്തനങ്ങളിൽ പരിപൂർണ്ണത കൈവരുത്തുവാൻ അവനു കഴി

യുന്നമില്ല. എന്നാൽ ദൈവത്തിനു തൻെറ മനസ്സിൻെറ ഒരു കേവലപ്രവൃത്തിയിലൂടെ എല്ലാം സാധിക്കുന്നു. 'ഉണ്ടാവട്ടെ' എന്നൊരു കല്പനവഴി എന്തിനെയും ശൂന്യതയിൽനിന്നു് അസ്തിത്വത്തിലേയ്ക്കു് അവിടുന്നു വിളിച്ചുണർത്തുന്നു.

## അപരിമിതൻ

നാം കാണുന്ന ഏതു വസ്തുവിനും ചില പരിമിതികളുണ്ടു്. മനുഷ്യൻ അവൻെറ പഞ്ചഭൂതാത്മകമായ ശരീരത്തിൻെറ പരിമിതികൾക്കു വിധേയനാണു്. മനുഷ്യൻെറ മനസ്സും പരിമിതമത്രേ. മനുഷ്യമനസ്സിൻെറ പ്രവർത്തനങ്ങൾക്കു ചില അതിർവരമ്പുകളുണ്ടു്. വസ്തുക്കൾക്കു് ഈ പരിമിതിയുണ്ടാകുന്നതു് ഒന്നുകിൽ അവയ്ക്കു ഭൗതികമായ ഒരു രൂപമുള്ളതുകൊണ്ടോ അല്ലെങ്കിൽ അവ സൃഷ്ടികളായിരിക്കുന്നതുകൊണ്ടോ ആണു്. പദാർത്ഥസ്പർശമുള്ള വസ്തുക്കൾക്കെല്ലാം പരിമിതിയുണ്ടായിരിക്കണം. അതുപോലെതന്നെ, ഏതെങ്കിലും ചില പരിമിതികൾക്കു വിധേയമായിട്ടല്ലാതെ ഒന്നിനെയും സൃഷ്ടിക്കുവാനും സാദ്ധ്യമല്ല, പദാർത്ഥസ്പർശമില്ലാത്ത സത്തയെയാണു് 'കേവലചൈതന്യ'(Pure Spirit) എന്നു പറയുന്നതു്. ദൈവം കേവലചൈതന്യമായതുകൊണ്ടും, സൃഷ്ടിയല്ലാത്തതുകൊണ്ടും അവിടുന്നു പരിമിതികൾക്കു വിധേയനല്ല. തന്നിമിത്തം ദൈവം അപരിമിതനാണു്. ദൈവം അപരിമിതനും പരമപരിപൂർണ്ണനുമായതുകൊണ്ടു് അവിടുന്നു് ഏകനായിരിക്കണം. അതായതു് ഒരു ദൈവമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്നർത്ഥം. നന്മ, ജ്ഞാനം, നീതി, സത്യം, സ്നേഹം തുടങ്ങി എല്ലാ ഗുണങ്ങളുടെയും പരിപൂർണ്ണതതന്നെയാണു് ദൈവം എന്നു പറയാം.

## ചിന്തിക്കാൻ

1 കടൽവെള്ളം കക്കാകൊണ്ടു വററിക്കാൻ ശ്രമിച്ച കുട്ടി സന്യാസിയെ പഠിപ്പിച്ച പാഠമെന്തു്?

2 സ്വശക്തികൊണ്ടു് മനുഷ്യനു് സാമാന്യം വിശദമായി ഗ്രഹിക്കാൻ സാധിക്കുന്ന കാര്യങ്ങൾ ഏതു മണ്ഡലങ്ങളിൽപ്പെട്ടവയാണു്? നിരീക്ഷണപരീക്ഷണങ്ങളിലൂടെ ദൈവത്തെ അറിയാൻ കഴിയാത്തതെന്തുകൊണ്ടു്?

3 ദൈവത്തിനു ഭൂതവർത്തമാനഭാവികൾ ഇല്ലെന്നു പറയുന്നതിൻെറ അർത്ഥം വ്യക്തമാക്കുക.

4 ദൈവം സർവ്വജ്ഞനും സർവ്വശക്തനുമാണെന്നു പറയുന്നതിൻെറ അർത്ഥമെന്തു്?

5 എല്ലായിടത്തും എല്ലാററിലും ദൈവം സന്നിഹിതനായിരിക്കുന്നതെങ്ങനെ?

## അനുഷ്ഠിക്കാൻ

1 ''നമ്മുടെ സംഭാഷണവേളകളിലെ അദൃശ്യനായ ശ്രോതാവാണു ദൈവം.'' സംഭാഷണത്തിലേർപ്പെട്ടമ്പോൾ ഈ വസ്തുത നാം ഓർമ്മിക്കണം. ദൈവത്തിനു് അഹിതകരമായതൊന്നും നമ്മുടെ സംഭാഷണത്തിൽ കടന്നുകൂടരുതു്.

2 ദൈവം സർവ്വശക്തനാണു്. നമ്മുടെ പിതാവുമാണു്. സർവ്വശക്തനായ ഒരു പിതാവു് നമുക്കുണ്ടെന്നുള്ളതു് ആശ്വാസകരമായ ഒരു ചിന്തയാണു്. ജീവിതത്തിലെ പരീക്ഷണഘട്ടങ്ങളിൽ ആ പിതാവിൽ ആശ്രയിക്കുക.

# 4

# അത്യുദാരനായ കോടീശ്വരൻ

''ഏററവും നിസ്സാരമായൊരു പുഷ്പത്തിന്റെ ദർശനംപോലും, കണ്ണീർക്കണങ്ങൾകൊണ്ടും പ്രകാശിപ്പിക്കാൻ പാടില്ലാത്തവിധം അഗാധമായ വികാരങ്ങൾ എന്നിൽ ഉണർത്തുന്നു'' എന്നു് പ്രകൃതി ഗായകനായ വേഡ്സ്വർത്ത് പറഞ്ഞിട്ടുണ്ടു്. ചിന്താശീല നായ ഒരു വ്യക്തിക്കു് പ്രകൃതിയിലെ നിസ്സാരവസ്തുക്കൾപോലും ദൈവത്തിൻെറ സൃഷ്ടിശക്തിയുടെ നിദർശനങ്ങളാണു്. ഏതെ ങ്കിലുമൊരു വസ്തുവിനെ ഇല്ലായ്മയിൽനിന്നു് ഉണ്മയിലേയ്ക്കു കൊണ്ടുവരുന്ന പ്രവൃത്തിക്കാണു് സൃഷ്ടികർമ്മം എന്നു പറയുന്നതു്. അതു് ദൈവത്തിനുമാത്രം സാധിക്കുന്ന ഒരു കൃത്യവുമാണു്. പ്രതിമ, ചിത്രം, കവിത തുടങ്ങിയ കലാസൃഷ്ടികളെക്കുറിച്ചു നാം പറയാറുണ്ടു്. ഇവയൊന്നും ആ വാക്കിൻെറ നിഷ്കൃഷ്ടമായ അർത്ഥത്തിൽ 'സൃഷ്ടി' ആവുകയില്ല. കാരണം, മാർബിൾ, ക്യാൻവാസ്, പദങ്ങൾ എന്നിങ്ങനെ നിലവിലുള്ള ചില ഘട കങ്ങളെ അവലംബിച്ചുകൊണ്ടാണു് കലാകാരന്മാരുടെ കലാ സൃഷ്ടി. നിലവിലുള്ള പദാർത്ഥങ്ങൾക്കു രൂപഭേദം നൽകുകയ

ല്ലാതെ, അവർ ശൂന്യതയിൽനിന്നു് ഒന്നും സൃഷ്ടിക്കുന്നില്ല. ദൈവം സർവ്വശക്തനായതിനാൽ ഒരു കല്പനകൊണ്ടുമാത്രം, ഇല്ലായ്മയിൽനിന്നു വസ്തുക്കളെ സൃഷ്ടിക്കാൻ അവിടുന്നേയ്ക്കു കഴിയുന്നു.

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിന്റെ കാരണമെന്തു്? എഴുതുക, വായിക്കുക, കളിക്കുക, എന്നിങ്ങനെ നിങ്ങൾ ചെയ്യുന്ന ഓരോ പ്രവൃത്തിയുടെയും പിന്നിൽ ഒരു ലക്ഷ്യമുണ്ടായിരിക്കും. ബുദ്ധിയുള്ള മനുഷ്യൻ ഉദ്ദേശ്യരഹിതമായി യാതൊന്നും പ്രവർത്തിക്കുന്നില്ല. മാനുഷികപ്രവർത്തനങ്ങളിൽ ഈ തത്വം ശരിയാണെങ്കിൽ, അനന്തബുദ്ധിയായ ദൈവത്തിൻെറ കാര്യത്തിൽ എത്രയോ കൂടുതൽ ശരിയായിരിക്കണം! എങ്കിൽ ആ ലക്ഷ്യമെന്തു്?

ദൈവം നിത്യനാണു്, അവിടുന്നു തികച്ചും പരിപൂർണ്ണനും ആനന്ദസ്വരൂപിയുമത്രേ. ദൈവത്തിൻെറ ആനന്ദം സ്വയംപരിപൂർണ്ണമായതുകൊണ്ടു്, അതിനു ബാഹ്യമായ യാതൊരു ഘടകത്തെയും ആശ്രയിക്കേണ്ടതില്ല. തന്മൂലം ദൈവം തൻെറ ആനന്ദമോ മഹത്വമോ വർദ്ധിപ്പിക്കുന്നതിലേക്കായി സൃഷ്ടികർമ്മം നിർവ്വഹിച്ചുവെന്നു വിചാരിക്കാവുന്നതല്ല. ഒരാൾ കോടീശ്വരനായിത്തീരുന്നുവെന്നിരിക്കട്ടെ. അയാൾ ഉത്തമനാണെങ്കിൽ ബന്ധുക്കളെയും സ്നേഹിതന്മാരെയും സഹായിക്കാനും, ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുമായി സ്വത്തിലൊരു ഭാഗം മാററിവെയ്ക്കും. തൻെറ സ്വത്തിൻെറ പ്രയോജനം മററുള്ളവരുമായി പങ്കുവെയ്ക്കുന്നതിൽ അയാൾ ആനന്ദം കണ്ടെത്തും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അയാളെ കടുത്ത സ്വാർത്ഥമതിയെന്നു പരിഗണിക്കണം. ദൈവത്തിൻെറ ആനന്ദത്തിനോ നന്മയ്ക്കോ അതിരില്ല. തൻെറ ആനന്ദത്തിൽ മററുള്ളവരേയും പങ്കുകാരാക്കണമെന്നു് അവിടുന്നു് ആഗ്രഹിച്ചു. തന്മൂലമാണു് ദൈവം നമ്മെ സൃഷ്ടിച്ചതു്. ദൈവത്തിൻെറ നന്മയുടെയും സ്നേഹത്തിൻെറയും ആനന്ദത്തിൻെറയും കരകവിഞ്ഞൊഴുകലാണു് ഈ പ്രപഞ്ചസൃഷ്ടി എന്നുപറയാം.

ഒരു വസ്തുവിൻെറ അസ്തിത്വത്തിനുള്ള കാരണം അതിൽത്തന്നെ സ്ഥിതിചെയ്യുന്നില്ലെങ്കിൽ അതു ബാഹ്യമായ മറെറതെങ്കിലും കാരണത്തിൽനിന്നു് ഉണ്ടായതായിരിക്കണം. സ്വയം സ്ഥിതിചെയ്യുന്നതു് ദൈവം മാത്രമാണു്. പ്രപഞ്ചവും അതിലുൾപ്പെട്ട സമസ്ത പദാർത്ഥങ്ങളും ദൈവം സൃഷ്ടിച്ചു. പ്രാചീനകാലംമുതൽ ബഹുഭൂരിപക്ഷം ജനങ്ങളുടെയും വിശ്വാസമിതായിരുന്നു. എന്നാൽ പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടി ഈ വിശ്വാസത്തിനു് കുറെ ശൈഥില്യം സംഭവിച്ചു. അതിനു ചില പ്രത്യേക കാരണങ്ങളുമുണ്ടായി. ചാൾസ് ഡാർവിൻ, ആൽഫ്രഡ്‌ റസൽവാലസ് തുടങ്ങിയ ജീവശാസ്ത്രജ്ഞന്മാർ പക്ഷികളെയും മൃഗങ്ങളെയുംകുറിച്ചു വിശദമായ പഠനം നടത്തി. ഉയന്ന വർഗ്ഗത്തിൽപ്പെട്ട പക്ഷികളും മൃഗങ്ങളും താഴ്ന്നവർഗ്ഗങ്ങൾ പരിണാമം പ്രാപിച്ചുണ്ടായതാണെന്നു് അവർ അഭിപ്രായപ്പെട്ടു. മററു ചിലരാവട്ടെ മനുഷ്യനും താഴ്ന്ന ജീവരൂപങ്ങളിൽനിന്നു പരിണാമത്തിലൂടെ രൂപംകൊണ്ടതാണെന്നു വാദിച്ചു. പ്രപഞ്ചത്തിലെ വസ്തുക്കളെത്രയും പരിണാമപ്രക്രിയയുടെ ഫലമാണെങ്കിൽ സ്രഷ്ടാവായ ഒരു ദൈവത്തിൻെറ ആവശ്യമേയില്ലെന്നു ശഠിക്കുവാനും ചിലരുണ്ടായി. അങ്ങനെ പരിണാമവാദത്തിൻെറ അടിസ്ഥാനത്തിൽ ശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗം ദൈവാസ്തിത്വത്തെ നിഷേധിച്ചു.

ഈ അഭിപ്രായത്തെപ്പററി നമുക്കു് അല്പംകൂടി സൂക്ഷ്മമായി ഒന്നു ചിന്തിക്കാം. പരിണാമവാദം ശാസ്ത്രത്തിൻെറ ഒരഭ്യൂഹമെന്നതിൽക്കവിഞ്ഞു് ഒരു തികഞ്ഞ ശാസ്ത്രവസ്തുതയായി ഇന്നും തെളിയിക്കപ്പെട്ടിട്ടില്ലയെന്നതു് ആദ്യംതന്നെ ഓർമ്മിക്കണം. ഇനി അതു് ഒരു അനിഷേധ്യവസ്തുതയായി അംഗീകരിക്കപ്പെട്ടാൽത്തന്നെയും സർവ്വശക്തനായ ഒരു സ്രഷ്ടാവിൻെറ ആവശ്യം നിഷേധിക്കപ്പെടുന്നുണ്ടോ? മനുഷ്യനുൾപ്പെടെയുള്ള ഉയർന്ന ജീവികൾ താഴ്ന്ന ജീവികളിൽനിന്നാണു് രൂപംകൊണ്ടതെന്നു സമ്മതിച്ചാൽത്തന്നെയും ശാസ്ത്രത്തിനു വിശദീകരിക്കുവാനാകാത്ത മററു ചില പ്രശ്നങ്ങൾ അവശേഷിക്കും. ഒന്നാമതായി,

ആ താഴ്ന്ന ഇനം ജീവികളിൽ പരിണാമത്തിലൂടെ ഉയർന്ന ജീവികളായിത്തീരത്തക്ക പരിണാമശക്തി ആരു നിക്ഷേപിച്ചു? ഇനി, ഏററവും താഴ്ന്ന ഇനം ജീവികളിൽത്തന്നെ ജീവൻെറ ഉല്പത്തിയെങ്ങനെ?

നിർജ്ജീവപദാർത്ഥങ്ങളിൽനിന്നു് ജീവനുള്ളവ സ്വയം രൂപപ്പെട്ടുവെന്നു വാദിച്ചാൽ അവിടെയും വൈഷമ്യമുണ്ട്. തനിക്കില്ലാത്ത ഗുണം മറെറാന്നിനു നൽകുവാൻ ഒരു വസ്തുവിനും സാദ്ധ്യമല്ല. നിർജ്ജീവമായ ജഡപദാർത്ഥങ്ങളിൽനിന്നു് ജീവനുള്ളവ സ്വയം ഉത്ഭവിച്ചുവെന്ന വാദം, പാസ്റ്ററുടെ കാലഘട്ടത്തിനുശേഷം ശാസ്ത്രജ്ഞന്മാരിൽ ഭൂരിഭാഗവും നിഷേധിച്ചിരിക്കുകയാണു്. പരിണാമവാദം ഒരു തികഞ്ഞ ശാസ്ത്രീയവസ്തുതയായി അംഗീകരിക്കപ്പെട്ടപ്പോഴും, ജീവൻെറ ആദ്യത്തെ സ്ഫുലിംഗം പ്രപഞ്ചത്തിൽ നിക്ഷേപിക്കുകയും ജീവികളിൽ പരിണാമവാസന പകരുകയും ചെയ്ത ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കപ്പെടേണ്ടതില്ലെന്നു വ്യക്തമാകും.

നിങ്ങളുടെ വീട്ടിലുള്ള റേഡിയോയെപ്പററി ഒന്നു ചിന്തിക്കുക. അതിൻെറ അതിസൂക്ഷ്മമായ സംവിധാനക്രമം ഗ്രഹിക്കുമ്പോൾ നിങ്ങൾക്കു് അതിൻെറ നിർമ്മാതാവിനെപ്പററി ആദരം തോന്നും. എന്നാൽ ആ റേഡിയോ കുറെക്കാലം കഴിയുമ്പോൾ പരിണാമത്തിലൂടെ കൂടുതൽ പരിപൂർണ്ണമായ ഒരു പുതിയ റേഡിയോയ്ക്കു ജന്മം കൊടുക്കത്തക്ക രീതിയിലാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നുകൂടി സങ്കല്പിക്കുക. കുറേക്കൂടി പൂർണ്ണമായ ഒരു പുതിയ റേഡിയോയ്ക്കു രൂപംകൊടുക്കുവാനുള്ള ശക്തികൂടി ഇപ്പോഴത്തെ റേഡിയോയിൽ നിക്ഷേപിച്ച ആ നിർമ്മാതാവിനെപ്പററി നിങ്ങൾക്കു് കൂടുതൽ ആദരവു തോന്നുകയില്ലേ? പരിണാമത്തിൻെറ സൂക്ഷ്മപ്രക്രിയകളിലൂടെ ഒരു ഏകകോശജീവിയിൽനിന്നു്, അല്ല നിർജ്ജീവമായ ഒരുപിടി മണ്ണിൽനിന്നു്, മനുഷ്യൻ എന്ന ഉന്നതജീവിക്കു് രൂപം നല്കിയ പരിണാമകർത്താവിനെക്കുറിച്ചു് നിങ്ങൾക്കു് എന്തു തോന്നുന്നു?

## ചിന്തിക്കാൻ

1. സൃഷ്ടികർമ്മം എന്നാലെന്തു്?

2. ദൈവത്തിൻെറ സൃഷ്ടികർമ്മവും കലാകാരന്മാരുടെ നിർമ്മിതിയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുക.

3. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യമെന്തു്?

4. പരിണാമവാദമെന്നാൽ എന്തു്? പരിണാമവാദവും ഈശ്വരവിശ്വാസവും തമ്മിൽ പൊരുത്തക്കുറവുണ്ടോ?

5. പ്രകൃതിയിൽ കാണുന്ന പരിണാമം ഈശ്വരാസ്തിത്വത്തെ നിഷേധിക്കുകയല്ല, പ്രത്യുത ഉറപ്പിക്കുകയാണു ചെയ്യുന്നതു്. എങ്ങനെ?

## അനുഷ്ഠിക്കാൻ

1. ലക്ഷ്യത്തിലേയ്ക്കുള്ള ബോധപൂർവ്വമായ മുന്നേററമാണു, വിജയം നൽകുന്നതു്. നമ്മുടെ ജീവിതലക്ഷ്യം ദൈവത്തെ പ്രാപിക്കുകയാണു്. അനുദിനജീവിതത്തിലെ ഓരോ പ്രവൃത്തിയും ഈ ലക്ഷ്യവുമായി പൊരുത്തപ്പെട്ടന്നുണ്ടോയെന്നു ചർച്ച ചെയ്യുക.

2. അച്ചടിച്ചുകാണുന്നതെന്തും അന്ധമായി വിശ്വസിക്കാൻ പലർക്കും ഒരു പ്രവണതയുണ്ടു്. പരിണാമവാദംപോലുള്ള അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും നിങ്ങൾ സ്വീകരിക്കുന്നതെങ്ങനെ?

# 5

# സൃഷ്ടികർമ്മം തുടർന്നുകൊണ്ടിരിക്കുന്നു

പണ്ട് ഇംഗ്ലണ്ടിലെ പ്രസിദ്ധമായ ഫുട്ബോൾ മത്സരങ്ങളിൽ നിലവിലിരുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. മത്സരം ആരംഭിക്കുന്നതിനുമുമ്പ് രാജാവ് കളിസ്ഥലത്തിന്റെ മദ്ധ്യത്തിലെത്തി പന്ത് മന്ദമായി തട്ടും. അതേത്തുടർന്നാണ് കളിക്കാർ മത്സരം ആരംഭിക്കുന്നത്. രാജാവ് തനിക്കുവേണ്ടി സജ്ജീകരിച്ചിട്ടുള്ള പീഠത്തിലിരുന്നു മത്സരം വീക്ഷിക്കും. ഈ പ്രപഞ്ചമാകുന്ന പന്ത് ആദ്യമൊന്നു ചലിപ്പിച്ചതിനുശേഷം ദൈവം കയ്യുംകെട്ടിയിരുന്ന് ആ കാഴ്ച കണ്ടുരസിക്കയാണെന്നു നാം പലപ്പോഴും സങ്കല്പിച്ചുപോകാറുണ്ട്. പ്രപഞ്ചഗോളങ്ങളുടെ ഭ്രമണംമുതൽ നമ്മുടെ ശ്വാസോച്ഛ്വാസംവരെയുള്ള എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ശക്തി തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സഹായവും ശക്തിയും കൂടാതെ നമുക്കു കണ്ണുതുറക്കുവാൻ പോലും കഴിവില്ലെന്നതാണു സത്യം. തന്മൂലം പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും ദൈവം തന്റെ ശക്തിയിലൂടെ സന്നിഹിതനാണെന്നു നാം പറയുന്നു. മററു വാക്കുകളിൽ ദൈവം സൃഷ്ടികർമ്മം അനുസ്യൂതം തുടരുകയാണ്.

പ്രപഞ്ചത്തിലെ സൃഷ്ടികളെല്ലാം ഈശ്വരന്റെ സാന്നിദ്ധ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. വയലിലെ പുഷ്പങ്ങളും ആകാശത്തിലെ നക്ഷത്രങ്ങളും വർണ്ണശബളമായ മഴവില്ലുമെല്ലാം ഈശ്വരൻെറ വഴിത്താരയിൽ പതിഞ്ഞ പാദമുദ്രകളാണെന്നു കവികൾക്കു വർണ്ണിക്കാവുന്നതേയുള്ളു. ഒട്ടകത്തിൻെറ മണലിൽപ്പതിഞ്ഞ കാല്പാടുകൾ ഒട്ടകം നടന്നകന്നതിനുശേഷവും അവിടെ നിലനിന്നുകൊള്ളും. എന്നാൽ ഈശ്വരൻെറ പാദമുദ്രകളായ സൃഷ്ടികളുടെ അസ്തിത്വത്തിൻെറ ഓരോ നിമിഷത്തിലും ഈശ്വരൻ അവയെ താങ്ങിക്കൊണ്ടിരിക്കുന്നു. പ്രപഞ്ചവും അതിലെ വസ്തുജാലങ്ങളും അസ്തിത്വത്തിൽ തുടർന്നുപോകുന്നതു് ഈശ്വരശക്തിയുടെ പ്രവർത്തനംകൊണ്ടാണെന്നു ചുരുക്കം. സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ഈ ഗാഢബന്ധത്തെപ്പററി അല്പംകൂടി സൂക്ഷ്മമായി ഈ അദ്ധ്യായത്തിൽ നമുക്കു പരിചിന്തിക്കാം.

വസ്തുക്കൾ അഭാവാവസ്ഥയിൽനിന്നു് ഭാവാവസ്ഥയിലേക്കു്, ശൂന്യതയിൽനിന്നു് അസ്തിത്വത്തിലേക്കു് കടന്നുവരുന്നതു് ഈശ്വരൻെറ സൃഷ്ടികർമ്മത്തിലൂടെയാണെന്നു കഴിഞ്ഞ പാഠത്തിൽ വിവരിച്ചു. ഈശ്വരസൃഷ്ടിയും കലാസൃഷ്ടിയും തമ്മിലുള്ള വ്യത്യാസവും ചൂണ്ടിക്കാണിക്കുകയുണ്ടായി. മൈക്കൾ ആഞ്ചലോയുടെയും ഡാവിഞ്ചിയുടെയും മററും ചിത്രങ്ങൾ ആ കലാകാരന്മാർ മരിച്ചുമണ്ണടിഞ്ഞിട്ടു് നൂററാണ്ടുകൾ കഴിഞ്ഞെങ്കിലും ഇന്നും ജീവിക്കുന്നില്ലേ? എന്നാൽ ദൈവപരിപാലനയുടെ കരം പിൻവലിക്കപ്പെടുന്ന ആ നിമിഷത്തിൽ ഈശ്വരൻെറ കലാസൃഷ്ടിയായ ഈ പ്രപഞ്ചം അസ്തിത്വത്തിൽനിന്നു ശൂന്യതയുടെ അഗാധഗർത്തത്തിലേക്കു നിപതിച്ചുപോകും.

മത്സ്യങ്ങൾക്കു് ജലത്തിലേ ജീവിക്കാൻ കഴിയൂ. അതിനു സഹായകമായ രീതിയിലാണു് അവയുടെ ശരീരഘടന. മത്സ്യങ്ങളെ ജലമെന്നപോലെ നമ്മെ ഈശ്വരശക്തി ആവരണം ചെയ്തിരിക്കുന്നു. ജലത്തിൽനിന്നു വെളിയിലേക്കു് എറിയപ്പെട്ട മത്സ്യങ്ങൾക്കെന്നപോലെ ഈശ്വരശക്തിയുടെ പരിധിക്കുപുറത്തു് നമുക്കു് അസ്തിത്വമേ ഇല്ല. ദൈവം പരിപൂർണ്ണനന്മയായതുകൊണ്ടു് താൻ സൃഷ്ടിച്ചവയെ എല്ലാം അവിടുന്നു് സ്നേഹപൂർവ്വം സംരക്ഷിക്കുന്നു. ഓരോ സൃഷ്ടിക്കും അതതിൻെറ ലക്ഷ്യത്തിലെ

ത്തിച്ചേരാനുള്ള എല്ലാ മാർഗ്ഗങ്ങളും ദൈവം നൽകുന്നുണ്ട്. അങ്ങനെ ദൈവം സൃഷ്ടികളെ ലക്ഷ്യത്തിലേക്കു സ്നേഹപൂർവ്വം നയിക്കുന്ന പ്രവൃത്തിക്കാണു് ദൈവപരിപാലനം എന്നു പറയുന്നതു്.

ദൈവം പ്രപഞ്ചത്തെ പൊതുവിൽ ഭരിക്കുകയും നിയന്ത്രിക്കുകയും മാത്രമല്ല ചെയ്യുന്നതു. വ്യക്തികളെന്ന നിലയിൽ മനുഷ്യരുടെ അനുദിനജീവിതത്തിലെ നിസ്സാരസംഭവങ്ങളെപ്പോലും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു ദൈവമാണു്. സ്നേഹസമ്പന്നനായ ഒരു പിതാവിനെപ്പോലെ ജീവിതത്തിൻെറ ഓരോ നിമിഷത്തിലും അവിടുന്നു് നമ്മെ സംരക്ഷിക്കുന്നു. ദൈവം നമ്മുടെ നന്മയ്ക്കുവേണ്ടി എല്ലാം ചെയ്യുന്നു. നമുക്കു നന്മയായിട്ടുള്ളതു് എന്തെന്നു നാം അറിയുന്നതിനേക്കാൾ വ്യക്തമായി അവിടുന്നു് അറിയുന്നു.

നിരീശ്വരവാദിയായ വോൾട്ടയർ ഒരിക്കൽ പറഞ്ഞു: "ദൈവം ഇല്ലെങ്കിൽ മനുഷ്യനു് ഒരു ദൈവത്തെ സൃഷ്ടിക്കേണ്ടതായിവരും." ഈ പ്രസ്താവത്തിൽ ഒരു വലിയ സത്യം ഒളിഞ്ഞു കിടപ്പുണ്ട്. പ്രപഞ്ചത്തിൽ പ്രതിഫലിച്ചുകാണുന്ന ഈശ്വരശക്തിയെ അംഗീകരിക്കുന്നതു ഭക്തിയുടെ പ്രശ്നമല്ല യുക്തിയുടേതാണു്. സൃഷ്ടികളിൽനിന്നു സ്രഷ്ടാവിനെ കണ്ടെത്തണമെന്നു സാമാന്യബുദ്ധി നമ്മോടു് അനുശാസിക്കുന്നു. ഭിത്തിയിൽ ഒരു കോട്ടു തൂങ്ങിക്കിടക്കുന്നതു കാണുമ്പോൾ അതിനെ താങ്ങിനിറുത്തുന്ന ഒരാലംബം അവിടെ ഉണ്ടായിരിക്കണമെന്നു ഗ്രഹിക്കാൻ വലിയ പാണ്ഡിത്യമൊന്നും വേണ്ട. പക്ഷേ വിവിധ വിജ്ഞാനശാഖകളിൽ അഗാധപാണ്ഡിത്യം നേടിയിട്ടുണ്ടെന്നു് അവകാശപ്പെടുന്ന ചിലർ ഈ സാമാന്യബുദ്ധി പ്രകടിപ്പിക്കാത്തതിനു പല ഉദാഹരണങ്ങളുണ്ട്. അവർ വസ്തുതകളെ അവയുടെ ശരിയായ പശ്ചാത്തലത്തിൽ പഠിക്കുന്നില്ലെന്നതാണു് അതിനു കാരണം. ഒരു വ്യക്തിയുടെ കണ്ണുകൾ മനോഹരമാണെന്നു നാം പറയുന്നുവെന്നിരിക്കട്ടെ. മുഖമാകുന്ന പശ്ചാത്തലത്തിൽ വർത്തിക്കുമ്പോഴേ കണ്ണുകൾക്കു സൗന്ദര്യമുള്ളൂ. മനോഹരമെന്നു വിശേഷിപ്പിക്കേണ്ട കണ്ണുകൾ പിഴുതെടുത്തു് ഒരു താലത്തിൽ നമ്മുടെ

മുമ്പിൽ വച്ചാലോ? ദൈവശക്തിയുടെ വെളിച്ചത്തിൽ പഠിക്കു മ്പോഴേ പ്രപഞ്ചവസ്തുക്കളുടെ യാഥാർത്ഥ്യം ഗ്രഹിക്കാൻ നമുക്കു കഴിയൂ.

ചില ആളുകൾ പ്രപഞ്ചത്തിൽനിന്നും ദൈവത്തെ മാററി യിട്ട് ആ സ്ഥാനത്തു മനുഷ്യനെ പ്രതിഷ്ഠിക്കുന്നു. മനുഷ്യനു കൂടുതൽ പ്രാധാന്യം നൽകുവാനുള്ള ഒരു പരിശ്രമമാണിതു്. പക്ഷേ ഇതു് കഴുത്തിനു ശരീരത്തിൻെറ ഏററവും മുകളിൽ സ്ഥാനം ലഭിക്കാൻവേണ്ടി ശിരസ്സു ഛേദിച്ചുകളയുന്നതുപോ ലുള്ള ഒരു പ്രവൃത്തിയാണ്. എല്ലാ അസ്തിത്വത്തിൻെറയും അടി സ്ഥാനവും ആലംബവും ദൈവമാണ്. ദൈവത്തെ അകററിനി റുത്തിയാൽപ്പിന്നെ പ്രപഞ്ചത്തിനു് ഒരു വിശദീകരണമില്ല. ''പ്രകൃതി ദൈവത്തിൻെറ വളത്തുപുത്രിയാണ്. പിതാവിൻെറ സ്നേഹിതരുടെ നേക്ക് അവൾ സൗഹൃദഹസ്തം നീട്ടുന്നു.'' എന്നു് ആംഗലകവിയായ ഫ്രാൻസിസ് തോംപ്സൺ പാടിയിട്ടു ള്ളതു് തികച്ചും സാത്ഥകമത്രേ.

## ചിന്തിക്കാൻ

1. ദൈവപരിപാലനത്തിൻെറ അർത്ഥമെന്തു്?

2. ദൈവത്തിൻെറ സൃഷ്ടിയും കലാകാരൻെറ നിമ്മിതിയും അസ്തിത്വത്തിൽ തുടർന്നുപോകുന്നതു തമ്മിലുള്ള വ്യത്യാസ മെന്തു്?

## അനുഷ്ഠിക്കാൻ

1. സംഭവിക്കാമായിരുന്ന ചില അപകടങ്ങളിൽനിന്നു നിങ്ങൾ രക്ഷപ്പെട്ട അനുഭവങ്ങൾ പറയുക. അവയിൽ നിങ്ങൾ ദൈവപരിപാലനയുടെ പ്രവത്തനം ദർശിച്ചിട്ടുണ്ടോ?

2. തിന്മയിൽനിന്നു നന്മ പുറപ്പെടുവിക്കുന്നതു് ദൈവപ രിപാലനയുടെ പ്രവത്തനമാണ്.

ഈ സത്യം ഗ്രഹിക്കുന്നവക്ക് പലപ്പോഴും മനസ്സമാധാന ത്തോടെ ജീവിക്കാൻ സാധിക്കും. ഈ യാഥാർത്ഥ്യത്തിൻെറ വെളിച്ചത്തിൽ നിങ്ങൾ ക്ലേശങ്ങളെ അഭിമുഖീകരിക്കുന്നവിധം വിശദമാക്കുക.

# 6

# ദൈവവുമായി ഒരു സുഹൃദ്സംഭാഷണം

പ്രാചീനകാലത്തു് ജപ്പാനിലെ ചക്രവത്തി തൻെറ പ്രജ കളിൽ ചിലരെ കൂടിക്കാഴ്ചയ്ക്കു ക്ഷണിക്കുക പതിവായിരുന്നു. ഒരു പ്രജയ്ക്കു ലഭിക്കാവുന്നതിൽ ഏററവും വലിയ ബഹുമതിയായിരുന്നു ആ ക്ഷണം. ക്ഷണിക്കപ്പെട്ടുന്നവക്ക് ചക്രവത്തിയെ നേരിട്ടു കാണുവാൻ സാദ്ധ്യമല്ല. അദ്ദേഹം ഒരു യവനികയുടെ പിന്നിൽ വത്തിക്കുകയേയുള്ളു, എങ്കിലും അവർ ചക്രവത്തിയെ നേരിട്ടു മുൻപിൽ കണ്ടാലെന്നവിധം വിനയാദരങ്ങളോടെ പെരുമാറിപ്പോന്നു. രാജാധിരാജനായ ദൈവം ഒരു കൂടിക്കാഴ്ചയ്ക്കും സുഹൃദ്സംഭാഷണത്തിനുമായി നമ്മെ ക്ഷണിക്കുന്നു. ഈ പ്രപഞ്ചമാകുന്ന തിരശ്ശീലയ്ക്കുപിന്നിൽ അവിടുന്നു അദൃശ്യനായി വത്തിക്കുന്നുവെന്നേയുള്ളു. അവിടുത്തോടു നാം നടത്തുന്ന സ്നേഹഭാഷണത്തിനാണു് പ്രാത്ഥന എന്നു പറയുന്നതു്.

പ്രാർത്ഥിക്കണമെന്നു് എല്ലാ മതങ്ങളും അനുയായികളെ ഉപദേശിക്കുന്നുണ്ടു്. പ്രാർത്ഥന മതത്തിൻെറ ഒരു അനുശാ

സനംമാത്രമല്ല, മനുഷ്യപ്രകൃതിയുടെതന്നെ ഒരാവശ്യമാണ്. മനുഷ്യനെ മൃഗത്തിൽനിന്നു വേർതിരിക്കുന്ന ഒരു പ്രധാന ഘടകമാണു പ്രാത്ഥന. വ്യക്തമായ മതവിശ്വാസമില്ലാത്ത ആളുകൾ പോലും ജീവിതത്തിലെ ചില അപകടവേളകളിൽ ദൈവനാമം വിളിച്ചപേക്ഷിക്കുന്നതു നാം കണ്ടിട്ടുണ്ട്. "നിങ്ങൾ പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നപക്ഷം കടലിലേയ്ക്കു പോവുക" എന്നു് മുക്കുവന്മാരുടെയിടയിൽ ഒരു പഴമൊഴിതന്നെയുണ്ട്. പ്രക്ഷുബ്ധമായ തിരമാലകളെ മുറിച്ച് ചെറുതോണികളിൽ പുറംകടലിലേയ്ക്കുപോകുന്ന മുക്കുവന്മാർക്ക് പ്രാർത്ഥനയിലുള്ള വിശ്വാസം എത്ര അഗാധമാണെന്നു് ഈ പഴമൊഴി വ്യക്തമാക്കുന്നു. ടൈററാനിക്ക് എന്ന യാത്രക്കപ്പൽ അററ്ലാൻറിക്ക് കടലിൽ താഴാൻതുടങ്ങിയ സന്ദർഭത്തിൽ, അതുവരെ നത്തനഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്ന ഗായകസംഘം ആരും ആവശ്യപ്പെടാതെതന്നെ പ്രാർത്ഥനാഗാനങ്ങൾ മുഴക്കുകയുണ്ടായത്രേ!

നമ്മുടെ മനസ്സിനെയും ഹൃദയത്തെയും ദൈവത്തിൻപക്കലേയ്ക്ക് ഉയത്തുന്നതാണ് യഥാർത്ഥമായ പ്രാർത്ഥന. പ്രാർത്ഥിക്കുന്ന ഒരു വ്യക്തി ദൈവവും താനുമായുള്ള ബന്ധം ശരിക്കു ഗ്രഹിക്കുന്നുവെന്നു പറയാം. ദൈവത്തിനു നമ്മുടെമേലുള്ള പരിപൂർണ്ണമായ ആധിപത്യവും, നമുക്ക് അവിടുത്തെനേക്കുള്ള സമ്പൂർണ്ണമായ ആശ്രയത്വവുമാണ് ഈ ബന്ധത്തിലെ പ്രധാന വസ്തുത. പക്ഷേ നാം പലപ്പോഴും പ്രാർത്ഥനയുടെകാര്യത്തിൽ കൊച്ചുകുട്ടികളെപ്പോലെയാണു പെരുമാറുന്നതു്. കളിപ്പാട്ടങ്ങൾക്കോ, മററുതുപോലുള്ള ആവശ്യങ്ങൾക്കോ ആയി കുട്ടികൾ മാതാപിതാക്കന്മാരെ ശാഠ്യപൂർവ്വം നിർബന്ധിക്കാറുണ്ടല്ലോ. അതുപോലെ തങ്ങൾക്കാവശ്യമുള്ള കാര്യങ്ങളുടെ ഒരു ലിസ്റ്റുമായി ദൈവത്തെ സമീപിക്കുന്നതാണു പ്രാർത്ഥനയെന്നു് ചിലർക്കൊരു ധാരണയുണ്ടു്. ദൈവം സർവ്വശക്തനും സ്നേഹനിധിയുമായ പിതാവായതുകൊണ്ടു് നമുക്കാവശ്യമുള്ള കാര്യങ്ങൾക്കായി അവിടുത്തോടു പ്രാർത്ഥിക്കുന്നതിൽ തെററില്ല. പക്ഷേ

അവിടംകൊണ്ടുമാത്രം അവസാനിപ്പിക്കുന്നപക്ഷം നമ്മുടെ പ്രാർത്ഥന സ്വാർത്ഥതനിറഞ്ഞതാകും. സൃഷ്ടികളിൽ പ്രതിഫലിക്കുന്ന ദൈവത്തിൻെറ മഹത്വത്തിൽ അവിട്ടത്തെ സ്തുതിക്കുവാനും നമുക്കു ലഭിച്ചിരിക്കുന്ന ദാനങ്ങളുടെപേരിൽ കൃതജ്ഞത പ്രകാശിപ്പിക്കുവാനും നമുക്കു ചുമതലയുണ്ടു്. മാത്രമല്ല, ഈശ്വരഹിതത്തിനെതിരായി നാം പ്രവൎത്തിച്ചിട്ടുള്ള സന്ദർഭങ്ങളുടെ പേരിൽ അവിട്ടത്തോടു ക്ഷമാപണംചെയ്യുവാനും നാം ബാദ്ധ്യസ്ഥരാണു്. ഒരു സ്നേഹിതൻെറ ദേഹത്തു അറിയാതൊന്നു ചവിട്ടിപ്പോയാൽ ''ക്ഷമിക്കണം'' എന്നു പറയേണ്ടതു് മര്യാദയാണെന്നു സംസ്കാരബോധമുള്ളവർ കരുതുന്നില്ലേ? അങ്ങനെയെങ്കിൽ നമ്മുടെ ജീവനൾപ്പടെ സമസ്തവസ്തുക്കളും നമുക്കു നൽകിയിട്ടുള്ള പിതാവായ ഈശ്വരനെ ബോധപൂൎവ്വം പലപ്പോഴും ധിക്കരിച്ചിട്ടുള്ള നമ്മൾ ആത്മാർത്ഥമായ ദുഃഖത്തോടെ ''ക്ഷമിക്കണമേ" എന്നു് അവിട്ടത്തോടു പറയേണ്ടതാണല്ലോ. അങ്ങനെ പ്രാർത്ഥനയിൽ ആരാധന, കൃതജ്ഞത, ക്ഷമാപണം, അർത്ഥന എന്നിങ്ങനെ നാലു കാര്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നു വ്യക്തമായി.

ദൈവത്തോടു നാം പ്രാർത്ഥിക്കുന്നതു് വിനയാന്വിതമായ മനോഭാവത്തോടെയാവണം. ആദ്യമായിത്തന്നെ ദൈവസാന്നിദ്ധ്യത്തെപ്പററി അനുസ്മരിക്കുക. ആന്തരികവും ബാഹ്യവുമായ ആദരവോടെവേണം ദൈവസാന്നിദ്ധ്യത്തിൽ നാം വൎത്തിക്കുവാൻ. പ്രാർത്ഥനയിൽനിന്നു നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന മറെറല്ലാ വിചാരങ്ങളുമകററി, മാനസികമായ ഏകാഗ്രത ദീക്ഷിക്കുന്നതാണു് ആന്തരികമായ ആദരവു്. പ്രാർത്ഥനയ്ക്കു യോജ്യമായ ഒരു ശാരീരിക നിലപാടു് (Posture) സ്വീകരിക്കുന്നതിലാണു് ബാഹ്യമായ വിനയം അടങ്ങിയിരിക്കുന്നതു്. മാതാപിതാക്കന്മാരുടെയും ഗുരുജനങ്ങളുടെയും സാന്നിധ്യത്തിൽ ശാരീരികചേഷ്ടകളിൽപ്പോലും ഒരു വിനയഭാവം നാം പ്രകടിപ്പിക്കാറുണ്ടല്ലോ. ദൈവസന്നിധിയിലാകുമ്പോൾ നാം എത്രമേൽ കൂടുതൽ വിനയം പ്രദർശിപ്പിക്കണം! ഭാരതീയ യോഗികൾ ഈശ്വരധ്യാനാവസരങ്ങളിൽ ചില പ്രത്യേക ആസനങ്ങൾ സ്വീകരിക്കാറുണ്ടായിരുന്നു. മുട്ടുകുത്തിയോ, ചമ്രംപട

ഞ്ഞിരുന്നോ, മററേതെങ്കിലും ഉചിതമായ ശാരീരികനിലപാട്ട സ്വീകരിച്ചുകൊണ്ടോ നമുക്ക പ്രാർത്ഥിക്കാവുന്നതാണ്. ബാഹ്യലോകത്തുനിന്നു സംവേദനങ്ങളെ നമ്മുടെ ഉള്ളിലേയ്ക്കു കടത്തിവിടുന്നതു് പഞ്ചേന്ദ്രിയങ്ങളാണ്. തന്നിമിത്തം പ്രാത്ഥനാസമയത്തു് പഞ്ചേന്ദ്രിയങ്ങളെ—പ്രത്യേകിച്ചു നേത്രങ്ങളെ—നിയന്ത്രിക്കുന്നതു് ഈശ്വരനിൽ മനസ്സിനെ ഏകാഗ്രമായി കേന്ദ്രീകരിക്കുവാൻ സഹായിക്കും. കൈകൾ കൂപ്പി, കണ്ണുകൾ അടച്ചുകൊണ്ടുള്ള ശാരീരികനില പ്രാത്ഥനാപരമായ ചൈതന്യത്തിൻെറ പ്രതീകമാണ്.

വാചികമെന്നും മാനസികമെന്നും പ്രാർത്ഥന രണ്ടുതരമുണ്ട്. വാചിക പ്രാർത്ഥനയിൽ സാധാരണമായി ഏതെങ്കിലും കീർത്തനങ്ങളോ, ഗാനങ്ങളോ, ജപങ്ങളോ ഉരുവിടുകയാണു പതിവ്. സന്ധ്യാവേളയിൽ ഹൈന്ദവഭവനങ്ങളിൽനിന്നുയരുന്ന നാമോച്ചാരണങ്ങളും, ക്രൈസ്തവരുടെ സന്ധ്യാനമസ്കാരവും, മുഹമ്മദീയദേവാലയങ്ങളിൽനിന്നുയരുന്ന പ്രാർത്ഥനകളും വാചിക പ്രാർത്ഥനയ്ക്കു് ഉദാഹരണങ്ങളത്രെ. മാനസിക പ്രാർത്ഥനയിൽ നാം ഈശ്വരപരമായ ഏതെങ്കിലും ചിന്തകൾ മനസ്സിലുറപ്പിച്ച് അതിൻെറ വിവിധ വശങ്ങളെപ്പററി അനുധ്യാനം നടത്തുന്നു. ഈ പ്രാർത്ഥനയിൽ വാക്കുകൾ ഉരുവിടുന്നില്ലെങ്കിലും ഹൃദയവും മനസ്സും ഏകാഗ്രമായി ഉറപ്പിച്ചു നിറുത്തേണ്ടതാവശ്യമാണ്. ധ്യാനിക്കുന്ന സത്യം കൂടുതൽ സജീവമായി മനസ്സിലുറയ്ക്കാനും അതിൽനിന്നു പ്രായോഗികഫലങ്ങൾ ശേഖരിക്കാനും മനഃപ്രാർത്ഥന കൂടുതൽ സഹായിക്കും. ഈശ്വരസമ്പർക്കത്തിലൂടെ ആദ്ധ്യാത്മിക ജീവിതത്തിൽ കുറെയേറെ പുരോഗമിച്ചവർക്കു് മനഃപ്രാർത്ഥന താരതമ്യേന പ്രയാസരഹിതമത്രെ. പ്രകൃതിയിലെ നിസ്സാരവസ്തുക്കളുടെ ദർശനംപോലും അവരെ പ്രാത്ഥനാന്തരീക്ഷത്തിലേക്കു നയിച്ചുകൊള്ളും. മനോഹരമായൊരു പനിനീർപ്പൂവിൻെറയോ മഴവില്ലിൻെറയോ ദർശനത്തിൽ ലയിച്ചു് മണിക്കൂറുകളോളം ഈശ്വരധ്യാനത്തിൽ കഴിയുന്ന ഭക്തന്മാരും യോഗികളുമുണ്ടത്രെ!

തങ്ങളെ പ്രാർത്ഥിക്കേണ്ടവിധം പഠിപ്പിക്കണമെന്നു് യേശുക്രിസ്തുവിനോടു് ശിഷ്യന്മാർ അപേക്ഷിച്ചു. അതിനുത്തരമായി യേശു അവരെ മനോഹരമായൊരു പ്രാർത്ഥന പഠിപ്പിക്കുകയുണ്ടായി. ആ പ്രാർത്ഥനയിൽ ദൈവത്തെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു സംബോധന ചെയ്യണമെന്നാണു് യേശു പഠിപ്പിച്ചതു്. പ്രാർത്ഥനയിൽ നാം ദൈവത്തോടു സ്വീകരിക്കേണ്ട മനോഭാവമെന്തെന്നു് ഈ സംബോധന വിശദമാക്കുന്നു. നാം ദൈവത്തെ പിതാവായി പരിഗണിക്കണം. മക്കൾ അച്ഛനോടു് ഏതെങ്കിലും കാര്യങ്ങൾ ആവശ്യപ്പെടുമ്പോൾ, അവർക്കു് സ്നേഹവും വിശ്വാസവും, പ്രതീക്ഷയും ഉണ്ടായിരിക്കും. നമ്മളും ഇതേ മനോഭാവത്തോടെ ദൈവത്തോടു് പ്രാർത്ഥിക്കണമെന്നാണു് യേശു പഠിപ്പിച്ചതു്.

എപ്പോഴാണു നാം പ്രാർത്ഥിക്കേണ്ടതു്? എപ്പോൾ വേണമെങ്കിലും പ്രാർത്ഥിക്കാം. ഒരു ഉന്നതവ്യക്തിയുടെ മുന്നിൽ പ്രവേശനം ലഭിക്കാൻ ഒരുപക്ഷെ, മണിക്കൂറുകൾ തന്നെ നാം കാത്തു നിൽക്കേണ്ടിവരും. എന്നാൽ പ്രാർത്ഥനയിലൂടെ ദൈവസന്നിധിപൂകുവാൻ നമുക്കു് ഒരു നിമിഷംമതി. ദിവസത്തിൽ എവിടെവെച്ചും എപ്പോൾവേണമെങ്കിലും പ്രാർത്ഥിക്കാമെന്നിരുന്നാലും നാം പലപ്പോഴും ബഹുകാര്യവ്യഗ്രരാകയാൽ അതിനു കഴിഞ്ഞു എന്നു വരികയില്ല. അതിനാൽ പ്രഭാതത്തിലും സന്ധ്യാവേളയിലും പതിവായി പ്രാർത്ഥിക്കുമെന്നു് ഒരു നിഷ്ഠ വയ്ക്കണം. പ്രഭാതത്തിലുണർന്നാലുടൻ, മറെറാരു ദിവസംകൂടി നമുക്കു നൽകിയതിനു ദൈവത്തിനു നന്ദിപറയുകയും ആ ദിവസത്തെ അവിടുത്തേയ്ക്കു സമർപ്പിക്കുകയും ചെയ്യുക. സന്ധ്യാവേളയിൽ അന്നത്തെ നേട്ടങ്ങളും നഷ്ടങ്ങളും ഈശ്വരനു കാഴ്ചവയ്ക്കണം. ദൈവത്തിനു് അഹിതകരമായി അന്നു് എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ മാപ്പിരക്കാനും മറന്നുപോകരുതു്.

## ചിന്തിക്കാൻ

1. പ്രാർത്ഥന എന്നാലെന്തു്? വിവിധതരം പ്രാർത്ഥനകളെ വിശദീകരിക്കുക.

2. 'പ്രാർത്ഥിക്കണമെങ്കിൽ കടലിൽ പോവുക' എന്ന ചൊല്ലിൻെറ അർത്ഥമെന്തു്?

3. പ്രാർത്ഥിക്കുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മാനസിക ഭാവം എന്തായിരിക്കണം?

4. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൻെറ അംഗീകരണമാണ് പ്രാർത്ഥന. വിശദീകരിക്കുക.

5. പ്രഭാതസന്ധ്യാ പ്രാർത്ഥനകളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ?

## അനുഷ്ഠിക്കാൻ

1. പ്രാർത്ഥനയുടെ നാലു ഘടകങ്ങളിൽ ഏതിനാണു നിങ്ങൾ പ്രാധാന്യം കല്പിക്കുന്നത്? ഓരോന്നിനും അർഹമായ സ്ഥാനം നൽകുന്നുണ്ടോയെന്നു പരിശോധിക്കുക.

2 പ്രാർത്ഥനയോടുള്ള നിങ്ങളുടെ മനോഭാവമെന്ത്? എപ്പോഴൊക്കെ നിങ്ങൾ പ്രാർത്ഥിക്കുന്നു?

രാവിലെയും വൈകിട്ടും അല്പസമയത്തേയ്ക്കെങ്കിലും, മൗനമായിരുന്ന് ഈശ്വരനുമായി സംഭാഷണം നടത്തുമെന്ന് ഒരു നിശ്ചയമെടുക്കുക.

# 7

# ഈശ്വരാരാധന

ലോകചരിത്രത്തിൽ മഹാത്മാരായി പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന പല വ്യക്തികളുമുണ്ട്. സാഹിത്യം, ശാസ്ത്രം, തത്വചിന്ത, ഗവേഷണം, മനുഷ്യസേവനം എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ വിലപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുള്ളവരാണ് അവരിൽ മിക്കവരും. അശോകൻ, ബുദ്ധൻ, ഗാന്ധിജി, ടാഗോർ, ലിങ്കൺ, ന്യൂട്ടൻ എന്നിവരെല്ലാം മഹാത്മാരുടെ നിരയിൽപ്പെടുന്നു. ഇവരിൽ പലരുടെയും ചരിത്രങ്ങൾ നിങ്ങൾ വായിച്ചുകാണും. നിങ്ങൾ പരിചയിച്ചിട്ടുള്ള മഹാത്മാരിൽ നിങ്ങളെ ഏററവും കൂടുതൽ ആകർഷിച്ചിട്ടുള്ളതു് ആരാണ്? ഗാന്ധിജിയോ, ലിങ്കനോ, ഡാമിയനോ, ഫ്ളോറൻസ് നൈററിംഗയിലോ, സ്വാമിവിവേകാനന്ദനോ മററാരെങ്കിലുമോ ആയിരിക്കാം. അവരിൽ പ്രത്യക്ഷപ്പെടുന്ന ത്യാഗനിഷ്ഠ, മനുഷ്യസ്നേഹം, ധീരത, വിജ്ഞാനം തുടങ്ങിയ ഗുണങ്ങളിലേതെങ്കിലുമാവാം നിങ്ങളെ അവരിലേയ്ക്കാകർഷിച്ചതു്. ഏതായാലും ഒരു കാര്യം വ്യക്തമാണ്. നന്മ, സത്യം, സേവനം, വിജ്ഞാനം തുടങ്ങിയ ഗുണങ്ങൾ മനുഷ്യനെ ആകർഷിക്കുന്നു. അവ. സാധാരണയിൽക്കവിഞ്ഞ ഒരളവിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾ നമ്മുടെ ആദരവും ബഹുമാനവും പിടിച്ചുപററുകയുംചെയ്യുന്നു.

എന്നാൽ മനുഷ്യനു സങ്കല്പിക്കുവാൻ സാധിക്കുന്ന സമസ്ത നന്മകളുടെയും പരമമായ പരിപൂർണ്ണതയാണ് ദൈവം. അവിടുന്ന് അനന്തമായ ശക്തിയും കാരുണ്യവും വിജ്ഞാനവും സ്നേഹവും സൗന്ദര്യവും എല്ലാമാണ്. ശക്തി മനുഷ്യനെ ആകർഷിക്കുന്നു. ഇക്കാണായ സമസ്ത പ്രപഞ്ചത്തെയും സൃഷ്ടിച്ചു സംരക്ഷിച്ചുപോരുന്ന ഈശ്വരശക്തിയെക്കാൾ വലിയൊരു ശക്തിയെക്കുറിച്ച് നമുക്കു സങ്കല്പിക്കുവാൻപോലും സാധിക്കുമോ? മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നത് അവർ നമ്മോടു പ്രദർശിപ്പിക്കുന്ന സ്നേഹത്തിൻെറ അടിസ്ഥാനത്തിലാണ്. എന്നാൽ കായികവും മാനസികവുമായ എല്ലാ കഴിവുകളും, അസ്തിത്വം തന്നെയും, നമുക്കു നൽകിയിരിക്കുന്ന ഈശ്വരനെക്കാൾ കൂടുതലായി നമ്മോട്ട് സ്നേഹവായ്പു പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു് ആരാണ്? വിജ്ഞാനത്തെ നാം വിലമതിക്കുന്നു. എന്നാൽ ലോകത്തിലെ പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാർ നിരന്തരം ഗവേഷണങ്ങൾ തുടർന്നിട്ടും ഇനിയും പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കാത്ത മട്ടിൽ അത്രയേറെ ഗഹനങ്ങളായ രഹസ്യങ്ങൾ പ്രകൃതിയിൽ നിക്ഷേപിച്ച ഈശ്വരനെക്കാൾ വലിയ വിജ്ഞാനിയാരു്? സുന്ദരചിത്രങ്ങളുടെ സ്രഷ്ടാക്കളായ കലാകാരന്മാരെ നാം ബഹുമാനിക്കുന്നു. എന്നാൽ ഈശ്വരസൃഷ്ടമായ പ്രകൃതിസൗന്ദര്യത്തിനു മുൻപിൽ കലാകാരന്മാർ മെനഞ്ഞെടുക്കുന്ന കൃത്രിമസൗന്ദര്യം എത്ര നിഷ്പ്രഭമാണ്! രാജാക്കന്മാരെ അന്നദാതാക്കളായി സങ്കല്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ പ്രകൃതിശക്തികളെ നിയന്ത്രിക്കുകയും, ശീതോഷ്ണസ്ഥിതി ക്രമീകരിക്കുകയും, ഋതുഭേദങ്ങൾ സംവിധാനം ചെയ്യുകയും അങ്ങനെ ഭൂമിയെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുകയും ചെയ്യുന്ന ഈശ്വരനല്ലേ ശരിയായ അർത്ഥത്തിൽ അന്നദാതാവു്?

അങ്ങനെ ഈശ്വരൻെറ ശക്തിയും സൗന്ദര്യവും സ്നേഹവുമെല്ലാം മനുഷ്യരുടെ സങ്കല്പസീമകളെപ്പോലും അതിലംഘിക്കുന്നതിനാൽ പരമമായ ആരാധനയും ആദരവും അർഹിക്കുന്നതു് അവിടുന്നു മാത്രമാണ്. പ്രാചീനകാലം മുതൽ മനുഷ്യൻ ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ഈശ്വരനെ ആരാധിച്ചുപോന്നു. പുരാതന റോമൻ ചരിത്രകാരനായ പ്ളൂട്ടാർക്ക് എഴുതി: "നാം ലോകംമുഴുവൻ ചുററിസഞ്ചരിക്കുന്നപക്ഷം, കോട്ടകളോ, അക്ഷരവിദ്യയോ, രാജാക്കന്മാരോ ധനമോ, നാണയങ്ങളോ,

വിദ്യാലയങ്ങളോ, നാടകശാലകളോ ഇല്ലാത്ത പട്ടണങ്ങൾ കണ്ടു വെന്നുവരാം. എന്നാൽ ആരാധനാലയങ്ങളും, ആരാധനയും, പ്രാർത്ഥനയും മററതുപോലുള്ള കാര്യങ്ങളും ഇല്ലാത്ത ഒരു പട്ട ണവും ഒരിടത്തും കാണുവാൻ സാധിക്കുകയില്ല.'' കുറെ വർഷ ങ്ങൾക്കുമുൻപ് ഗവേഷകന്മാർ വടക്കെ ഇന്ത്യയിലെ മോഹൻ ജദാരോ, ഹാരപ്പാ, എന്നിവിടങ്ങളിൽ ഭൂഖനനം നടത്തി. തത്ഫലമായി സിന്ധുതടനാഗരികത എന്നപേരിൽ ഏതാണ്ട് അയ്യായിരം വർഷങ്ങൾക്കപ്പുറം ഇന്ത്യയിൽ നിലവിലിരുന്ന ഒരു സംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. അക്കൂട്ടത്തിൽ, അക്കാലത്തെ ജനങ്ങളുടെ മതബോധത്തെ തെളി യിക്കുന്ന ചില ശില്പങ്ങളുമുണ്ട്. മനുഷ്യന്റെ ഈ ആരാധനാ മനഃസ്ഥിതിയ്ക്കു് ഇന്നും കാര്യമായ വ്യതിയാനം സംഭവിച്ചിട്ടില്ല. നിങ്ങൾ താമസിക്കുന്നതു് ഗ്രാമപ്രദേശത്തോ പട്ടണത്തിലോ ആകട്ടെ, അവിടെ ആരാധനാലയങ്ങൾ ഉണ്ടായിരിക്കുമെന്നതു് തീർച്ചയാണ്. കേരളത്തിലെ പല സ്ഥലങ്ങളിലും ഹിന്ദുക്രൈ സ്തവമുസ്ലീം ദേവാലയങ്ങൾ അടുത്തടുത്തു് സ്ഥിതിചെയ്യുന്നതു കാണാം. പല ആരാധനാമന്ദിരങ്ങളുടെയും മീതെ ഉയർന്നുകാ ണുന്ന ഗംഭീരങ്ങളായ ഗോപുരങ്ങളും സ്തൂപികകളും മനുഷ്യ വർഗ്ഗത്തിൻെറ സ്വർഗ്ഗോന്മുഖമായി ഉയർത്തപ്പെട്ടിരിക്കുന്ന കൂപ്പുകൈ കളാണെന്നേ തോന്നൂ!

ഈശ്വരൻെറനേർക്കുള്ള നമ്മുടെ സ്നേഹബഹുമാനാദരവുക ളുടെ പ്രകടനമാണ് ഈശ്വരാരാധന. സ്രഷ്ടാവും സംരക്ഷകനും എന്ന നിലയിൽ ദൈവത്തിലുള്ള നമ്മുടെ ആശ്രയത്വത്തിൻെറ അംഗീകരണമല്ലാതെ മറെറാന്നുമല്ല ആരാധന. തന്മൂലം നിഷ്കൃ ഷ്ടാർത്ഥത്തിൽ ആരാധന ദൈവത്തിനുമാത്രം അവകാശപ്പെട്ടതാ ണ്. ഈശ്വരാരാധന വ്യക്തിപരമായും സാമൂഹികമായും നിർവ്വ ഹിക്കപ്പെടാം. ദൈവത്തിൻെറ നന്മ, സ്നേഹം, ശക്തി, തുടങ്ങിയ ഗുണങ്ങളെപ്പററി ചിന്തിക്കുന്ന ഒരു വ്യക്തി സ്വകാര്യമായി ദൈവത്തെ ആരാധിക്കുന്നതാണ് വ്യക്തിപരമായ ആരാധന (private worship). എന്നാൽ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതു് വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല, സമൂഹത്തിലെ അംഗങ്ങ ളായിട്ടുകൂടിയാണ്. അതിനാൽ സമൂഹാടിസ്ഥാനത്തിലും ദൈവ

ത്തെ ആരാധിക്കേണ്ട കടമ നമുക്കുണ്ട്. ഇങ്ങനെ സമൂഹമായി ഒരുമിച്ചുചേർന്ന് ദൈവത്തെ ആരാധിക്കുന്നതാണ് പൊതുവായ ആരാധന(public worship.) ഒരേ മതവിശ്വാസം സ്വീകരിച്ചിരിക്കുന്നവർ ഒരേ സ്ഥലത്ത് ഒരുമിച്ചുകൂടി ഈശ്വരനെ ആരാധിക്കുന്നു. വ്യക്തി എന്ന നിലയിലും സമൂഹാടിസ്ഥാനത്തിലും ഈശ്വരാരാധന നിർവഹിക്കുകയെന്നതു് മനുഷ്യൻെറ ജന്മസിദ്ധമായ ഒരു അവകാശവും ചുമതലയുമത്രെ അതിനാൽ രാഷ്ട്രത്തിനു് ഈ അവകാശത്തെ സംരക്ഷിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനുമല്ലാതെ നിരോധിക്കുവാനോ നിരുത്സാഹപ്പെടുത്തുവാനോ അധികാരമില്ല. ചില രാഷ്ട്രങ്ങൾ ഈശ്വരാരാധനയെ നിയമംമൂലം നിരോധിക്കുന്നതായി നാം കേട്ടിട്ടുണ്ട്. മനുഷ്യന്റെ ഈശ്വരാരാധനാരംഗത്തു് അനർഹമായി കൈകടത്തുന്ന രാഷ്ട്രം അതിൻെറ അധികാരപരിധി വിട്ടാണു പ്രവർത്തിക്കുന്നതു്. മതപരമായ ഉത്സവങ്ങളും, ആചാരങ്ങളും, ആഘോഷങ്ങളും മററും ദൈവാരാധനയുടെ ബാഹ്യമായ പ്രകാശനമാണ്. എന്നാൽ ആന്തരികമായ ആദരവും സ്നേഹവുമില്ലാത്ത ബാഹ്യാനുഷ്ഠാനങ്ങൾക്കു് യാതൊരു അർത്ഥവുമില്ല.

## ചിന്തിക്കാൻ

1 ഈശ്വരാരാധനയെന്നാൽ എന്തു്? ഈശ്വരൻമാത്രമേ ആരാധന അർഹിക്കുന്നുള്ളു. കാരണമെന്തു്?

2 ആരാധനാമനഃസ്ഥിതി സാർവ്വത്രികവും സാർവ്വകാലികവുമാണെന്നു് തെളിയിക്കുക. ഈ യാഥാർത്ഥ്യത്തിൽനിന്നു് നാം ഗ്രഹിക്കേണ്ട വസ്തുതയെന്തു്?

3 പൊതുവായ ആരാധനയുടെ ആവശ്യമെന്തു്?

4 ആരാധനാസ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കാനല്ലാതെ നിരുത്സാഹപ്പെടുത്താൻ രാഷ്ട്രത്തിനു് അധികാരമില്ലെന്നു പറയുന്നതിൻെറ കാരണമെന്തു്?

## അനുഷ്ഠിക്കാൻ

1. ദൈവം മാത്രമാണ് ആരാധനസ്സർഹൻ. ഈ തത്വം നിങ്ങളുടെ ജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു?

2 ഈശ്വരാരാധനാപരമായ കർമ്മങ്ങളിൽ സംബന്ധിക്കുമ്പോൾ അവയുടെ ആന്തരികാർത്ഥം ഗ്രഹിച്ച് സജീവമായി പങ്കെടുക്കുന്നുണ്ടോ? ഇല്ലെങ്കിൽ പരിഹാരമാർഗ്ഗമെന്ത്?

# 8

# ദൈവത്തിനു നന്ദിപറയുക

നിങ്ങളുടെ സ്കൂളിൽ എല്ലാക്കൊല്ലവും വാർഷിക സമ്മേളനങ്ങൾ നടത്താറുണ്ടല്ലോ. ആ സമ്മേളനങ്ങളിലെ കാര്യപരിപാടിയുടെ അവസാനത്തിൽ 'കൃതജ്ഞതാപ്രകാശനം' എന്നൊരിനമുള്ളതു് ശ്രദ്ധിച്ചിട്ടില്ലേ? സ്കൂളിലെ പ്രധാനമന്ത്രിയോ ജനറൽ സെക്രട്ടറിയോ, അദ്ധ്യക്ഷനും പ്രസംഗകർക്കും മററും നന്ദിപറയുന്നു. സ്കൂൾ വാർഷികത്തിൽ മാത്രമല്ല, എല്ലാ സമ്മേളനങ്ങളിലും കൃതജ്ഞതാപ്രകാശനം ഔപചാരികമായ ഒരു ചടങ്ങായി അംഗീകരിച്ചിട്ടുണ്ടു്. ഇതെന്തുകൊണ്ടാണെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മററുള്ളവർ നമുക്കുചെയ്യുന്ന ഉപകാരങ്ങൾക്കു നന്ദി പ്രകടിപ്പിക്കുക എന്നതു് സംസ്കാരവും മനുഷ്യത്വവുമുള്ളവരുടെ ലക്ഷണമാണു്. ഏതെങ്കിലുംവിധത്തിലുള്ള ഒരുപകാരം സ്വീകരിക്കുമ്പോൾ 'നന്ദി' (Thanks) പറയണമെന്നു് സംസ്കാരമുള്ള മാതാപിതാക്കന്മാർ കുട്ടികളെ പരിശീലിപ്പിക്കാറുണ്ടു്. കൃതഘ്നത ഏററവും ഹീനമായ ഒരു ദുർഗ്ഗുണമാണു്. ഷേക്സ്പീയറുടെ "ജൂലിയസ് സീസർ" എന്ന നാടകത്തിൽ, സീസറിൻെറ ഉററ സുഹൃത്തായ ബ്രൂട്ടസ് ശത്രുക്കളോടൊത്തു് സീസറിനെ വധിക്കുന്നതിനു് സഹകരിക്കുന്ന ഒരു രംഗമുണ്ടു്. ബ്രൂട്ടസിന്റെ കുഠാര സീസറുടെ ശരീരത്തിലേല്പിച്ച മുറിവിനെ 'The most unkindest cut of all' എന്നാണു് ഷേക്സ്പീയർ വിശേഷിപ്പിക്കുന്നതു്. അതേ, കൃതഘ്നതയെ The most unkindest cut എന്നു വിളിക്കുന്നതിൽ തെററില്ല.

ഉപകാരംചെയ്യുന്നവരോടാണ് നാം നന്ദി പ്രദർശിപ്പിക്കുന്നതു്. ഉപകാരത്തിൻെറ ഗുരുലഘുത്വമനുസരിച്ച് നമ്മുടെ കൃതജ്ഞതാബോധത്തിനും വ്യത്യാസമുണ്ടാവുക സ്വാഭാവികമത്രെ. നമുക്കു ജന്മം നൽകുകയും നമ്മുടെ ജീവിതത്തിൻെറ ആരംഭഘട്ടങ്ങളിൽ വളരെയേറെ ത്യാഗം സഹിച്ച് നമ്മെ പോററിപ്പുലർത്തുകയും ചെയ്ത മാതാപിതാക്കന്മാരോട്ട് ജീവിതകാലംമുഴുവൻ നാം കടപ്പെട്ടിരിക്കുന്നതു്, അവർ ചെയ്ത ഉപകാരത്തിൻെറ വൈപുല്യംകൊണ്ടാണ്. നമ്മുടെ അസ്തിത്വം, കായികവും മാനസികവുമായ കഴിവുകൾ, അനുകൂലമായ ജീവിതസാഹചര്യങ്ങൾ തുടങ്ങിയവയും നമ്മുടെ മാതാപിതാക്കളെത്തന്നെയും നമുക്കുനൽകിയതു് ദൈവമാണ്. മുൻപു പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളപോലെ, ദൈവം നമ്മെ സൃഷ്ടിക്കുകമാത്രമല്ല അസ്തിത്വത്തിൻെറ ഓരോ നിമിഷത്തിലും നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുകയുമാണ്. ഒരു വ്യക്തിയെന്നനിലയിൽ ലഭിച്ചിട്ടുള്ള ദാനങ്ങൾക്കപ്പുറത്തു്, സാമൂഹികമായ പല നന്മകളും ദൈവം നമുക്കു നൽകിയിട്ടുണ്ട്. ഒററപ്പെട്ട ഒരു വ്യക്തിയായിട്ടല്ല, പ്രത്യുത ഒരു ഭവനത്തിലെ അംഗമായി, സമൂഹത്തിലെ ഒരു ഘടകമായിട്ടാണ് നാം പിറന്നതു് സമൂഹവാസനയും സാമൂഹികജീവിതത്തോട്ട ബന്ധപ്പെട്ട നേട്ടങ്ങളും അനർഘങ്ങളായ ഈശ്വരദാനങ്ങളാണ്. അങ്ങനെയെങ്കിൽ, നമ്മുടെ കൃതജ്ഞതയെ ഏററവുമധികം അർഹിക്കുന്നതു് ദൈവമാണെന്നുള്ളതിനു സംശയമുണ്ടോ?

ചിരപരിചിതങ്ങളായ പല കാര്യങ്ങളുടെയും യഥാർത്ഥമൂല്യം പരിചയാധിക്യംമൂലം പലപ്പോഴും നാം കണക്കിലെടുക്കാറില്ല. "കണ്ണുള്ളപ്പോൾ കാഴ്ചയുടെ വിലയറിയുകയില്ല" എന്ന പഴമൊഴി അർത്ഥവത്താണ്. അഞ്ചു പത്തു നിമിഷങ്ങളിലേയ്ക്ക് പ്രാണവായു നമുക്കു നിഷേധിക്കപ്പെട്ടുന്നുവെന്നിരിക്കട്ടെ. അപ്പോൾ അതിൻെറ വിലയെപ്പററി നമുക്കു കുറേക്കൂടി ബോധമുണ്ടാകും. ദിവസങ്ങളോളം വെള്ളം കുടിക്കാതെ മരുഭൂമിയിൽക്കൂടി അലയുന്ന ഒരു യാത്രക്കാരനു് ഒരു കുളുർനീരുറവയുടെ ദർശനം എത്ര ആഹ്ലാദകരമായിരിക്കും! വെള്ളം, വെളിച്ചം,

തീയ്, മഴ, ഋതുക്കൾ, സസ്യലതാദികൾ എന്നിങ്ങനെ പ്രകൃതിയിലൂടെ ദൈവം നൽകിയിരിക്കുന്ന ദാനങ്ങളുടെ മാഹാത്മ്യത്തെപ്പററി നാം ശരിക്കും ബോധവാന്മാരല്ലെന്നതല്ലേ യാഥാർത്ഥ്യം? സ്നേഹമയനായ ഒരു പിതാവ് പ്രിയപ്പെട്ട മക്കൾക്കെന്നപോലെ ആവശ്യമായ സമസ്ത സുഖസൗകര്യങ്ങളും നിർല്ലോഭം സംഭരിച്ചു വച്ചിരിക്കുന്ന ഒരു സുഖവാസമന്ദിരമാണ് പ്രകൃതി. മാതാപിതാക്കന്മാർ കുഞ്ഞുങ്ങൾക്കാവശ്യമായ വസ്തുക്കൾ കരുതുന്നതുപോലെ സൂര്യൻ, ചന്ദ്രൻ, അനന്തകോടി നക്ഷത്രങ്ങൾ, മഴവില്ല്, ഉദയാസ്തമയങ്ങൾ, വിവിധതരം പുഷ്പങ്ങൾ—എന്നിങ്ങനെ എത്രയധികം വിഭവങ്ങളാണ് ഈശ്വരൻ നമുക്കായി പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ളതു്.

ഈ വിശിഷ്ടദാനങ്ങൾക്കപ്പുറത്തായി, നമുക്കു ലഭിച്ചിട്ടുള്ള ശാരീരികവും മാനസികവുമായ കഴിവുകളെപ്പററിയും ചിന്തിച്ചു നോക്കുക. ദർശനം, സ്പർശനം, ശ്രവണം, ഘ്രാണം തുടങ്ങിയ പ്രവർത്തനങ്ങൾ വാസ്തവത്തിൽ അത്ഭുതജനകങ്ങളാണ്. മനുഷ്യൻ ഏററവും സൂക്ഷ്മതയോടെ നിർമ്മിച്ചിട്ടുള്ള ക്യാമറകളെപ്പോലും അനേകമടങ്ങ് അതിശയിക്കുന്നതാണ് ദൈവം നമുക്കു നൽകിയ കണ്ണുകളാകുന്ന ക്യാമറകൾ. ദർശനം, ശ്രവണം എന്നീ ശക്തിവിശേഷങ്ങൾ പ്രവർത്തിക്കുന്നതെങ്ങനെയെന്നു നിങ്ങളുടെ ശാസ്ത്രാധ്യാപകനോടു ചോദിച്ചു മനസ്സിലാക്കുക

ഇനി മനുഷ്യനുമാത്രമുള്ള മാനസികസിദ്ധികളോ? മൃഗങ്ങൾക്കില്ലാത്ത ഒരു മാനസികജീവിതം മനുഷ്യനുണ്ട്. ഒരു പൂച്ചക്കുട്ടിയെ എത്രമേൽ പരിശീലിപ്പിച്ചാലും അതിനെക്കൊണ്ട് ഒരു കണക്കു ചെയ്യിക്കുവാൻ നിങ്ങൾക്കു കഴിയുമോ? സത്യം, സൗന്ദര്യം, സ്നേഹം എന്നിങ്ങനെ അമൂർത്തങ്ങളായ ആശയങ്ങൾ ഗ്രഹിക്കാൻ നമുക്കു സാധിക്കുന്നു. ഭാവിയെ മുന്നിൽക്കണ്ട് ആസൂത്രണംചെയ്യുവാനുള്ള കഴിവ് മനുഷ്യനുമാത്രമുള്ളതാണ്. മനുഷ്യൻ ഇന്നു ചന്ദ്രമണ്ഡലത്തോളമെത്തിയിട്ടുണ്ടെങ്കിൽ അതു് ദൈവദത്തമായ ബുദ്ധിശക്തിയുടെ വിനിയോഗംകൊണ്ടത്രേ. ചുരുക്കത്തിൽ ഈശ്വരനിൽനിന്നു തനിക്കു ലഭിച്ചിട്ടുള്ള ദാനങ്ങളുടെ ആധിക്യത്തെപ്പററി സശ്രദ്ധം ചിന്തിക്കുന്ന ഒരു മനുഷ്യൻ വികാരാവേശത്താൽ നിശ്ശബ്ദനായിത്തീർന്നുപോകുമെന്നതിനു സംശയമില്ല.

ദരിദ്രനായ ഒരു പേർഷ്യൻ കവിയായിരുന്നു ഫർദൂസി. കീറിപ്പറിഞ്ഞ കാലുറകളും ധരിച്ചുകൊണ്ടു് പള്ളിയിലെത്തിയ അദ്ദേഹം തൻെറ ദാരിദ്ര്യത്തിൻെറപേരിൽ ഈശ്വരനോടു പരാതിപറഞ്ഞു. അനന്തരം വെളിയിലേയ്ക്കിറങ്ങി നോക്കിയപ്പോൾ, രണ്ടു കാലുകളും നഷ്ടപ്പെട്ട ഒരു യാചകൻ ദേവാലയകവാടത്തിലിരുന്നു പിച്ചയിരക്കുന്ന കാഴ്ചയാണു് അദ്ദേഹം കണ്ടതു്. അപ്പോൾ ഫർദൂസി പറഞ്ഞു: "ദൈവമേ, അങ്ങേയ്ക്കു നന്ദി. എൻെറ കാലുറകൾ കീറിപ്പറിഞ്ഞതാണെങ്കിലും എനിക്കു് രണ്ടു കാലുകളുണ്ടല്ലോ'' നിസ്സാരകാര്യങ്ങളുടെപേരിൽ പലപ്പോഴും ദൈവത്തോടു പരിഭവിക്കാറുള്ള നാം ഓർമ്മിക്കേണ്ട ഒരു കഥയാണിതു്. നമുക്കു തലവേദനയുള്ളപ്പോൾ പരിഭവിക്കുന്നതിനു പകരം, വേദനിക്കുവാൻ ഒരു തല നൽകിയ ദൈവത്തിനു നന്ദി പറയുക. ഒരദ്ധ്യാപകൻ ശിക്ഷിക്കുമ്പോഴും അതു തൻെറ നന്മയ്ക്കുവേണ്ടിയാണെന്നു് ഉത്തമബോധ്യമുള്ള ഒരു വിദ്യാർത്ഥി ആ ശിക്ഷയുടെപേരിൽ അധ്യാപകനു് 'ഉപകാരം' പറയും. ജീവിതക്ലേശങ്ങളുടെപേരിൽ ദൈവത്തിനു നന്ദിപറയുവാൻ കഴിയുമ്പോഴാണു് നമ്മുടെ ഹൃദയം ഏററവും ഉദാരമായിത്തീരുന്നതു്.

ആത്മാർത്ഥമായ കൃതജ്ഞതാബോധമുണ്ടെങ്കിൽ, ഉപകാരിയുടെ അഭീഷ്ടത്തിനു വിരുദ്ധമായി ഒന്നും പ്രവർത്തിക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കും. ദൈവം നൽകിയിട്ടുള്ള ശ്രേഷ്ഠദാനങ്ങൾക്കു് നന്ദി പ്രകാശിപ്പിക്കുവാനുള്ള യഥാർത്ഥമാർഗ്ഗം ഈശ്വരഹിതത്തിനെതിരായി യാതൊന്നും പ്രവർത്തിക്കാതിരിക്കുകയാണു്. മാത്രമല്ല, എല്ലാകാര്യങ്ങളിലും ഈശ്വരാഭീഷ്ടം മനസ്സിലാക്കി പ്രവർത്തിക്കയും വേണം. ദൈവം നൽകിയ ഉപാധികളുപയോഗിച്ചു്, നമ്മെക്കാൾ ഭാഗ്യംകുറഞ്ഞ സഹോദരങ്ങളെ സഹായിക്കുന്നതും, ദൈവത്തോടുള്ള നന്ദി പ്രകാശിപ്പിക്കുവാൻ ഉത്തമമാർഗ്ഗമാണു്. ഓരോ ദിവസവും ഉറങ്ങാൻ പോകുന്നതിനുമുൻപു് അന്നു സ്വീകരിച്ച ദൈവികദാനങ്ങൾക്കു് നന്ദിപറയുക എന്ന ശീലം വളർത്തിയെടുക്കണം. അസാധാരണമായ ഏതെങ്കിലും പ്രത്യേകനേട്ടങ്ങളോ ഭാഗ്യങ്ങളോ കൈവരുമ്പോൾ അതിൻെറപേരിൽ ദൈവത്തിനു് പ്രത്യേകമായി കൃതജ്ഞത പ്രകാശിപ്പിക്കുവാനും വിസ്മരിക്കരുതു്.

## ചിന്തിക്കാൻ

1. താൻ മുറിവേൽപ്പിക്കപ്പെട്ട എന്നതല്ലാ ബ്രൂട്ടസ് മുറിവേൽപ്പിച്ചു എന്നതാണ് സീസറിനു കൂടുതൽ വേദനാജനകമായിത്തീന്നതു്. കാരണമെന്തു്?

2 ദൈവത്തിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള വിവിധതരം അനുഗ്രഹങ്ങളേവ?

3 ദാരിദ്ര്യക്ലേശമനുഭവിച്ചിരുന്നെങ്കിലും താൻ ദൈവത്തോടു നന്ദിപറയേണ്ടവനാണെന്നു് ഫർദ്ദുസി എങ്ങനെ മനസ്സിലാക്കി?

4. ഈശ്വരനോടു കൃതജ്ഞത പ്രകാശിപ്പിക്കാനുള്ള ഉത്തമമാർഗ്ഗമേതു്?

5. നമുക്കു ലഭിച്ചിരിക്കുന്ന നന്മകൾക്കെന്നപോലെ ക്ലേശങ്ങൾക്കും നാം കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതാണോ? കാരണമെന്തു്?

## അനുഷ്ഠിക്കാൻ

1. ദിവസവും ഉറങ്ങാൻപോകുന്നതിനുമുൻപ്, ദൈവം അന്നു നൽകിയ ദാനങ്ങൾക്കു നന്ദി പറയുക.

2. ആരോഗ്യം, ബുദ്ധിശക്തി, സമ്പത്തു് എന്നിങ്ങനെ ദൈവം നിങ്ങൾക്കു നൽകിയ കഴിവുകളുപയോഗിച്ചു്, ഒരു ദിവസം ഒരു സേവനകൃത്യമെങ്കിലും മററുള്ളവക്കായി അനുഷ്ഠിക്കുക.

3. പ്രാർത്ഥിച്ച അനുഗ്രഹങ്ങൾ ലഭിച്ചുകഴിയുമ്പോൾ പലരും ദൈവത്തെ വിസ്മരിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ വത്തനരീതിയെങ്ങനെ?

4. ദൈവം ഓരോരുത്തർക്കും നൽകിയിട്ടുള്ള കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതു് കൃതജ്ഞതാപ്രകാശനത്തിനുള്ള ഒരു പ്രധാനമാർഗ്ഗമാണു്. നിങ്ങൾ ഇതു ചെയ്യാറുണ്ടോയെന്നു പരിശോധിക്കുക.

# 9

# കരുണയുള്ള പിതാവ്

ഒരു പ്രഭുവിനു രണ്ടു മക്കളുണ്ടായിരുന്നു. രണ്ടു പേരോടും അദ്ദേഹത്തിനു് അതീവവാത്സല്യമുണ്ടു്. എന്നാൽ ഇളയവനു് ഒരു മോഹം, അച്ഛന്റെ നിയന്ത്രണത്തിൽനിന്നെല്ലാം ഒഴിഞ്ഞുമാറി സുഖമായി ജീവിക്കണമെന്നു്! ഒരു ദിവസം അയാൾ അച്ഛനോടു പറഞ്ഞു: ''അച്ഛന്റെ സ്വത്തിൽനിന്ന് എനിക്കു കിട്ടേണ്ട ഓഹരി വീതിച്ചുതരണം." ഇതു കേട്ടപ്പോൾ അച്ഛനു ദുഃഖം തോന്നിയെങ്കിലും പുത്രവത്സലനായ ആ പിതാവു് ഒട്ടും മടിക്കാതെ സ്വത്തിന്റെ നേർപകുതി ഇളയമകനു് ഭാഗിച്ചു കൊടുത്തു. കിട്ടിയ സ്വത്തു മുഴുവൻ പണമാക്കിക്കൊണ്ടു് മകൻ ദൂരെയുള്ള ഒരു പട്ടണത്തിലേക്കു പോയി. അവിടെ അയാൾ പുതിയ കൂട്ടുകാരുമൊത്തു് വിനോദത്തിലേർപ്പെട്ടും മദ്യപിച്ചും പണം മുഴുവൻ ധൂർത്തടിച്ചു. പണം തീർന്നപ്പോൾ സ്നേഹിതന്മാർ ഓരോരുത്തരായി അയാളോടു വിടവാങ്ങി. പട്ടിണി കിടക്കേണ്ടിവന്നപ്പോൾ ഒരു ജോലി കണ്ടെത്താനുള്ള ശ്രമമായി. അവസാനം കിട്ടിയതോ? ഒരു പണക്കാരന്റെ പന്നികളെ മേയ്ക്കുന്ന ജോലി. വിശപ്പടക്കുന്നതിനുള്ള വകപോലും അതിൽനിന്നു ലഭിച്ചില്ല. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ അയാൾ ചിന്തിക്കുവാൻ തുടങ്ങി: ''എന്റെ അച്ഛന്റെ വീട്ടിൽ എത്രയോ വേലക്കാർ സുഭിക്ഷതയിൽ കഴിയുന്നു! എന്റെ ഇവിടത്തെ

അവസ്ഥയോ? ഇല്ല. ഇനിയും ഞാനിങ്ങനെ അലയുകയില്ല. അച്ഛൻെറ വീട്ടിലേയ്ക്കു ഞാൻ മടങ്ങിപ്പോകും. എൻെറ തെററുകൾ ക്ഷമിക്കണമെന്നു് അദ്ദേഹത്തോടു യാചിക്കും.'' അവസാനം അയാൾ പിതാവിൻെറ ഭവനത്തിലേയ്ക്കു യാത്രയായി.

സ്നേഹസമ്പന്നനായ പിതാവാകട്ടെ ഈ കാലമെല്ലാം മകൻെറ തിരിച്ചുവരവും കാത്തു കഴിയുകയായിരുന്നു. മകനെ കണ്ടമാത്രയിൽത്തന്നെ അദ്ദേഹം മുന്നോട്ടുചെന്നു് അയാളെ ആശ്ലേഷപൂർവ്വം സ്വീകരിച്ചു. പശ്ചാത്താപവിവശനായ മകൻ കണ്ണീർവാർത്തുകൊണ്ടു് പറഞ്ഞു: ''ഈശ്വരനും അങ്ങേയ്ക്കുമെതിരായി ഞാൻ പാപം ചെയ്തുപോയി. അങ്ങയുടെ മകനെന്നു വിളിക്കപ്പെട്ടുവാൻപോലും ഞാൻ അയോഗ്യനാണു്. എന്നോടു് ക്ഷമിക്കണം." നഷ്ടപ്പെട്ടുപോയ മകനെ തിരികെക്കിട്ടിയ ആ പിതാവിൻെറ സന്തോഷത്തിനു് അതിരില്ലായിരുന്നു. വിലകൂടിയ വസ്ത്രങ്ങൾ അദ്ദേഹം അയാളെ ധരിപ്പിച്ചു. വിഭവസമൃദ്ധമായ സദ്യയൊരുക്കി മകൻെറ പുനസ്സമാഗമം ആഘോഷിച്ചു.

ഈ പിതാവിനെപ്പോലെയാണു ദൈവം. അവിടുന്നു നമ്മുടെ സ്രഷ്ടാവാണു്, ഏററം ഉത്തമനായ സ്നേഹിതനാണു്, സർവ്വോപരി കരുണയുള്ള പിതാവാണു്. നമുക്കാവശ്യമുള്ളതെല്ലാം നൽകി ദൈവം നമ്മെ നിരന്തരം സംരക്ഷിക്കുന്നു. നാം നല്ലവരായിക്കാണാൻ മററാരെക്കാളുമധികം അവിടുന്നു് ആഗ്രഹിക്കുന്നു. അച്ഛനമ്മമാർ നമ്മോടു കാണിക്കുന്ന സ്നേഹം നിത്യവും നാം അനുഭവിച്ചറിയുന്നതാണല്ലോ. അതിലെത്രയോ മടങ്ങു് ആഴമുള്ളതാണു് ദൈവത്തിൻെറ സ്നേഹം.

നമ്മുടെ നന്മയും സൗഭാഗ്യവും ആഗ്രഹിക്കുന്ന ദൈവം ചില നിയമങ്ങൾ നമുക്കായി നൽകിയിരിക്കുന്നു. ആ നിയമങ്ങളനുസരിക്കുമ്പോൾ നാം നല്ല മാർഗ്ഗത്തിലൂടെ ചരിക്കുന്നു. അതിനാൽ അവയെ സന്മാർഗ്ഗനിയമങ്ങൾ എന്നു വിളിക്കാം. ഉദാഹരണമായി കള്ളം പറയരുതു്, വഞ്ചിക്കരുതു്, മാതാപിതാക്കന്മാരെ ബഹുമാനിക്കണം, മോഷ്ടിക്കരുതു് എന്നീ നിയമങ്ങൾ.

ലോകത്തിലുള്ള എല്ലാ ജനങ്ങളും, അവർ ഏതു മതത്തിൽ വിശ്വസിക്കുന്നവരായാലും, ഈ നിയമങ്ങളിൽ വിശ്വസിക്കുന്നു. നിരീശ്വരന്മാർക്കുപോലും ഇവ സ്വീകാര്യമാണ്. കാരണം ഈ നിയമങ്ങൾ ഓരോരുത്തരുടെയും മനസ്സാക്ഷിയിൽത്തന്നെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചില പ്രവൃത്തികൾ തെററാണ്, മററു ചില പ്രവൃത്തികൾ ശരിയാണ് എന്നു നമ്മുടെതന്നെ ഉള്ളു നമ്മോടു പറയാറില്ലേ? മററാരും പറഞ്ഞുതരാതെതന്നെ അതു നമുക്കറിയാം.

ശരിയായവിധത്തിൽ രൂപപ്പെടുത്തിയ മനസ്സാക്ഷി ദൈവത്തിൻെറ സ്വരമത്രേ. നന്മചെയ്യാൻ പ്രചോദനവും തിന്മയിൽ നിന്നകലാൻ പ്രേരണയും തരുന്ന സ്വരം.

മനസ്സാക്ഷിയുടെ സ്വരമനുസരിച്ചും, ദൈവത്തിൻെറ നിയമങ്ങൾ പാലിച്ചും ജീവിക്കുമ്പോൾ നമുക്കു വലിയ മാനസിക സംതൃപ്തിയുളവാകുന്നു. മറിച്ച്, ദൈവനിയമങ്ങൾക്കും മനസ്സാക്ഷിയുടെ പ്രചോദനങ്ങൾക്കും എതിരായി പ്രവത്തിക്കുന്നവർക്ക് ജീവിതത്തിൽ സൗഭാഗ്യം അനുഭവിക്കുവാൻ സാധിക്കുകയില്ല. അവനു് ആത്മസമാധാനം നഷ്ടപ്പെടുന്നു; അസന്തുഷ്ടി അനുഭവപ്പെടുന്നു. ക്രമേണ അവൻ നിരാശയിലേക്കു നീങ്ങുന്നു. അവനു് ചിലപ്പോൾ സ്വന്തം ജീവിതംതന്നെ ഭാരമായിത്തോന്നാം. ഈ ജീവിതം അങ്ങു തല്ലിത്തുലച്ചാലെന്താണ് എന്നുവരെ അവൻ വിചാരിച്ചുതുടങ്ങുന്നു. ഇങ്ങനെ എത്രയോപേരാണ് ആശ നശിച്ച് ആത്മഹത്യവരെ ചെയ്തുകളയുന്നതു്. മാനസ്സികമായ സംതൃപ്തിയും സമാധാനവുമാണ് ജീവിതത്തിലെ ഏററം വിലപ്പെട്ട നേട്ടം. എന്തെല്ലാം സൗകര്യങ്ങളുണ്ടായാലെന്തു്, എത്ര സമ്പത്തുണ്ടായാലെന്തു്, മനസ്സമാധാനമില്ലെങ്കിൽ ജീവിതമെത്ര ദുർവഹമായ ഭാരമായിരിക്കും.

വ്യക്തികളുടെ മാത്രമല്ല, സമൂഹത്തിൻെറ സുസ്ഥിതിക്കും നിയമങ്ങളും അവയുടെ അനുസരണവും അനുപേക്ഷണീയമാണ്. പല വ്യക്തികൾ ചേരുന്നതല്ലേ സമൂഹം. വ്യക്തികൾ എത്ര കൃത്യമായി, ദൈവം അനുശാസിക്കുന്ന നിയമങ്ങൾ ജീവിതത്തിൽ

പാലിക്കുന്നു എന്നതനുസരിച്ചായിരിക്കും, സമൂഹത്തിന്റെ സുഖകരമായ നിലനിൽപ്പും അഭിവൃദ്ധിയും. വ്യക്തികളുടെയും സമൂഹത്തിന്റെയും സുഖത്തിന് അടിസ്ഥാനപരമായ ഒരാവശ്യമാണ് സുരക്ഷിതബോധം. തങ്ങളുടെ ജീവനും സ്വത്തും മററാരും കയ്യേറുകയില്ല എന്ന ഉറപ്പില്ലെങ്കിൽ ആർക്ക് ആപൽശങ്കകൂടാതുറങ്ങാൻ കഴിയും? ഓരോരുത്തനും തന്നിഷ്ടംപോലെ പ്രവർത്തിക്കുന്ന ഒരു സമൂഹത്തിൽ എങ്ങനെ, ആർക്കു ശാന്തിയും സമാധാനവും അനുഭവിക്കാനൊക്കും? നിയമങ്ങളും നിയമാനുഷ്ഠാനവുമാണ് സാമൂഹ്യജീവിതം സാധ്യമാക്കുന്നത്. ഒരു വർഷത്തേക്ക് ലോകത്തെല്ലാവരും, അന്യരെ ദ്രോഹിക്കരുത് എന്ന പ്രമാണം കട്ടകിട തെററാതെ പാലിക്കുന്നു എന്നു വിചാരിക്കുക. എന്തൊരത്ഭുതകരമായ മാററമായിരിക്കും ലോകത്തിനുണ്ടാകുക! എന്ത് അസാധാരണമായ ശാന്തിയും സമാധാനവുമായിരിക്കും ലോകത്തു കളിയാട്ടുക! ആരും മററാരെയും ഉപദ്രവിക്കുകയില്ലെന്നുവന്നാൽ നമ്മുടെ ജയിലറകൾ അടഞ്ഞുപോകും. പോലീസുകാർക്കു വീട്ടിൽ പോകാം; കോടതികൾ അടച്ചുപൂട്ടാം, പട്ടാളം വേണ്ടെന്നു വയ്ക്കാം. അണുബോംബും മാരകായുധങ്ങളും കടലിലെറിഞ്ഞുകളയാം. ഈമാതിരി കാര്യങ്ങൾക്കായി ചെലവഴിക്കുന്ന കണക്കില്ലാത്ത പണം എത്രയോ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കാം! പട്ടിണിയെ ലോകത്തുനിന്നു പമ്പകടത്താൻ അതു മതി. മറിച്ചൊന്നു സങ്കല്പിച്ചുനോക്കൂ. അന്യരെ ഉപദ്രവിക്കരുത് എന്ന പ്രമാണം ഒരാഴ്ചത്തേക്കു ലോകത്താരും പാലിക്കുന്നില്ലെന്നു വയ്ക്കുക. സ്വന്തം കാര്യലാഭത്തിനുവേണ്ടി ആർക്കും ആരോടും എന്തക്രമവും പ്രവർത്തിക്കാമെന്നു വയ്ക്കുക. എന്തായിരിക്കും അപ്പോൾ ലോകത്തിന്റെ സ്ഥിതി? എന്തു കോലാഹലം! എന്തു പ്രളയം? ആർക്ക് ആ ലോകത്തിൽ ജീവിക്കാനാവും?

അതേ, നിയമങ്ങളെല്ലാം നമ്മുടെ വ്യക്തിപരമായ ജീവിതത്തിന്റെ, നമ്മുടെ സമൂഹത്തിന്റെ, സുസ്ഥിതിക്കുവേണ്ടിയാണ്. തന്റെ മക്കൾ സന്തോഷചിത്തരും, സുഖസമൃദ്ധരുമായി ജീവിക്കണമെന്നാഗ്രഹിക്കുന്ന ദൈവം നൽകുന്ന അനുഗ്രഹങ്ങളാണവ. ദൈവം നമ്മെ സ്നേഹിക്കുന്നു. നാം സുഖമായി

ജീവിക്കണമെന്നാഗ്രഹിക്കുന്നു. അതിനു വേണ്ട നിയമങ്ങൾ നൽകുന്നു. അതിനാൽ നിയമങ്ങൾ ദൈവസ്നേഹത്തിൻെറ പ്രതിഫലനങ്ങളാണ്.

നാം നിയമങ്ങൾ അനുസരിക്കാതിരിക്കുമ്പോൾ, സന്മാർഗ്ഗത്തിൽ ചരിക്കാതിരിക്കുമ്പോൾ, അധർമ്മം ചെയ്യുമ്പോൾ, സ്നേഹം നിറഞ്ഞ ദൈവത്തെ ധിക്കരിക്കയാണു്. സ്നേഹം നിരാകരിക്കുന്നതാണ് കൃതഘ്നത. നമ്മെ സ്നേഹിക്കുന്ന ദൈവത്തിൻെറ ഹിതത്തെ നിയമലംഘനംവഴി നാം അവഗണിക്കുന്നു. അതുവഴി നമ്മുടെയും നാം ജീവിക്കുന്ന സമൂഹത്തിൻെറയും സുസ്ഥിതിയും സൗഭാഗ്യവും നശിക്കുന്നു.

ഇവിടെയാണു നാം ഒരു കാര്യം ഓർക്കേണ്ടതു്. ദൈവം കരുണയുള്ള പിതാവാണു്: പൊറുക്കുകയില്ലാത്ത വിധികർത്താവല്ല. നമുക്കു തിരുത്തിക്കൂടാത്ത അപരാധമില്ല. വീണുപോയാൽ, വീണിടത്തു തളർന്നുകിടക്കയാണോ വേണ്ടതു്? ഉടൻകുടഞ്ഞെണീക്കണം. അനുതാപവിവശമായ മനസ്സോടെ ദൈവത്തിൻെറ സന്നിധിയിൽ അണയണം. ധൂർത്തനായ പുത്രനെപ്പോലെ ദൈവത്തിൻെറ തിരുമുമ്പിൽ താണുവീണു മാപ്പപേക്ഷിക്കണം: അനുതാപമുള്ളവരോടു് ഏതപരാധവും ദൈവം ക്ഷമിക്കും. പശ്ചാത്താപവിവശമായ ഹൃദയത്തെ ദൈവം ഒരിക്കലും നിരസിക്കയില്ല. കാരണം കരുണയുള്ള പിതാവായ ദൈവം നമ്മെ ശിക്ഷിക്കാനല്ല രക്ഷിക്കാനാണു് ആഗ്രഹിക്കുന്നതു്. നമ്മുടെ തെററു് എത്ര ഗുരുതരമാകട്ടെ, ഹൃദയപൂർവ്വമായ പശ്ചാത്താപത്തോടെ നാം സമീപിച്ചാൽ ദൈവം നമ്മോടു ക്ഷമിക്കയും നമ്മെ വാത്സല്യപൂർവ്വം സ്വീകരിക്കയും ചെയ്യും. കാരണം അവിടുത്തേക്കു നമ്മോടുള്ള സ്നേഹം അത്ര വലുതാണു്.

പാപത്തിൻെറ ഗൗരവത്തെപ്പററിയുള്ള ബോധവും ഇനി പാപം ചെയ്യില്ല എന്ന ദൃഢനിശ്ചയവും ഉൾക്കൊള്ളുന്നതാണ് യഥാർത്ഥമായ അനുതാപം. പാപം വരുത്തിവെച്ച നഷ്ടം, സാധ്യമാകുന്നിടത്തോളമെങ്കിലും പരിഹരിക്കുകകൂടി ചെയ്യുമ്പോഴാണു്, പാപത്തിൽനിന്നുള്ള മോചനം പൂർണ്ണമാകുന്നതു്. രാജൻ

കൂട്ടകാരൻെറ പേന മോഷ്ടിച്ചു എന്നിരിക്കട്ടെ. അനുതാപം മാത്രം മതിയോ ആ പാപം തീരാൻ? പോരാ; പേനാ തിരിച്ചു കൊടുക്കുകകൂടി വേണം. അനുതാപം പൂർണ്ണമാകുന്നതു്, ചെയ്ത തെററിൻെറ ഫലമായ നഷ്ടംകൂടി പരിഹരിക്കുമ്പോഴാണു്.

പാപം ചെയ്യുമ്പോൾ ദൈവവുമായുള്ള സുഹൃദ്ബന്ധം വിച്ഛേദിക്കപ്പെടുന്നു. പശ്ചാത്തപിച്ചു പരിഹാരം ചെയ്യുമ്പോഴാകട്ടെ, തകന്ന ഹൃദയബന്ധം പുന:സ്ഥാപിക്കപ്പെടുന്നു അപ്പോൾ പൊയ്പ്പോയ ശാന്തിയും സംതൃപ്തിയും നമുക്കു തിരിയെക്കിട്ടുന്നു. വന്ന പിഴയ്ക്കു മാപ്പപേക്ഷിക്കുമ്പോൾ, ദൈവം മാപ്പുനൽകി എന്നറിയുമ്പോൾ. നാം അനുഭവിക്കുന്ന ആത്മസമാധാനവും, ആന്തരികസന്തുഷ്ടിയും അളവില്ലാത്തതാണു്. ഗാന്ധിജിയുടെ ജീവിതത്തിലെ ഒരു സംഭവം നിങ്ങൾ കേട്ടിട്ടില്ലേ? അദ്ദേഹം കുട്ടിക്കാലത്തു നടത്തിയ ഒരു മോഷണത്തെപ്പററി എങ്ങനെ അനുതപിച്ചെന്നും അച്ഛൻെറ അടുത്തു് അപരാധം ഏററുപറഞ്ഞപ്പോൾ എന്തുമാത്രം മനശ്ശാന്തിയും ആത്മസംതൃപ്തിയും അനുഭവപ്പെട്ടുവെന്നും ആത്മകഥയിൽ വിവരിക്കുന്നുണ്ടു്. 'എനിക്കതു താങ്ങാൻ കഴിഞ്ഞില്ല. ഇനി ഒരിക്കലും മോഷ്ടിക്കില്ല എന്നു ഞാൻ പ്രതിജ്ഞചെയ്തു. എൻെറ അപരാധം അച്ഛൻെറടുത്തു് ഏററുപറയാനും ഞാൻ തീരുമാനിച്ചു. എന്നാൽ അച്ഛനോടു സംസാരിക്കാൻ എനിക്കു ധൈര്യമുണ്ടായില്ല. അച്ഛൻ എന്നെ അടിക്കുമെന്നു് ഭയപ്പെട്ടിട്ടല്ല: ഞങ്ങളിലാരെയെങ്കിലും അച്ഛൻ അടിച്ചതായി ഞാനോക്കുന്നില്ല. അച്ഛനുണ്ടാകാവുന്ന മനോവേദനയെപ്പററിയായിരുന്നു എൻെറ വിചാരം. എങ്കിലും ആ വേദന ഒഴിവാക്കാൻ വയ്യെന്നെനിക്കു തോന്നി. പൂർണ്ണമായ ഏററുപറച്ചിൽ കൂടാതെ ആത്മശുദ്ധി പ്രാപിക്കാൻ സാധിക്കുകയില്ലെന്നു് എനിക്കു മനസ്സിലായി.

'അവസാനം അപരാധം അച്ഛൻെറടുത്തു് എഴുതിക്കൊടുക്കാനും മാപ്പുചോദിക്കാനും ഞാൻ തീരുമാനിച്ചു. ഒരു കടലാസ്സിൽ എഴുതി അതു് അച്ഛനെ ഞാൻതന്നെ ഏല്പിച്ചു. ആ കുറിപ്പിൽ, ഞാൻ പാപം ഏററുപറയുകമാത്രമല്ല, എനിക്കു തക്ക ശിക്ഷ നല്കണമെന്നും, എൻെറ തെററിനു് അച്ഛൻ ശിക്ഷയനുഭവിക്കരുതെന്നും അപേക്ഷിക്കുകൂടി ചെയ്തിരുന്നു. ഞാനൊരിക്കലും മോഷ്ടിക്കയില്ലെന്നു പ്രതിജ്ഞയെടുക്കുകയും ചെയ്തിരുന്നു

'കടലാസ്സുണ്ടു് അച്ഛനെയേല്പിക്കുമ്പോൾ ഞാനാകെ വിറയ്ക്കുന്നുണ്ടായിരുന്നു. അച്ഛൻ, അസുഖം പിടിപെട്ടു കിടപ്പിലായിരുന്നു. തടിക്കട്ടിലിൽക്കിടന്ന അച്ഛനെ കടലാസ് ഏല്പിച്ചിട്ടു് ഞാൻ എതിർവശത്തിരുന്നു.

'അച്ഛൻ അതു മുഴുവൻ വായിച്ചു മുത്തുമണികൾ ആ കവിളിലൂടെ ഒഴുകി; അതു വീണു കടലാസു നനഞ്ഞു. ഒരു നിമിഷനേരം അച്ഛൻ ചിന്താമൂകനായി കണ്ണടച്ചിരുന്നു. പിന്നെ, ആ കടലാസു കീറിക്കളഞ്ഞു. എണ്ണീററിരുന്നാണച്ഛൻ അതു വായിച്ചതു്. വീണ്ടും കിടന്നു. എനിക്കു് അച്ഛൻെറ തീവ്രമായ വേദന കാണാൻ കഴിഞ്ഞു. ഞാനും കരഞ്ഞു. ഞാനൊരു ചിത്രകാരനായിരുന്നെങ്കിൽ, ഇന്നും ആ രംഗം അപ്പാടെ വരയ്ക്കാൻ എനിക്കു കഴിയുമായിരുന്നു. അതെൻെറ മനസ്സിൽ അത്ര വ്യക്തമായി തെളിഞ്ഞുനില്ക്കുന്നു.

'ആ സ്നേഹത്തിൻെറ കണ്ണീർ മുത്തുകൾ എൻെറ പാപം കഴുകിക്കളഞ്ഞു, എൻെറ ഹൃദയം വെടിപ്പാക്കി. അത്തരം സ്നേഹം എന്താണെന്ന് അനുഭവിച്ചവർക്കേ അറിയാൻ കഴിയൂ. സ്നേഹത്തിൻെറ അമ്പിൽനിന്നു മുറിവേററവരേ അതിൻെറ ശക്തി അറിയൂ.'

## ചിന്തിക്കാൻ

1 പിതാവിൻെറ പക്കലേക്കു തിരിച്ചുവന്ന പുത്രൻെറ കഥയിൽനിന്നു് എന്തു പാഠമാണു നിങ്ങൾ പഠിക്കുന്നതു്?

2 സാന്മാർഗ്ഗികനിയമങ്ങളെന്നാലെന്തു്? അവയുടെ ലക്ഷ്യമെന്തു്?

3 ഈ നിയമങ്ങളുടെ ലംഘനം വ്യക്തികളെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നു?

4 പാപം ദൈവവുമായുള്ള സൗഹൃദബന്ധത്തെ വിച്ഛേദിക്കുന്നു. അതു പുനഃസ്ഥാപിക്കാൻ എന്തുചെയ്യണം.?

5 മഹാത്മാഗാന്ധിയുടെ മാതൃക നമുക്കെന്തു പ്രചോദനമാണു നല്കുന്നതു്?

## അനുഷ്ഠിക്കാൻ

1 നിങ്ങൾ ക്ലാസ്സിൽവെച്ച് അദ്ധ്യാപകനോട്ട്, വിനയക്കുറവോടെ സംസാരിച്ചുപോയെന്നു വയ്ക്കുക. തെററു മനസ്സിലാക്കുമ്പോൾ എന്തുചെയ്യും?

2 ആദ്യം മോശമായ ഒരു ജീവിതം നയിച്ചിട്ട്, പിന്നീട്ട് പശ്ചാത്താപത്തിലൂടെ മനഃപരിവർത്തനം നേടിയ ഏതെങ്കിലുമൊരു വ്യക്തിയുടെ ചരിത്രം ചുരുക്കിയെഴുതുക.

3 മനഃപാഠമാക്കുക:

അപ്പപ്പോൾ പാതകം ചെയ്യതിനൊക്കെയു-
മിപ്പശ്ചാത്താപമേപ്രായശ്ചിത്തം. (വള്ളത്തോൾ)

4 കൂടുതൽ മെച്ചപ്പെട്ടൊരു ജീവിതം നയിക്കുന്നതിനായി പലരും ദിവസേന ഉറങ്ങുന്നതിനുമുമ്പ് അന്നത്തെ പ്രവൃത്തികളെ വിലയിരുത്തുകയും തെററു തിരുത്താനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുറപ്പിക്കുകയും ചെയ്യാറുണ്ട്. നിങ്ങളുടെ ജീവിതത്തിലും ഈ തഴക്കം എത്രത്തോളം പ്രായോഗികമാക്കാം?

5 കുററകരമായ ഒരു പ്രവൃത്തി ചിലക്ക് ജീവിതപരിവർത്തനത്തിനു വഴിതെളിക്കുന്നു. വേറെചിലക്കാകട്ടെ ഒരു തിന്മ മറെറാരു തിന്മയ്ക്കു പ്രേരകമാകുന്നു. നിങ്ങൾ ഏതു വിഭാഗത്തിൽപ്പെട്ടം എന്നു പരിശോധിക്കുക.

# 10

# നാം ഈശ്വരന്റെ കരങ്ങളിലാണ്

തള്ളക്കോഴിയെ ചുററിപ്പററി നടക്കുന്ന കോഴിക്കുഞ്ഞുങ്ങളെ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? പരുന്തോ മറേറാ അടുത്തുവരുന്ന ലക്ഷണം കണ്ടാൽ തള്ളക്കോഴി ഒരു പ്രത്യേകസ്വരം പുറപ്പെടുവിക്കും. കുഞ്ഞുങ്ങൾ നിമിഷംകൊണ്ടു് തള്ളയുടെ ചിറകിനുള്ളിൽ ഒളിക്കും. അവിടെ അഭയം കിട്ടിക്കഴിഞ്ഞാൽ തങ്ങൾ സുരക്ഷിതരാണെന്നു് അവയ്ക്കറിയാം. സ്കൂളിൽനിന്നും വിനോദയാത്രയ്ക്കു പോകുമ്പോൾ ഒന്നുരണ്ടദ്ധ്യാപകരെങ്കിലും നിങ്ങളോടൊത്തുണ്ടാകും. അവർ കൂടെയുള്ളപ്പോൾ നിങ്ങൾ സുരക്ഷിതരാണെന്ന ബോധം നിങ്ങൾക്കുണ്ടു്.

വളരെയധികം വാഹനങ്ങൾ ഇരമ്പിപ്പായുന്ന ഒരു റോഡു കുറുകെ കടക്കാൻ ഒരു കൊച്ചുകുട്ടിക്കു ഭയംതോന്നും. എന്നാൽ അച്ഛൻ കൂടെയുണ്ടെങ്കിലോ? ഭയമൊക്കെ പമ്പകടക്കും. വിജനമായ ഒരു സ്ഥലത്തുകൂടി, രാത്രിയിൽ ഒററയ്ക്കു നടക്കാൻ നിങ്ങൾക്കു ഭയമായിരിക്കും. എന്നാൽ അച്ഛനോടൊത്താണു പോകുന്നതെങ്കിലോ? 'അതു കാര്യം വേറെ' എന്നു നിങ്ങൾ പറയും. അച്ഛന്റെ കൈ പിടിച്ചു് എവിടെയും ഏതുസമയത്തും പോകാൻ നിങ്ങൾ തയ്യാറാണു്. ഏതപകടങ്ങളിൽനിന്നും അച്ഛൻ മതി നിങ്ങളെ കാത്തുകൊള്ളാൻ എന്നു നിങ്ങൾക്കുറപ്പുണ്ടു്.

## ദൈവം നമ്മെ പാലിക്കുന്നു

എന്നാൽ, അച്ഛനമ്മമാരോ ഗുരുജനങ്ങളോ എപ്പോഴും നിങ്ങളോടൊത്തുണ്ടായി എന്നു വരില്ല. ജീവിതം ഒരു നീണ്ട യാത്രയാണ്. ആ യാത്രയിൽ എന്തൊക്കെ സംഭവിക്കുമെന്നു് നമ്മിലാർക്കും മുൻകൂട്ടിക്കാണുവാൻ കഴിയുകയില്ല. എന്നാൽ ഒരു കാര്യം സുനിശ്ചിതമാണ്. എല്ലാമറിയുന്ന ദൈവം, നമ്മെ സ്നേഹിക്കുന്ന ദൈവം എപ്പോഴും സഹായത്തിനായി നമ്മോടൊത്തുണ്ടാകും.

ദൈവത്തെ നാം നേരിട്ടു കാണുന്നില്ല. എന്നാൽ ഓരോ നിമിഷവും ദൈവം നമ്മെ കണ്ടുകൊണ്ടാണിരിക്കുന്നതു്. ദൈവത്തിലാണു് നാം ജീവിക്കുന്നതും ചരിക്കുന്നതും. ദൈവമറിയാതെ നമുക്കു യാതൊന്നും സംഭവിക്കുന്നില്ല. നമ്മുടെ തലയിൽ നിന്നു് ഒരു മുടിനാരിഴ കൊഴിഞ്ഞുവീഴുന്നതുപോലും ദൈവം അറിയാതെയല്ല. നമ്മുടെ കാര്യം മാത്രമല്ല പ്രപഞ്ചത്തിലെ നേരിയ ചലനംപോലും ദൈവത്തിൻെറ അറിവിലും നിയന്ത്രണത്തിലുമാണ്. പൂക്കൾ വിരിയുന്നു, പറവകൾ പാടുന്നു, അരുവികളൊഴുകുന്നു. എല്ലാം ദൈവത്തിൻെറ ഇംഗിതമനുസരിച്ചത്രെ.

നമ്മുടെ ഏററവും വലിയ സ്നേഹിതനും, സർവ്വശക്തനുമായ ദൈവം നമ്മോടുകൂടിയുള്ളപ്പോൾ, നാം എന്തോർത്തു് ആകുലപ്പെടണം! ദൈവത്തിൻെറ കരങ്ങളിലാണു് നാമെങ്കിൽ ആരു് നമുക്കെതിരുനില്ക്കാൻ! എവിടെനിന്നു നമുക്കു് അപകടം വരാൻ! കൊച്ചുകുഞ്ഞു് അച്ഛൻെറ കൈകളിൽ ആശ്രയം കാണുംപോലെ, കോഴിക്കുഞ്ഞു് തള്ളക്കോഴിയുടെ ചിറകിനുള്ളിൽ അഭയം തേടുംപോലെ, ദൈവത്തിൻെറ കരങ്ങളിൽ ശരണം ഗമിക്കുന്നവർക്കു് എന്തു സുരക്ഷിതബോധമാണു്! അവർക്കു ഭയമില്ല, ആകുലതയില്ല, ഭാവിയെപ്പററി ആശങ്കയില്ല. ദൈവം കാത്തുകൊള്ളും എന്ന ഉറപ്പാണു് അവരെ നയിക്കുന്നതു്. അവിടുത്തെ ഹിതമനുസരിച്ചു നന്മചെയ്യുന്നവർക്കു് അവിടുന്നു് സൗഭാഗ്യം പ്രദാനംചെയ്യുമെന്നു് അവർ പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷയാണു് ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളെയെല്ലാം ധീരതയോടെ നേരിടാൻ കരുത്തു നൽകുന്നതു്.

## വിശ്വാസം—പ്രതീക്ഷയുടെ അടിസ്ഥാനം

ദൈവത്തിന്റെ പരിപാലനയിലുള്ള ആശ്രയത്തിനടിസ്ഥാനം അടിയുറച്ച വിശ്വാസമാണ്. സകല ചരാചരങ്ങളുടെയും സ്രഷ്ടാവായ ഈശ്വരനുണ്ടെന്നും അവിടുന്ന് നമ്മെ നിരന്തരം പരിപാലിക്കുമെന്നും, നന്മയ്ക്കു സമ്മാനവും തിന്മയ്ക്കു ശിക്ഷയും നല്കുമെന്നുമുള്ള ബോധ്യമാണ് വിശ്വാസം. അതു കേവലമൊരു തോന്നലോ നൈമിഷികമായ വികാരമോ അല്ല; ബുദ്ധിയുടെ വ്യാപാരമാണ്.

ഈ വിശ്വാസമുള്ളവന് എല്ലായിടത്തും ഈശ്വരചൈതന്യം കാണാൻ സാധിക്കും. അരുണോദയത്തിലും അന്തിച്ചോപ്പിലും പുല്ക്കൊടിയിലും പൂമ്പാററയിലും അയാൾ ഈശ്വരന്റെ അദൃശ്യകരങ്ങൾ ദർശിക്കുന്നു. പ്രകൃതിയിൽ കാണുന്നതെല്ലാം തന്നെ ആസ്തികന്റെ കാഴ്ചപ്പാടിൽ ഈശ്വരന്റെ പാദമുദ്രകളാണ്.

ഈശ്വരസൃഷ്ടമായ ഈ പ്രപഞ്ചത്തിനും മനുഷ്യജീവിതത്തിനും വ്യക്തമായ ലക്ഷ്യവും അർത്ഥവും ഉണ്ടെന്നും ആസ്തികൻ വിശ്വസിക്കുന്നു. അയാളുടെ ജീവിതത്തിനു് അർത്ഥം നല്കുന്നതു് ഈശ്വരവിശ്വാസമാണ്. സന്മാർഗ്ഗത്തിൽ ചരിക്കുവാനും ദുർമാർഗ്ഗത്തെ വിട്ടകലുവാനും ഈശ്വരവിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു. ജീവിതത്തിലുണ്ടാകുന്ന നിരവധി ക്ലേശങ്ങൾ ധീരതയോടും സമചിത്തതയോടുംകൂടി സഹിക്കുവാനും, ത്യാഗപൂർവ്വം മററുള്ളവർക്കു നന്മചെയ്യുവാനും പ്രചോദനം കിട്ടുന്നതും ഈശ്വരവിശ്വാസത്തിൽ നിന്നാണ്. അധ്വാനവും അല്ലലും നിറഞ്ഞ ഈ ലോകത്തിൽ ആശ്വാസത്തിന്റെയും ശാന്തിയുടെയും കുളിർമ ലഭിക്കുവാൻ ഈശ്വരവിശ്വാസം വേണം.

വിശ്വാസമില്ലാത്തവനു ജീവിതം താങ്ങാൻ വയ്യാത്ത ഭാരമാണ്. അയാളെ സംബന്ധിച്ചിടത്തോളം പ്രപഞ്ചത്തിനും മനുഷ്യജീവിതത്തിനും യാതൊരർത്ഥവുമില്ല. പ്രപഞ്ചം ഉണ്ടായതെങ്ങനെ എന്ന ചോദ്യത്തിനു് അയാൾക്കു് തൃപ്തികരമായ

ഉത്തരവുമില്ല. മനുഷ്യൻ ഭൂമുഖത്തു പിറന്നുവീണതുതന്നെ യാദൃച്ഛികസംഭവമാണെന്നു് അയാൾ കരുതുന്നു. മനുഷ്യജീവിതം അയാൾക്കു് എത്തും പിടിയുമില്ലാത്ത കടംകഥയാണു്. ലക്ഷ്യബോധമില്ലാതെ എങ്ങോട്ടോ നീങ്ങിക്കൊണ്ടിരിക്കുന്ന യാത്രക്കാരനാണയാൾ. കരയറിയാൻ വയ്യാത്ത കടലിൽ ഒഴുകിനടക്കുന്ന പൊങ്ങുതടി. ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന ഓരോ നേരിയ ക്ലേശവും അയാളെ കൂടുതൽ ദുഃഖിതനാക്കുന്നു. എല്ലാം കാണുന്ന ദൈവത്തിൽ ആശ്രയം കാണാത്തതിനാൽ ഭാവി അയാളെ ഭയാകുലനാക്കുന്നു. ദൈവത്തിൽ അഭയം തേടാത്തവനു്, അവിടുത്തെ പരിപാലനയിൽ പ്രതീക്ഷയില്ലാത്തവനു്, ജീവിതത്തിൽ എങ്ങനെ ശക്തിയുണ്ടാകും?

## ദൈവത്തിന്റെ പ്ലാൻ

നാമോരോരുത്തരും എന്തായിത്തീരണമെന്നുള്ളതിനെ സംബന്ധിച്ചു് ദൈവത്തിനു് വ്യക്തമായ ഒരാസൂത്രണമുണ്ടു്. നമ്മുടെ ഭാവിയെ സംബന്ധിച്ചു് മാതാപിതാക്കന്മാർക്കു് ചില പ്ലാനുകളെല്ലാം ഉണ്ടായിരിക്കുമല്ലോ. നാം ജീവിതത്തിൽ ഒരുന്നതസ്ഥാനത്തെത്തിച്ചേരണമെന്നുള്ളതാണു് അവരുടെ ആഗ്രഹം. നമ്മെ സംബന്ധിച്ച അവരുടെ പ്ലാൻ നമുക്കു മുഴുവനായി മനസ്സിലായി എന്നു വരുന്നതല്ല. എന്നാൽ ഒരു കാര്യം തീർച്ചയാണു്. അവരുടെ പദ്ധതി സാക്ഷാൽകരിക്കപ്പെടണമെങ്കിൽ നാം അവരെ വിശ്വസിക്കുകയും അവരോടു സഹകരിക്കുകയും വേണം. ഈ ലോകത്തിലെ ജീവിതത്തെക്കുറിച്ചാണല്ലോ നാം കൂടുതൽ വ്യഗ്രത കാണിക്കാറുള്ളതു്. എന്നാൽ ഈ ലോകത്തിലെ ഹ്രസ്വമായ ജീവിതത്തിനപ്പുറം അനശ്വരമായ മറെറാരു ജീവിതം നമ്മെ കാത്തിരിപ്പുണ്ടു്. ആ ജീവിതം സൗഭാഗ്യകരമാക്കിത്തീർക്കാൻ പരിശ്രമിക്കുകയെന്നതാണു് ഇവിടെ നമ്മുടെ പ്രധാന കർത്തവ്യം. ദൈവം നമുക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ ഈ അനന്തമായ ജീവിതവും ഉൾപ്പെടുന്നു. ജീവിതത്തിൽ ദൈവത്തോടു വിശ്വസ്തത പ്രദർശിപ്പിക്കുന്നവർക്കുള്ള പ്രതിസമ്മാനമാണു്, സൗഭാഗ്യകരമായ പാരത്രികജീവിതം.

ഇവിടെ ചിലപ്പോഴെല്ലാം നമുക്ക് ക്ലേശങ്ങൾ നേരിടേണ്ടി വരും. അവ ഒരു പക്ഷെ നമുക്കു ദൈവത്തോടുള്ള വിശ്വസ്തത പരീക്ഷിച്ചുനോക്കാനായി അവിടുന്ന് അയയ്ക്കുന്ന അവസരങ്ങളായിരിക്കാം.

## നിരാശയും അമിതപ്രതീക്ഷയും

ക്ലേശങ്ങൾ നേരിടുമ്പോൾ നിരാശരാകുന്ന ചിലരുണ്ട്. അവരുടെ വിശ്വാസത്തിനും പ്രതീക്ഷയ്ക്കും എളുപ്പം ഇളക്കം തട്ടുന്നു. മുള്ളുകൾക്കിടയിൽ മുളച്ചു വളരുന്ന ലതപോലെയാണവർ. മുൾത്തഴപ്പിൽ അതു് അമർന്നുപോകുന്നു. 'ഓ ഇതെൻെറ തലേലെഴുത്താണു'' എന്നവർ വിലപിക്കുന്നു. ദുഃഖത്തിനും നിരാശയ്ക്കും അവർ അടിപ്പെടുന്നു. മുറിച്ചുകളഞ്ഞാലും മുറിപ്പാടിൽനിന്നും തളിർത്തുല്ലസിച്ചുയരുന്ന ചെടിപോലെ, ക്ലേശങ്ങൾകൊണ്ടു തളർന്നുനില്ക്കാതെ, ഉണർന്നു പ്രവർത്തിക്കുന്നവർക്കാണു വിജയം. എന്തെല്ലാമായാലും ആശ കൈവെടിയരുതു്. ഇന്നത്തെ വീഴ്ചകളെപ്പോലും എണീക്കാനും മുന്നോട്ടു കുതിക്കാനുമുള്ള ചവിട്ടുപടികളായി ഉപയോഗപ്പെടുത്തണം. നമ്മുടെ ബലഹീനതയോർത്തു നാമെന്തിനു ഭയപ്പെടുന്നു? ഈശ്വരനുണ്ടു് നമ്മോടൊത്തു പ്രവർത്തിക്കുവാൻ. വിജയം നമ്മുടേതാണു്.

വേറെ ചിലരുണ്ടു്; 'എല്ലാം കാണുന്ന ദൈവമുണ്ടല്ലോ, അവിടുന്നു് നോക്കിക്കൊള്ളും. പിന്നെ ഞാനെന്തിനു കഷ്ടപ്പെടണം?' എന്നാണു് അവരുടെ വിചാരം. 'ഞാനെത്ര ശ്രമിച്ചാലെന്തു്? വിധിച്ചതല്ലേ സംഭവിക്കൂ?' എന്നവർ ചോദിക്കും. ഇതും ശരിയല്ല. നമ്മുടെ ഭാവി ശോഭനമോ ഇരുളടഞ്ഞതോ ആക്കുന്നതിൽ നമുക്കൊരു ഉത്തരവാദിത്വവുമില്ലേ? നമ്മുടെ ഭാവി നമ്മെ ആശ്രയിച്ചാണിരിക്കുന്നതു്. ദൈവം നമ്മുടെ സഹായത്തിനുണ്ടാവും. അവിടുന്നു നമുക്കു കഴിവുകൾ തന്നിട്ടുണ്ടു്. അവ ഉപയോഗിച്ചു നാം യത്നിക്കണം. നമ്മുടെ ഭാവി നാം തന്നെ രൂപപ്പെടുത്തണം. ദൈവം എപ്പോഴും കൂടെയുണ്ടാവും. 'താൻ പാതി ദൈവം പാതി' എന്നു കേട്ടിട്ടില്ലേ? അതിൻെറ അർത്ഥം ഇതാണു്.

## ചിന്തിക്കാൻ

1 അച്ഛൻ കൂടെയുള്ളപ്പോൾ തനിക്കൊന്നും ഭയപ്പെടാനില്ലെന്നു് ഒരു കുഞ്ഞു വിചാരിക്കുന്നു. എന്തുകൊണ്ടു്?

2 ദൈവപരിപാലനം എന്നാലെന്തു്? ദൈവപരിപാലനയിലുള്ള ആശ്രയം നമ്മുടെ ജീവിതത്തെ എങ്ങനെ സഹായിക്കും?

3 വിശ്വാസിയുടെയും അവിശ്വാസിയുടെയും ജീവിതവീക്ഷണത്തിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുക.

4 'ദൈവത്തിനു് ഓരോരുത്തരെപ്പററിയും പ്ലാനുണ്ടു്' അത്ഥം വ്യക്തമാക്കുക?

5 'കൊതിച്ചതുണ്ടോ കിട്ടൂ. വിധിച്ചതല്ലേ വരൂ' എന്നു കരുതുന്നയാളിനോടു് നിങ്ങളെന്തു പറയും?

6 'താൻ പാതി ദൈവം പാതി' ആശയം വിശദമാക്കുക.

## അനുഷ്ഠിക്കാൻ

1 പാഠങ്ങൾ പഠിക്കാതിരുന്നതിൻെറ ഫലമായി ഒരാൾ പരീക്ഷയിൽ തോററു. കഴിവിൻെറ പരമാവധി വിനിയോഗിച്ചിട്ടും മററാരാൾ പരാജയപ്പെട്ടു ഈ രണ്ടു പരിതഃസ്ഥിതികളിലും അവരുടെ ചിന്താഗതി എന്തായിരിക്കാം? എന്തായിരിക്കണം?

2 ജീവിതത്തിൽ ക്ലേശങ്ങളും പരാജയങ്ങളും ഉണ്ടാകുമ്പോൾ ചിലർ ദൈവം ഉണ്ടോ എന്നു സംശയിക്കും; മററു ചിലർ ദൈവത്തെ പഴിക്കും. അത്തരം സന്ദഭ്ങ്ങളിൽ അവർ വർത്തിക്കേണ്ടതെങ്ങനെയെന്നു പരിശോധിക്കുക.

3 ദൈവത്തിൻെറ സ്നേഹമസൃണമായ സംരക്ഷണം നിങ്ങൾക്കു ലഭിച്ചിട്ടുള്ള മൂന്നു സന്ദർഭങ്ങൾ വിവരിക്കുക.

# 11

# ദൈവത്തെ നാം സ്നേഹിക്കണം

രാജൻെറ അനുജത്തിയാണ ലീല. രാജനു് എട്ടുവയസ്സു്; ലീലയ്ക്കു് അഞ്ചും. അവർ ഒരുമിച്ചാണു് സ്കൂളിൽ പോകുന്നതും പഠിക്കുന്നതും കളിക്കുന്നതുമെല്ലാം. പെട്ടെന്നൊരു ദിവസം ലീലയ്ക്കു അസുഖമായി. ഡോക്ടർവന്നു പരിശോധിച്ചു. ഉടൻ തന്നെ ആശുപത്രിയിലെത്തിക്കണമെന്നു ഡോക്ടർ നിർദ്ദേശിച്ചു. ഒന്നുരണ്ടു ദിവസംകൊണ്ടു് രോഗം അപകടകരമാംവിധം മൂർഛിച്ചു. രക്തം കൊടുത്താൽ മാത്രമേ കുട്ടി രക്ഷപെടൂ എന്ന ഘട്ടത്തിലായി. രാജൻെറ രക്തം അനുജത്തിക്കു യോജിച്ചതായിരുന്നു. "കുഞ്ഞിൻെറ രക്തത്തിൽ കുറെ അനുജത്തിക്കു കൊടുക്കാൻ സമ്മതമാണോ?'' ഡോക്ടർ ബാലനോടു ചോദിച്ചു. രാജൻ ഈ ചോദ്യംകേട്ടു് അല്പനേരത്തേയ്ക്കു് അമ്പരന്നുപോയി. അവൻെറ കൊച്ചുകണ്ണുകളിൽ ഭയം നിഴലിച്ചു. നിമിഷനേരത്തെ ആലോചനയ്ക്കു ശേഷം കുട്ടി മറുപടി പറഞ്ഞു. ''ശരി ഡോക്ടർ. എനിക്കു സമ്മതമാണു്.'' രക്തം കൊടുത്തു കഴിഞ്ഞപ്പോൾ അവൻ ഡോക്ടറോടു് ചോദിച്ചു. ''ഡോക്ടർ, ഞാനിനി എപ്പോൾ മരിക്കും?'' അപ്പോഴാണു് കുട്ടിയുടെ ഭയത്തിൻെറ കാരണം ഡോക്ടർക്കു മനസ്സിലായതു്. രക്തം ദാനം ചെയ്യുന്നയാൾ മരിച്ചുപോകുമെന്നായിരുന്നു ആ പാവം ധരിച്ചുവച്ചിരുന്നതു്. എങ്കിലും സഹോദരിക്കുവേണ്ടി ജീവൻ ബലികഴിക്കാനുള്ള തീരുമാനമെടുക്കുവാൻ ഒരു നിമിഷം മാത്രമേ അവനു വേണ്ടി വന്നുള്ളു.

## മാതാപിതാക്കളുടെ സ്നേഹം

നമ്മുടെ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും നമ്മെ വളരെയധികം സ്നേഹിക്കുന്നു. അവരെ നാമും സ്നേഹിക്കുന്നുണ്ട്. അവരെ സ്നേഹിക്കേണ്ടതെങ്ങനെയെന്നു് ആരും നമ്മെ പഠിപ്പിക്കേണ്ടതില്ല. അവർക്കുവേണ്ടി എത്ര ബുദ്ധിമുട്ടുവാനും നാം തയ്യാറാണു്.

മാതാപിതാക്കൾക്കു മക്കളോടുള്ള സ്നേഹം എത്രമാത്രമാണെന്നു് അനുഭവത്തിൽനിന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്. നിങ്ങളുടെ കുഞ്ഞനുജനോ അനുജത്തിയ്ക്കോ എന്തെങ്കിലും അസുഖമുണ്ടാകുമ്പോൾ അമ്മ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു ശുശ്രൂഷിക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? കൊച്ചുകുട്ടികളായിരുന്നപ്പോൾ നിങ്ങൾക്കുവേണ്ടിയും അമ്മ ഇങ്ങനെ പ്രയാസപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ നിങ്ങളുടെ പഠനത്തിനും ആഹാരത്തിനുമെല്ലാംവേണ്ടി നിങ്ങളുടെ അപ്പനമ്മമാർ എന്തുമാത്രം ബദ്ധപ്പെടുന്നു!

## ദൈവത്തിൻെറ സ്നേഹം

എന്നാൽ നമ്മുടെ മാതാപിതാക്കന്മാരിലുമധികം നമ്മെ സ്നേഹിക്കുന്ന ഒരാളുണ്ടു്: ദൈവം. മാതാപിതാക്കളിൽനിന്നാണു് നാം ജനിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ നമുക്കു് ജീവൻ നൽകുന്നതു ദൈവമാണു്. ഓരോ നിമിഷവും നമ്മെ ജീവിതത്തിൽ താങ്ങി നിറുത്തുന്നതു ദൈവമാണു്. മാതാപിതാക്കന്മാർ വിചാരിച്ചാൽ നമ്മുടെ ജീവിതം ഒരു നിമിഷംപോലും നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല. ദൈവം തീരുമാനിക്കുന്ന നിമിഷത്തിൽ നമ്മുടെ ജീവിതം അവസാനിക്കുന്നു. നമ്മുടെ അസ്തിത്വത്തിനു് അടിസ്ഥാനം ദൈവമാണെന്നു് ഇതിൽനിന്നും വ്യക്തമാണല്ലോ. നമ്മുടെ ആരോഗ്യം, ബുദ്ധിശക്തി, സ്നേഹസമ്പന്നരായ മാതാപിതാക്കന്മാർ എന്നിങ്ങനെ നൂറുനൂറുകാര്യങ്ങൾക്കു് നാം ദൈവത്തോടു കടപ്പെട്ടിരിക്കുന്നു. നാം മുന്നദ്ധ്യായങ്ങളിൽനിന്നു മനസ്സിലാക്കിയതുപോലെ, ദൈവം നമ്മെ അവിടുത്തെ ഉള്ളങ്കൈയിലെന്നതുപോലെ സദാ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. നമ്മെ ഇത്രയധികം സ്നേഹിക്കുന്ന ദൈവത്തിൻെറ നേക്കു് പ്രതിസ്നേഹം പ്രദർശിപ്പിക്കുകയെന്നതു് കേവലം നീതി മാത്രമാണു്.

## നാം എന്തുകൊണ്ടു് ദൈവത്തെ സ്നേഹിക്കണം?

നാം ദൈവത്തെ സ്നേഹിക്കണമെന്നതിനു വേറെയും ന്യായങ്ങളുണ്ടു്. ദൈവം പരിപൂർണ്ണനും സമസ്ത സൗഭാഗ്യങ്ങളുടെയും ഇരിപ്പിടവുമാണു്. ഉത്തമനായ ഒരു വ്യക്തി തൻെറ സന്തോഷത്തിൽ മററുള്ളവരെയും പങ്കുകാരാക്കാൻ ആഗ്രഹിക്കും. ദൈവം തൻെറ സൗഭാഗ്യത്തിൽ പങ്കുചേർക്കാൻ വേണ്ടിയാണു് നമ്മെ സൃഷ്ടിച്ചതെന്നു് മുമ്പൊരു സന്ദർഭത്തിൽ നാം പഠിച്ചതല്ലോ. എന്നാൽ ഇതിനൊരു വ്യവസ്ഥയുണ്ടു്: നാം ദൈവത്തെ സ്നേഹിക്കുകയും അവിടുന്നു കാണിച്ചുതന്നിട്ടുള്ള മാർഗ്ഗത്തിലൂടെ ചരിക്കയുംവേണം. ഇങ്ങനെ നോക്കുമ്പോൾ ദൈവത്തെ സ്നേഹിക്കുകയെന്നതു് ദൈവികമായ ഒരു കല്പനകൂടിയാണെന്നു മനസ്സിലാക്കാം. ഈ കല്പനയനുസരിച്ചു ജീവിക്കുന്നവർക്കു് ജീവിതത്തിലും മരണാനന്തരവും സൗഭാഗ്യം ലഭിക്കുന്നു. നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് ദൈവത്തെ സ്നേഹിക്കാനും അനുസരിക്കാനുംവേണ്ടിയാണെന്നു് പറയുന്നതിൻെറ അർത്ഥവും ഇതുതന്നെ.

ദൈവം പരിപൂർണ്ണനന്മയാണെന്നതാണു് അവിടുത്തെ സ്നേഹിക്കുന്നതിനുള്ള മറെറാരു ന്യായം. നന്മയുടെ നേർക്കു് നമുക്കു നൈസർഗ്ഗികമായി ഒരാകർഷണമുണ്ടു്. നല്ല വസ്തുക്കളെയും ആളുകളെയും നാം സ്നേഹിക്കുന്നു. സുന്ദരമായ പുഷ്പങ്ങൾ, സുഖപ്രദമായ കാലാവസ്ഥ, രുചികരമായ ഭക്ഷണസാധനങ്ങൾ ഇവയെല്ലാം നാം ഇഷ്ടപ്പെടുന്നുണ്ടു്. നന്മയായിട്ടുള്ളതെന്തിനെയും സ്നേഹിക്കുകയെന്നതു് തികച്ചും സ്വാഭാവികമത്രെ. അങ്ങനെയെങ്കിൽ നന്മതന്നെയായ ഈശ്വരനെക്കാൾ ശ്രേഷ്ഠമായ ഒരു സ്നേഹവിഷയമുണ്ടോ?

ദൈവം നമുക്കു നൽകിയിട്ടുള്ള നിരവധി നന്മകളുടെ പേരിലും നാം ദൈവത്തെ സ്നേഹിക്കണം. നമുക്കു് ഏതെങ്കിലും തരത്തിൽ ഉപകാരം ചെയ്തിട്ടുള്ളവരെ നാം സ്നേഹിക്കുന്നതു് സ്വാഭാവികമാണല്ലോ. ദൈവത്തിൽനിന്നെന്തെല്ലാം നന്മകളാണു് നമുക്കു ലഭിച്ചിട്ടുള്ളതു്!

നമ്മുടെ ജീവിതത്തിൽ പൂർണ്ണമായ സംതൃപ്തി നൽകുവാൻ സാധിക്കുന്നതു് ദൈവത്തിനു മാത്രമാണു്. സമ്പത്തു്, പ്രശസ്തി,

ആഡംബരങ്ങൾ, സ്നേഹിതന്മാർ ഇവയെല്ലാന്നും നമ്മെ പരിപൂർണ്ണമായി സംതൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല, സമ്പത്തുള്ള ഒരാൾക്ക് കുറെക്കൂടി സമ്പന്നനാകണമെന്നാണാഗ്രഹം. പ്രശസ്തിയുടെ കാര്യവും ഇങ്ങനെതന്നെ. ഭൗമികമായ ഒരു നേട്ടവും കൊണ്ട് മനുഷ്യൻ തൃപ്തനാകുന്നില്ല. അവനു തൃപ്തിവരാൻ ഈശ്വരനെത്തന്നെ പ്രാപിക്കണം. ഇതിൽനിന്നു് ഒരുകാര്യം വ്യക്തമാണു്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് ഭൗമികമായ സുഖങ്ങൾക്കുവേണ്ടിയല്ല, മറിച്ച് ഈശ്വരപ്രാപ്തിക്കുവേണ്ടിയാണു്. ഈശ്വരനെ നാം പ്രാപിക്കുന്നതുവരെ നമ്മുടെ ആത്മാവു് അസ്വസ്ഥമായിരിക്കും. ഈശ്വരനെ പ്രാപിക്കുവാനുള്ള മാർഗ്ഗം ഈശ്വരസ്നേഹവുമത്രെ.

## ഈശ്വരനെ സ്നേഹിക്കേണ്ടതു് ഏതു രീതിയിൽ

സ്നേഹം പ്രാഥമികമായി ഹൃദയത്തിന്റെ വ്യാപാരമാണു്. ഇതിന്റെ കാതൽ സ്നേഹിക്കപ്പെടുന്നയാൾ അതിനർഹനാണെന്ന അംഗീകാരമത്രേ. മറ്റെല്ലാം അതിന്റെ പ്രകടനങ്ങൾ മാത്രം. ഒരു കുഞ്ഞു് അമ്മയെ കാണുമ്പോൾ പുഞ്ചിരിക്കുന്നു. ആ കളിർപുഞ്ചിരി, അമ്മയെ അമ്മയായി ഏറ്റുപറയലാണു്. അതുപോലെതന്നെ ദൈവത്തെ ദൈവമായി അംഗീകരിക്കലാണു് ദൈവസ്നേഹത്തിന്റെ അടിസ്ഥാനവും ആരംഭവും. ഈ അംഗീകാരമാണു് നമ്മുടെ പ്രാർത്ഥനയിലൂടെ നാം നിർവ്വഹിക്കുന്നതു്.

അറിയുന്നതിനെ മാത്രമേ നാം സ്നേഹിക്കുന്നുള്ളൂ. നമ്മുടെ മാതാപിതാക്കളെയും സ്നേഹിതരെയും നമുക്ക് അടുത്തറിയാം. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയെക്കുറിച്ചും ലോകത്തിലെ മറ്റു മഹാന്മാരെപ്പറ്റിയും നാം പഠിച്ചിട്ടുണ്ട്. അതുകൊണ്ടു് അവരെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്നേഹിക്കുവാൻ ആദ്യമായി ചെയ്യേണ്ടതു് അവിടുത്തെക്കുറിച്ചു പഠിക്കുകയാണു്. മതഗ്രന്ഥങ്ങൾ നമുക്ക് ദൈവത്തെക്കുറിച്ച് അറിവുതരുന്നു.

മാതാപിതാക്കളെ സ്നേഹിക്കുന്ന കുട്ടികൾ അവരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. അനുസരണയും ബഹുമാനവുമാണ് സ്നേഹത്തിൻെറ തെളിവ്. അതുപോലെതന്നെ നാം ഈശ്വരനെ സ്നേഹിക്കുന്നുവെങ്കിൽ ഈശ്വരകല്പനകളായ സന്മാർഗ്ഗനിയമങ്ങൾ അനുസരിക്കണം. കാരണം സന്മാർഗ്ഗനിയമങ്ങൾ ഈശ്വരഹിതത്തെ നമുക്കു വെളിപ്പെടുത്തിത്തരുന്നു. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നതു് കപടതയാണ്. ദൈവഹിതം നിറവേററാൻ പലപ്പോഴും നമ്മുടെ പ്രവണതയ്ക്കെതിരായി പ്രവർത്തിക്കേണ്ടിവരും. സ്കൂളിലെ കളിസ്ഥലത്തു വെച്ച് ഒരു സ്വർണ്ണമാല നിങ്ങൾക്കു കിട്ടിയെന്നിരിക്കട്ടെ. മററാരുമറിയാതെ നിങ്ങൾക്കതു സ്വന്തമാക്കാം, വിററു പണമാക്കാം. എന്നാൽ നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ, പണത്തിനോ സ്വർണ്ണത്തിനോ അല്ല അവിടുത്തെ ഹിതം നിറവേറ്റുന്നതിനേ പ്രാധാന്യം കല്പിക്കൂ. മോഷ്ടിക്കരുതു് എന്നതു് ദൈവത്തിൻെറ കല്പനയാണ്. തന്മൂലം നിങ്ങൾ എന്താണു ചെയ്യേണ്ടതു്? മാലയുടെ ഉടമസ്ഥനെ കണ്ടുപിടിച്ച് അയാൾക്കു കൊടുക്കണം. അതു സാധിക്കുന്നില്ലെങ്കിൽ ഹെഡ്മാസ്റ്ററെ ഏല്പിക്കുകയെങ്കിലും ചെയ്യണം.

ചിലപ്പോൾ നിയമാനുഷ്ഠാനത്തിനായി വളരെയേറെ ക്ലേശങ്ങളും സഹിക്കേണ്ടിവന്നേക്കാം. ദൈവസ്നേഹമുള്ളവർ ആ ക്ലേശം സന്തോഷപൂർവ്വം സ്വീകരിക്കും.

പാപത്തെക്കാൾ മരണമെന്നതാണ് പല പുണ്യാത്മക്കളുടെയും മുദ്രാവാക്യം: ചില കുട്ടികൾ പരീക്ഷാഹോളിൽ കോപ്പിയടിക്കുന്നതു കണ്ടിട്ടില്ലേ. കോപ്പിയടിച്ചില്ലെങ്കിൽ നിങ്ങൾ തോറ്റുപോയേക്കാം. രണ്ടാമതൊരിക്കൽക്കൂടി അതേ ക്ലാസ്സിൽ പഠിക്കേണ്ടി വന്നേക്കാം. എന്നാലും നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ വഞ്ചന കാണിക്കുന്നതിലും ഭേദം തോൽവിയാണെന്നു കരുതും.

ഈശ്വരനെ സ്നേഹിക്കുവാനുള്ള മറെറാരു പ്രധാന മാർഗ്ഗമാണ് സഹോദരസ്നേഹം, പ്രത്യേകിച്ച് അവശതയനുഭവിക്കുന്നവരുടെ നേർക്കുള്ള സ്നേഹം. ദൈവം നമ്മുടെ പിതാവും നാമെ

ല്ലാം അവിട്ടത്തെ സന്താനങ്ങളുമാണു്. രോഗികൾ, ദരിദ്രർ, പീഡിതർ എന്നിവരെല്ലാം അവശതയനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരത്രേ. അവരെ സ്നേഹിക്കുമ്പോൾ, അവർക്കു സേവനം ചെയ്യുമ്പോൾ, നാം ദൈവത്തെത്തന്നെയാണു സ്നേഹിക്കുന്നതു്.

## എത്രമാത്രം സ്നേഹിക്കണം

പാപകൃത്യങ്ങളെ വർജ്ജിക്കുന്നതുകൊണ്ടുമാത്രം ഈശ്വരസ്നേഹം പൂർണ്ണമായെന്നു കരുതരുതു്. ദൈവത്തിനിഷ്ടപ്പെട്ട നന്മപ്രവൃത്തികൾ നാം പരിശീലിക്കയും വേണം. ഉദാഹരണത്തിനു്, പലപ്പോഴായി കിട്ടിയ പോക്കററുമണി സംഭരിച്ചു് നിങ്ങൾ അഞ്ചു രൂപയുണ്ടാക്കിയെന്നിരിക്കട്ടെ ഈ തുകകൊണ്ടു് നിങ്ങൾക്കു സിനിമ കാണുകയോ ഏതെങ്കിലും കളിപ്പാട്ടം വാങ്ങുകയോ ചെയ്യാം. പക്ഷെ അതൊന്നും ചെയ്യാതെ, നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന നിർദ്ധനനായ ഒരു കുട്ടിക്കു പുസ്തകങ്ങൾ വാങ്ങുവാനായി ഈ പണം നിങ്ങൾ വിനിയോഗിക്കുകയാണെങ്കിൽ അതു ദൈവത്തിനേററവും പ്രീതികരമായ ഒരു സുകൃതമായിരിക്കും. അതു് നിങ്ങളുടെ ദൈവസ്നേഹത്തിൻെറ മഹത്തായ ഒരുദാഹരണവുമായിരിക്കും. ഫാദർ ഡാമിയൻ, ഫ്ളോറൻസ് നൈററിംഗെയിൽ, ആൽബർട്ട് ഷ്വൈററ്സർ തുടങ്ങിയവരും നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയും സ്വന്ത സുഖസൗകര്യങ്ങൾ ത്യജിച്ചു് മററുള്ളവക്കു നന്മചെയ്തവരാണു്. ഈശ്വരനോട്ടും സമസ്തസൃഷ്ടങ്ങളോട്ടുമുള്ള സ്നേഹം നിമിത്തം സ്വന്തം ജീവനെത്തന്നെ ബലികൊടുത്ത പല മഹാന്മാരുടെയും ജീവിതകഥകൾ നാം വായിച്ചിട്ടുണ്ടല്ലോ. യഥാർത്ഥ സ്നേഹത്തിൻെറ മാററു നോക്കുവാനുള്ള ഉരകല്ലാണു് ത്യാഗം. ഈ പാഠത്തിൻെറ ആരംഭത്തിൽ നാം കണ്ട രാജൻ തൻെറ സഹോദരിക്കുവേണ്ടി മരിക്കുവാൻവരെ തയ്യാറായില്ലേ? ആ കുട്ടിയുടെ സ്നേഹം അത്ര ശ്രേഷ്ഠമാണെന്നത്രേ നാം മനസ്സിലാക്കുന്നതു്.

## ചിന്തിക്കാൻ

1 രാജൻ തൻെറ അനുജത്തിയോടുള്ള സ്നേഹം എങ്ങനെ പ്രകടമാക്കി?

2 നാം ദൈവത്തെ സ്നേഹിക്കണമെന്നു പറയുന്നതിനുള്ള പ്രധാന കാരണങ്ങൾ ഏവ?

3 ദൈവസ്നേഹം കാണിക്കാനുള്ള പ്രധാന മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുക.

4 ഒരാൾ ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്നു പറയുന്നു. ഈശ്വരകല്പനകൾ നിഷേധിക്കുകയും ചെയ്യുന്നു. അയാൾക്കു് ആത്മാർത്ഥതയില്ല എന്നു പറയുവാൻ കാരണമെന്തു്?

5 ദൈവത്തെ ശരിയായി സ്നേഹിക്കുവാൻ നമ്മിലുണ്ടായിരിക്കേണ്ട മനോഭാവമെന്തു്?

## അനുഷ്ഠിക്കാൻ

1 ഈശ്വരസ്നേഹത്തെയും സമസൃഷ്ട സ്നേഹത്തെയും മുൻനിറുത്തി ജീവൻ ബലികഴിച്ച ചില മഹാത്മാരുടെ പേരു പറയുക. അവർ ചെയ്ത പ്രധാന സേവനങ്ങൾ ഏവ?

2 സ്വന്തം സുഖം പരിത്യജിച്ചു് അന്യർക്കു സേവനം ചെയ്യാവുന്ന അഞ്ചു സന്ദർഭങ്ങൾ നിങ്ങളുടെ സ്കൂൾ ജീവിതത്തിൽ നിന്നു ചൂണ്ടിക്കാണിക്കുക.

3 നമുക്കുപകാരം ചെയ്യുന്ന കൂട്ടുകാരെ സ്നേഹിക്കാനെളുപ്പമാണു്. എന്നാൽ അവരെക്കാൾ വളരെ അധികം നമ്മെ സ്നേഹിക്കുന്ന ദൈവത്തെ സ്നേഹിക്കാൻ പലർക്കും പ്രയാസമാണു്. ചർച്ചചെയ്യുക.

# 12

# എന്താണ മതം

നിങ്ങൾ കേരളത്തിലെ ഏതെങ്കിലും നഗരത്തിലൂടെ കടന്നു പോവുകയാണെന്നിരിക്കട്ടെ. വഴിവക്കിൽ ഉയൎന്നുനില്ക്കുന്ന മനോഹരമായ ഒരു വലിയ കെട്ടിടം നിങ്ങളെ ആകർഷിക്കുന്നു. അതിനു മുകളിൽ കാണുന്ന കുരിശ്ശ് അതൊരു ക്രൈസ്തവദേവാലയമാണെന്നു് വിളിച്ചുപറയുന്നുണ്ടു്. അല്പംകൂടി മുമ്പോട്ടുപോകുമ്പോൾ നടുവിൽ പൊന്നിൻകൊടിമരവുമായി ഒരു ഹൈന്ദവ ക്ഷേത്രം നിലകൊള്ളുന്നു. കുറെക്കൂടി നടക്കു, ഒരു മോസ്കിൻെറ മുമ്പിൽ നിങ്ങൾ എത്തുന്നു. നഗരങ്ങളിൽ മാത്രമല്ല നാട്ടിൻപുറങ്ങളിലും കാണാം വിവിധ മതവിശ്വാസികളുടെ ആരാധനാലയങ്ങൾ. ഭക്തരായ മതവിശ്വാസികൾ അവിടെ ഒന്നിച്ചുകൂടി ഈശ്വരാരാധന നടത്തുന്നു, അനുഗ്രഹങ്ങൾക്കായി പ്രാൎത്ഥിക്കുന്നു.

ഇതെല്ലാം ഒരു വസ്തുത തെളിയിക്കുന്നു, മനുഷ്യരുടെ ജീവിതത്തിൽ മതത്തിനു വലിയ സ്ഥാനമുണ്ടു്. ലോകത്തെങ്ങുമുള്ള മനുഷ്യരിൽ ബഹുഭൂരിപക്ഷവും ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നു: മതം നൽകുന്ന പ്രമാണങ്ങൾ അനുസരിച്ചുജീവിക്കുന്നു. പൂജ, പ്രാർത്ഥന തുടങ്ങിയ മതകൎമ്മങ്ങളിൽ പങ്കെടുത്തു് ഈശ്വരാരാധന നടത്തുന്നു.

ഈ പാഠപുസ്തകത്തിൻെറ ഇതുവരെയുള്ള അദ്ധ്യായങ്ങളിൽ ഈശ്വരനെയും ഈശ്വരനോടു മനുഷ്യനുള്ള കടപ്പാടിനെയും കുറിച്ചു പ്രതിപാദിച്ചു. ഈശ്വരൻ പ്രപഞ്ചത്തിൻെറ സ്രഷ്ടാ-

വും സംരക്ഷകനും പരിപാലകനുമാണ്; മനുഷ്യർ നിരന്തരം ഈശ്വരന്റെ കരങ്ങളിലാണ്. നമുക്കു വേണ്ടതെല്ലാം ഈശ്വരൻ നൽകിയിരിക്കുന്നു; ഈശ്വരന്റെ മുമ്പിൽ മനുഷ്യൻ ആരാധനയും കൃതജ്ഞതാപ്രകടനവും നടത്തണം. വിനയത്തോടെ ദൈവത്തോടു പ്രാർത്ഥിക്കുകയും അവിടുത്തെ പരിപാലനയിൽ വിശ്വാസവും പ്രതീക്ഷയും അർപ്പിക്കുകയും വേണം. ഇതെല്ലാമാണ് ഇതുവരെ പഠിച്ചത്.

ഈശ്വരനും മനുഷ്യനുമായുള്ള ഈ ബന്ധത്തിൽ വിശ്വസിക്കുകയും ആ വിശ്വാസത്തെ ചില അനുഷ്ഠാനങ്ങളിലൂടെ ഏറ്റുപറയുകയും ചെയ്യുന്നതാണു മതം. അതുകൊണ്ടത്രേ, മതം മനുഷ്യനെ ഈശ്വരനോടു ബന്ധിപ്പിക്കുന്ന സുവർണ്ണശൃംഖലയാണെന്നു പറയുന്നത്.

പല മതങ്ങളിൽപ്പെട്ട വിദ്യാർത്ഥികളാണല്ലോ നിങ്ങൾ. ഭാരതത്തിൽത്തന്നെ ഹിന്ദുമതം, ക്രൈസ്തവമതം, ഇസ്ലാംമതം എന്നിങ്ങനെ മൂന്നു പ്രധാന മതങ്ങളുണ്ട്.

ഏതെങ്കിലുമൊരു മതത്തെ പ്രത്യേകം പഠിക്കാതെ, എല്ലാ മതങ്ങൾക്കും പൊതുവിലുള്ള ചില സ്വഭാവങ്ങൾ മാത്രം നമുക്കു പഠിക്കാം. എന്താണു മതം, മതം എങ്ങനെയുണ്ടായി, മതം മനുഷ്യനു് ആവശ്യമാണോ? എന്നീ കാര്യങ്ങൾ നമുക്കപ്പോൾ കൂടുതൽ വ്യക്തമായി മനസ്സിലാകും.

ഏതു മതത്തിന്റെയും ഏററം അടിസ്ഥാനപരമായ കാര്യം അതു മനുഷ്യനെ ഈശ്വരനോടു ബന്ധിപ്പിക്കുന്ന കണ്ണിയായി വർത്തിക്കുന്നു എന്നതാണ്. ഈ ബന്ധമാണ് മനുഷ്യർക്കു പരസ്പരമുള്ള ബന്ധത്തിനും ആധാരം.

## മൗലികസത്യങ്ങൾ

എല്ലാ മതങ്ങൾക്കും ചില വിശ്വാസപ്രമാണങ്ങളുണ്ട്. ദൈവം ആരാണ്? ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമെന്ത്? മനുഷ്യർ തമ്മിൽ ഏതുവിധം ബന്ധപ്പെട്ടിരിക്കുന്നു?

മനുഷ്യജീവിതത്തിൻെറ അർത്ഥമെന്തു്? മരണാനന്തരം മനുഷ്യനു് എന്തു സംഭവിക്കുന്നു? എന്നിങ്ങനെയുള്ള അടിസ്ഥാന പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങളാണു് ഈ വിശ്വാസസത്യങ്ങളിൽ അടങ്ങിയിരിക്കുന്നതു്. മതസ്ഥാപകരും മതാചാര്യന്മാരും ഈ സത്യങ്ങൾ അനുയായികളെ പഠിപ്പിക്കുന്നു. മതഗ്രന്ഥങ്ങളിൽ ഇവ എഴുതപ്പെട്ടിരിക്കുന്നു. അങ്ങനെ ഒരു തലമുറയിൽനിന്നു് മറെറാരു തലമുറയിലേക്കു് ഈ സത്യങ്ങൾ കൈമാററം ചെയ്യപ്പെടുന്നു.

## അനുശാസനങ്ങൾ

ചില സത്യങ്ങൾ സ്വീകരിച്ചതുകൊണ്ടുമാത്രം ഒരാൾ മതവിശ്വാസിയായി എന്നു പറയാൻവയ്യാ; വിശ്വസിക്കുന്ന സത്യങ്ങൾ അനുസരിച്ചു് ജീവിക്കുകയും വേണം. അഥവാ വിശ്വാസത്തെ ജീവിതത്തിൽ പകർത്തണം. വിശ്വാസമനുസരിച്ചു പ്രവത്തിക്കണം. അതിനാൽ ഓരോ മതവും വിശ്വാസസത്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചില അനുശാസനങ്ങൾകൂടി നല്കുന്നു. ഇന്നതു ചെയ്യണം, ഇന്നതു ചെയ്യരുതു് എന്നു് ഓരോ മതവും അനുയായികൾക്കു് നിർദ്ദേശം നല്കുന്നു. ഈ നിയമങ്ങളുടെ കാര്യത്തിൽ എല്ലാ മതങ്ങൾക്കും തമ്മിൽ യോജിപ്പില്ലെങ്കിലും ചില നിയമങ്ങൾ എല്ലാ മതങ്ങൾക്കും പൊതുവായിട്ടുണ്ടു്. ഈശ്വരനെ ആരാധിക്കണം, മാതാപിതാക്കളെ ആദരിക്കണം, സഹോദരനെ സ്നേഹിക്കണം എന്നിങ്ങനെയുള്ള നിയമങ്ങൾ ഏതു മതത്തിൽപ്പെട്ടയാളിനും ഒരുപോലെ സ്വീകാര്യമാണു്.

## ആരാധനാനുഷ്ഠാനങ്ങൾ

വിശ്വാസസത്യങ്ങൾക്കും അനുശാസനങ്ങൾക്കും പുറമെ മതങ്ങൾക്കെല്ലാം പൊതുവായി മറെറാന്നുകൂടിയുണ്ടു്, ആരാധനാനുഷ്ഠാനം. പ്രാത്ഥന, ബലി തുടങ്ങിയ ആരാധനകമ്മങ്ങൾ ഇതിൽപ്പെടും. ഈശ്വരനോടുള്ള വിധേയത്വവും ആരാധനയും കൃതജ്ഞതയും പ്രദർശിപ്പിക്കുവാനുള്ള പ്രധാനമാഗ്ഗവും പൂജാപ്പണമാണു്. ഏതു മതത്തിൻെറയും ആരാധനാരൂപങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് പൂജയാണെന്നു പറയാം. പൂജയപ്പിക്കാൻ

വൈദികർ, പുരോഹിതർ, പൂജാരികൾ എന്ന വിവിധ നാമങ്ങളിലറിയപ്പെട്ടുന്ന വ്യക്തികൾ മിക്ക മതങ്ങളിലുമുണ്ട്. ആ മതങ്ങൾ, ഇവർക്ക് സംപൂജ്യമായ സ്ഥാനം കല്പിക്കുന്നു.

## വിശ്വാസം

മതപരമായ സത്യങ്ങളുടെയെല്ലാം പൂർണ്ണമായ അർത്ഥം നമുക്കു മനസ്സിലാക്കാൻ കഴിയുകയില്ല രണ്ടും രണ്ടും ചേർന്നാൽ നാലാണ് എന്ന് നമുക്കു കണക്കുകൂട്ടി മനസ്സിലാക്കാം. ഹൈഡ്രജനും ഓക്സിജനും ഒരു പ്രത്യേക അനുപാതത്തിൽ ചേർന്നാൽ വെള്ളമുണ്ടാകുന്നു എന്ന് നമുക്കു പരീക്ഷണംവഴി തെളിയിക്കാം. മതപരമായ സത്യങ്ങളെയെല്ലാം ഇങ്ങനെ നിരീക്ഷണംകൊണ്ടോ പരീക്ഷണംകൊണ്ടോ തെളിയിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് മതസത്യങ്ങളെ നാം വിശ്വസിക്കുന്നു എന്നു പറയുന്നതു്. ഈ വിശ്വാസം പലപ്പോഴും യുക്തിക്കതീതമാണെങ്കിലും യുക്തിക്കു വിരുദ്ധമല്ല.

അനുദിനജീവിതത്തിൽപ്പോലും നിരീക്ഷണപരീക്ഷണങ്ങളെയോ യുക്തിയെയോ ആശ്രയിക്കാതെതന്നെ പല കാര്യങ്ങളും നാം വിശ്വസിക്കുന്നുണ്ട്. ബസ്സിൽ യാത്രചെയ്യുന്നവർ ഡ്രൈവറെ ഒരു വിധത്തിൽ വിശ്വസിക്കുന്നു. രോഗി ഡോക്ടറെ വിശ്വസിക്കുന്നു. കുട്ടികളെ വിദ്യാലയത്തിൽ ചേർക്കുന്ന മാതാപിതാക്കൾ അദ്ധ്യാപകരിൽ വിശ്വാസം അർപ്പിക്കുന്നു. വിശ്വാസത്തെക്കുറിച്ച് ചില മഹാന്മാർ പറഞ്ഞിട്ടുള്ളതു് എന്താണെന്നു ശ്രദ്ധിക്കുക: ''വിശ്വാസമുള്ളവനു് എല്ലാമുണ്ട്; വിശ്വാസമില്ലാത്തവനു് ഒന്നുമില്ല.'' (ശ്രീ രാമകൃഷ്ണ പരമഹംസർ) ''വിശ്വാസമെന്നതു് ഹിമാലയംപോലെയാണ്; അതിനു മാററമില്ല." (മഹാത്മജി) ''ഉത്തമവിശ്വാസമില്ലാത്ത ഒരുവൻ എങ്ങനെ കാര്യങ്ങൾ നടത്തും എന്നു് എനിക്കറിഞ്ഞുകൂടാ. കാളയില്ലാത്ത വണ്ടിയും കുതിരയില്ലാത്ത രഥവും എങ്ങനെ മുന്നോട്ടു പോകാനാണ്? (കൺഫ്യൂഷ്യസ്)

## സ്വാഭാവികമതവും വെളിപ്പെടുത്തപ്പെട്ട മതവും

മനുഷ്യൻ തൻെറ യുക്തിചിന്തയുടെ ഫലമായി ഈശ്വരനെയും ഈശ്വരനും താനുമായുള്ള ബന്ധത്തെയുംപററി ചില നിഗമനങ്ങളിൽ എത്തിച്ചേരുന്നു. ഈ പുസ്തകത്തിൻെറ ആദ്യത്തെ അദ്ധ്യായങ്ങളിൽ ഈശ്വരാസ്തിത്വത്തെക്കുറിച്ചു പ്രതിപാദിച്ചല്ലോ. അവിടെ സ്വീകരിച്ച ന്യായങ്ങൾ യുക്തിയുടെമാത്രം അടിസ്ഥാനത്തിലുള്ളവയായിരുന്നു. യുക്തിപൂർവ്വകമായ ചിന്തയാണ് നമ്മെ ദൈവത്തിലേയ്ക്കു് നയിച്ചതു്. മുൻവിധികളില്ലാത്ത ഒരു സാധാരണ മനുഷ്യനു് സ്വന്തം ചിന്തകൊണ്ടു്, കേവലയുക്തിയെമാത്രം മുൻനിറുത്തി ഈശ്വരനെപ്പററി കുറെയൊക്കെ ഗ്രഹിക്കുവാൻ സാധിക്കും. അങ്ങനെ യുക്തിയുടെ അടിസ്ഥാനത്തിൽ നാം എത്തിച്ചേരുന്ന ധാരണകളിൽനിന്നു രൂപംകൊള്ളുന്ന മതത്തിനാണു് 'സ്വാഭാവികമതം' എന്നു പറയുന്നതു്.

ഇന്നു ലോകത്തു നിലവിലുള്ള മതങ്ങൾ സ്വാഭാവികമതത്തിൻെറ തലത്തിൽനിന്നും ഉയർന്നവയാണു്. കേവലയുക്തികൊണ്ടു് ഗ്രഹിക്കാൻ കഴിയാത്ത എത്രയോ സത്യങ്ങളാണു് ഓരോ മതത്തിലുമുള്ളതു്. ആ മതങ്ങൾക്കു് അവ എവിടെനിന്നു കിട്ടി? ഈശ്വരനിൽനിന്നു് എന്നു് അവ വിശ്വസിക്കുന്നു. ഈശ്വരൻ വിവിധകാലഘട്ടങ്ങളിൽ വിവിധപ്രകാരത്തിൽ മനുഷ്യർക്കു സ്വയം വെളിപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങനെ ദൈവികവെളിപാടു ലഭിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്ന മതങ്ങളെ 'വെളിപ്പെടുത്തപ്പെട്ട മതങ്ങൾ' എന്നു വിളിക്കുന്നു.

### ചിന്തിക്കാൻ

1 മതം എന്നാൽ എന്തു്?

2 മതത്തിൻെറ പ്രധാന ഘടകങ്ങൾ ഏവ?

3 വിശ്വാസത്തിനു് സാമൂഹ്യജീവിതത്തിലും ശാസ്ത്രത്തിലുമുള്ള സ്ഥാനമെന്തു്?

4 വിശ്വാസത്തെക്കുറിച്ചു് ചില മഹാന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിക്കുക?

**അനുഷ്ഠിക്കാൻ**

1 മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്. ഈ അഭിപ്രായം ഉന്നയിച്ചതാര്? ഇതിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

2 നിങ്ങളുടെ മതത്തിലെ ചില അനുഷ്ഠാനങ്ങൾ വിവരിച്ച് അവയുടെ ആന്തരികാർത്ഥമെന്തെന്നു വിശദമാക്കുക.

3 ഇൻഡ്യയിലെ വിവിധ മതങ്ങളിൽ പുരോഹിതന്മാർക്ക് നൽകിയിട്ടുള്ള പേരുകൾ ഏവ?

4 മതവിശ്വാസിയാണെന്ന കാരണത്താൽ നിങ്ങളെ അന്ധവിശ്വാസിയെന്നു വിളിച്ച് ഒരു സ്നേഹിതൻ പരിഹസിക്കുന്നുവെന്നു കരുതുക. നിങ്ങൾ എന്തു മറുപടി പറയും?

# 13

# മതം ഉണ്ടായതു് എങ്ങനെ

### ഭയവും അജ്ഞതയും

'പ്രാചീനകാലത്തെ പ്രാകൃതമനുഷ്യരിലൊരാൾ ഭക്ഷണം തേടി വനത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്നു് ആകാശം കാർമേഘംകൊണ്ടു് ഇരുണ്ടുമൂടി. ആകാശത്തട്ട തകരുമാറു് ഇടിനാദം മുഴങ്ങി. കൊടുമുടികളെ പിടിച്ചിളക്കുമാറു് കൊടുങ്കാററിരമ്പി തീ ചിതറിക്കൊണ്ടു് ഇടിമിന്നൽ പാളി. തൻെറ ഗുഹയിൽനിന്നു ബഹുദൂരം അകന്നുകഴിഞ്ഞിരുന്ന ആ മനുഷ്യൻ ഈ പ്രകൃതിക്ഷോഭത്തിനുമുൻപിൽ ഭയം പൂണ്ടു ഞെട്ടിവിറച്ചു. തന്നെ പേടിപ്പിക്കുന്ന ഈ പ്രകൃതിശക്തിയിൽനിന്നു രക്ഷനേടാൻ അതിനെ ആരാധിച്ചു പ്രീണിപ്പിക്കുകയാണു് മാർഗ്ഗം എന്നു് അയാൾ വിചാരിച്ചു. ആരാധനയും തുടങ്ങി. ഇങ്ങനെ ഭയത്തിൽനിന്നാണു് മതത്തിൻെറ ആരംഭം.' മതം എങ്ങനെ ഉണ്ടായി എന്ന ചോദ്യത്തിനു് ചിലർ നല്കുന്ന മറുപടിയാണിതു്.

മറെറാരു കൂട്ടരുണ്ട്. അവരുടെ അഭിപ്രായത്തിൽ അജ്ഞതയാണു മതത്തിൻെറ ഉത്ഭവകാരണം. പ്രാകൃതമനുഷ്യനു് സജീവങ്ങളും നിർജ്ജീവങ്ങളുമായ വസ്തുക്കൾ തമ്മിലുള്ള വ്യത്യാസം അജ്ഞാതമായിരുന്നു. ചലിക്കുന്ന വസ്തുക്കൾക്കെല്ലാം ജീവൻ ഉണ്ടെന്നു് അവർ വിശ്വസിച്ചു. സൂര്യൻ, ചന്ദ്രൻ, കാററു്, നദി എന്നിവകളിൽ ദേവതകൾ വസിച്ചിരുന്നതായും അവർ കരുതി. അവയെ ആരാധിച്ചുതുടങ്ങി. മററു ചിലർ മൃഗങ്ങളെയും ദേവതകളായി വണങ്ങിപ്പോന്നു. അജ്ഞതയിൽ നിന്നു മതം രൂപമെടുത്തു എന്നു വാദിക്കുന്നവർ ഇങ്ങനെയാണു് അതിനെ വിശദീകരിക്കുന്നതു്.

മതത്തിൻെറ ഉത്ഭവത്തെക്കുറിച്ചു് വേറെയുമുണ്ടു് അഭിപ്രായങ്ങൾ. അവയെല്ലാം ഇവിടെ വിവരിക്കേണ്ടതില്ല മുകളിൽ ച്ചേർത്ത വാദഗതികൾക്കു മറുപടിയായി നമുക്കു ചൂണ്ടിക്കാണിക്കാവുന്ന ലളിതമായൊരു വസ്തുതയുണ്ടു്. ഇന്നും ഭൂമുഖത്താകെ കോടിക്കണക്കിനു ജനങ്ങൾ മതവിശ്വാസം പുലത്തുന്നുവെന്ന വസ്തുതയാണതു്. ഇന്നു മനുഷ്യൻ പ്രകൃതിയുടെമേൽ ആധിപത്യം ഉറപ്പിച്ചിരിക്കുകയാണു്. പ്രകൃതിശക്തികൾ മനുഷ്യനെ ഇന്നു ഭയപ്പെടുത്തുന്നില്ല. മാത്രമല്ല, അവയിൽ പലതിനെയും സ്വന്തം പ്രയോജനത്തിനായി മെരുക്കിയെടുക്കുവാനും അവനു കഴിയുന്നുണ്ടു്. പ്രകൃതിശക്തികളുടെ നേർക്കുള്ള ഭയത്തിൽനിന്നാണു് മതം രൂപംകൊണ്ടതെങ്കിൽ ഈ ആറേറാമിക്കു് യുഗത്തിലെ മനുഷ്യൻപോലും മതത്തിൽ വിശ്വസിക്കുന്നതെന്തുകൊണ്ടു്? പണ്ടത്തെ മനുഷ്യൻ അജ്ഞതയുടെ ഫലമായി പ്രകൃതിശക്തികളിൽ ദേവത്വമാരോപിച്ചു എന്നു പറയുന്നവരുണ്ടല്ലോ. എന്നാൽ ഇന്നു് ആ പ്രകൃതിവസ്തുക്കളെ അവൻ ശാസ്ത്രീയമായി പഠിച്ചറിഞ്ഞിരിക്കുന്നു: അവയിൽ ദേവതകൾ വസിക്കുന്നില്ലെന്നു മനസ്സിലാക്കിയിരിക്കുന്നു. എന്നിട്ടും മനുഷ്യൻെറ മതവിശ്വാസം നഷ്ടപ്പെട്ടില്ല. അതുകൊണ്ടു് അജ്ഞതയാണു മതത്തിൻെറ ഉത്ഭവകാരണം എന്ന വാദം ശരിയല്ല.

പിന്നെ മതം എങ്ങനെ ഉണ്ടായി? അതിനുള്ള ശരിയായ കാരണങ്ങൾ നമുക്കന്വേഷിക്കാം.

## വിജ്ഞാനദാഹം

മനുഷ്യനെപ്പററി പഠിക്കുമ്പോൾ നമുക്കു മനസ്സിലാകുന്ന ചില പ്രധാന കാര്യങ്ങളുണ്ട്. ആഗ്രഹങ്ങളുടെ ഒരു കലവറയാണു മനുഷ്യൻ. എന്തെല്ലാം കിട്ടിയാലും മനുഷ്യനു തൃപ്തി വരുന്നില്ല. അറിവിനുവേണ്ടി മനുഷ്യൻെറ മനസ്സ് എപ്പോഴും ദാഹിച്ചുകൊണ്ടിരിക്കുകയാണ്. എത്രമാത്രം അറിഞ്ഞാലും പോരാ പോരാ എന്നാണ് മനുഷ്യനു്.

വീട്ടിൽ മണ്ണെണ്ണവിളക്കിനടുത്തു പടിഞ്ഞിരുന്നു ഗൃഹപാഠം ചെയ്യുന്ന കൊച്ചുകുട്ടിമുതൽ ചന്ദ്രഗോളത്തിലെത്താനുള്ള റോക്കററുകൾ സംവിധാനം ചെയ്യുന്ന ശാസ്ത്രജ്ഞൻവരെ അറിവിൻെറ പാതയിലെ തീർത്ഥയാത്രക്കാരാണ്. പക്ഷെ ശാസ്ത്രം നൽകുന്ന അറിവുകൾകൊണ്ടുമാത്രം അവരുടെ വിജ്ഞാനദാഹം ശമിക്കുന്നില്ല. അതിനപ്പുറത്തേക്കും അവൻെറ ജിജ്ഞാസ പടർന്നുകിടക്കുന്നു. ഞാൻ ആരാണ്? ഞാൻ എവിടെനിന്നു വന്നു? എവിടേയ്ക്കു പോകുന്നു? മരണത്തിനപ്പുറത്ത് എന്താണുള്ളതു്? എന്നിങ്ങനെയുള്ള അടിസ്ഥാനപ്രശ്നങ്ങൾ ഓരോ മനുഷ്യനെയും അലട്ടുന്നുണ്ട്. ഈ ചോദ്യങ്ങൾക്കുള്ള സമാധാനം മതം നൽകുന്നതുമൂലമാണ് അവൻ മതത്തിൽ ആകൃഷ്ടനാകുന്നതു്. സത്യം അറിയാനുള്ള മനുഷ്യൻെറ അടങ്ങാത്ത ദാഹമാണ് അവനെ മതവിശ്വാസിയാക്കുന്നതു്.

## ആനന്ദതൃഷ്ണ

മനുഷ്യൻ എപ്പോഴും ആനന്ദം അന്വേഷിക്കുന്നു. കൂടുതൽ കൂടുതൽ സുഖവും സന്തോഷവും നേടുവാൻ അവൻ വെമ്പൽകൊള്ളുന്നു. അതുകൊണ്ടാണ് പണം, പ്രതാപം, കീർത്തി, സ്വാധീനശക്തി എന്നിവയുടെയെല്ലാം പിന്നാലെ മനുഷ്യൻ പരക്കം പായുന്നതു്. ഒരിക്കലും നശിക്കാത്ത ആനന്ദമാണ് അവൻെറ ലക്ഷ്യം. അതു മാത്രമേ അവനു തൃപ്തി നൽകൂ. ഈശ്വരനെ പ്രാപിച്ചാലേ ആ അനശ്വരമായ ആനന്ദം ലഭിക്കൂ. അതിനുള്ള വഴി ചൂണ്ടിക്കാണിക്കുന്നതു മതമത്രേ.

## ജീവിതാസക്തി

മനുഷ്യൻ ജീവിതത്തെ സ്നേഹിക്കുന്നു. എല്ലാ മനുഷ്യരുടെയും ഏററവും അടിസ്ഥാനപരമായ ആഗ്രഹം ജീവൻ നിലനിർത്തുക എന്നതാണ്. ഒരിക്കലും ശമിക്കാത്ത രോഗങ്ങൾക്കു വിധേയരായിക്കഴിയുന്നവർ പോലും ജീവിതം അല്പംകൂടി നീണ്ടു കിട്ടാൻ കൊതിക്കുന്നു. ജീവിതത്തിലെ ഏററവും സുനിശ്ചിതമായ വസ്തുത മരണമായിരുന്നിട്ടുകൂടി മനുഷ്യൻ ഏററവുമധികം ഭയപ്പെടുന്നതു മരണത്തെയാണ്. അവൻെറ ഈ മരണഭയവും ജീവിതാസക്തിയും ഒരു സത്യം തെളിയിക്കുന്നു: മനുഷ്യൻ നിത്യമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു. 'മൃത്യോർ മാ അമൃതം ഗമയ' (മരണത്തിൽനിന്ന് എന്നെ അമരത്വത്തിലേക്കു നയിക്കുക) എന്ന ഉപനിഷൽ സൂക്തത്തിൻെറ അർത്ഥവും ഇതുതന്നെ. അനശ്വര ജീവനുവേണ്ടിയുള്ള ഈ അടങ്ങാത്തദാഹം ഈ ലോകജീവിതത്തിൽ ശമിപ്പിക്കാനാവില്ലെന്നും മനുഷ്യനറിയാം. അപ്പോൾ ഒരിക്കലും നേടാൻ സാധിക്കാത്ത ഒരുസ്വപ്നമാണോ അത്? അല്ല, മരണത്തിനപ്പുറം അനശ്വരമായ മറ്റൊരു ജീവിതമുണ്ടെന്നു മതം മനുഷ്യനു് ഉറപ്പുകൊടുക്കുന്നു. അതുകൊണ്ട് മതത്തിൽ അവൻ ആശ്രയം തേടുന്നു.

## നന്മയോടുള്ള സ്നേഹം

മനുഷ്യൻ സ്വാഭാവികമായിത്തന്നെ നന്മയെ സ്നേഹിക്കുന്നു. വികാരത്തിനടിപ്പെട്ട് തിന്മചെയ്യുന്നവർപോലും നന്മയെ വെറുക്കുന്നില്ല. ഏററവും വലിയ കുററവാളികളുടെ കാര്യത്തിലും ഈ വസ്തുത ശരിയാണ്. പക്ഷേ, നന്മയും തിന്മയും തമ്മിൽ നിരന്തരമായ ഒരു സമരമാണ് മനുഷ്യനിൽ നടക്കുന്നതു്. ''ഞാനാഗ്രഹിക്കുന്ന നന്മയല്ല, മറിച്ച് വെറുക്കുന്ന തിന്മയാണ് പലപ്പോഴും ചെയ്തുപോകുന്നതു്'' എന്നു ബൈബെളിൽ ഒരു വാക്യമുണ്ട്.

ജാനാമി ധർമ്മം നചമേ പ്രവൃത്തി
ജാനാമ്യ ധർമ്മം നചമേ നിവൃത്തി

എന്നു സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്. (ഞാൻ ധർമ്മം അറിയുന്നു; പക്ഷേ അതു പരിശീലിക്കുന്നില്ല. ഞാൻ അധർമ്മം അറിയുന്നു; പക്ഷേ അതിൽനിന്നു പിന്മാറുന്നില്ല.) മനുഷ്യൻെറ ഉള്ളിൽ നടക്കുന്ന സമരത്തെയാണ് ഈ ചൊല്ലു സൂചിപ്പിക്കുന്നതു്. ഈ മല്പിടുത്തത്തിൽ നന്മ ചെയ്യാനും തിന്മ ചെയ്യാതിരിക്കാനുമുള്ള പ്രചോദനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതു മതമാണ്. തന്മൂലം മനുഷ്യൻ മതത്തെ ശരണം ഗമിക്കുന്നു.

അങ്ങനെ മതം ഭയത്തിൽനിന്നോ, അജ്ഞതയിൽനിന്നോ രൂപംകൊണ്ടതല്ലെന്നും, മറിച്ച് അറിവ്, ആനന്ദം, നന്മ, അനശ്വരജീവിതം എന്നിവയ്ക്കായുള്ള ഒടുങ്ങാത്ത ദാഹമാണ് മനുഷ്യനെ മതബോധത്തിൽ എത്തിച്ചതെന്നും കാണാം. അതിനാൽ മതത്തെ നിഷേധിക്കുന്നവർ മനുഷ്യൻെറ ചില മൗലിക വാസനകളെത്തന്നെയാണ് നിഷേധിക്കുന്നതു്. ഡോക്ടർ രാധാകൃഷ്ണൻ പറയുന്നു: ''വെളിച്ചങ്ങളുടെ വെളിച്ചത്തെ, അദൃശ്യമായ ആ പ്രകാശധാമത്തെ കണ്ടെത്താനുള്ള മനുഷ്യൻെറ ദാഹം ഒരു കാലത്തും ശമിക്കില്ല അതിനെ ആർക്കും നശിപ്പിക്കാനാവില്ല. ക്ഷേത്രങ്ങൾ തകർത്താലും ആദ്ധ്യാത്മികനേതാക്കളെ തടവിലിട്ടാലും മനുഷ്യഹൃദയത്തിൻെറ അഗാധതയിൽനിന്നു് ആ ദാഹം ഉച്ചാടനം ചെയ്യുക സാദ്ധ്യമല്ല ''

## ചിന്തിക്കാൻ

1. മതം ഭയത്തിൽനിന്നും അജ്ഞതയിൽനിന്നും രൂപംകൊണ്ടതാണെന്ന സിദ്ധാന്തം പരിശോധിക്കുക.

2. അറിവിനുവേണ്ടിയുള്ള ആഗ്രഹം മനുഷ്യനെ മതോന്മുഖനാക്കുന്നു—വിശദീകരിക്കുക.

3. ആനന്ദം, നന്മ, അനശ്വരജീവിതം ഇവയ്ക്കുള്ള ദാഹമാണ് മനുഷ്യനിൽ മതബോധം ജനിപ്പിക്കുന്നതു്—സമർത്ഥിക്കുക.

## അനുഷ്ഠിക്കാൻ

1. സമ്പത്തു മനുഷ്യനു് സൗഭാഗ്യം കൈവരുത്തുന്നില്ല. ഈ യാഥാർത്ഥ്യം തെളിയിക്കുന്ന ഒരു കഥയോ സംഭവമോ ഉദ്ധരിക്കുക,

2. മതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഈ പാഠത്തിൽ നിന്നു് നിങ്ങൾ മനസ്സിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ മതപഠനം ആവശ്യമോ എന്നു ചർച്ചചെയ്യുക.

3. മതവിശ്വാസത്തിനും അനുഷ്ഠാനങ്ങൾക്കും ഇന്നു പ്രസക്തിയില്ലെന്നു ചിലർ വാദിക്കുന്നു. അവരെ ഭയന്നു് മതവിദ്വേഷം നടിക്കുന്നവരുമുണ്ടു്. ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാടെന്തു്? മററുള്ളവരെ ഭയപ്പെടാതെ സ്വന്തം ബോദ്ധ്യമനുസരിച്ചു് ജീവിക്കാൻ എന്തു ചെയ്യണം?

# 14

# മതം മനുഷ്യന്ന് ആവശ്യമോ

'ഈ ശാസ്ത്രയുഗത്തിൽ മതം ഒരധികപ്പററാണ്; ചന്ദ്രനെ വരെ പിടിച്ചടക്കാൻ കഴിഞ്ഞ മനുഷ്യന്ന് ഇനി എന്തിന്ന് ഈ ശ്വരവിശ്വാസം? ദൈവത്തിന്റെയോ മതത്തിന്റെയോ സഹായം കൂടാതെ ഈ ലോകത്തിൽത്തന്നെ ഒരു പറുദീസായുണ്ടാക്കാൻ മനുഷ്യനു കഴിയും. അതിനു ശാസ്ത്രംമതി'. മനുഷ്യരുടെ സൗഭാഗ്യം മുഴുവൻ ശാസ്ത്രത്തിൻെറ കൈകളിലാണെന്നു കരുതുന്ന ചില പുരോഗമനക്കാരുടെ വാദമാണ് മുകളിലുദ്ധരിച്ചതു്. മതവും ശാസ്ത്രവും നിത്യശത്രുക്കളാണെന്നു് അവർ വിചാരിക്കുന്നു. മതത്തെപ്പററിയോ, ഈശ്വരനെപ്പററിയോ ശാസ്ത്രത്തെപ്പററിയോ യഥാർത്ഥ ജ്ഞാനമില്ലാത്തവരാണിവർ.

## ശാസ്ത്രവും മതവും

എന്താണു ശാസ്ത്രം ചെയ്യുന്നതു്? ശാസ്ത്രം പ്രകൃതിയെപ്പററി കൂടുതൽ വിജ്ഞാനം നേടിത്തരുന്നു. പ്രകൃതിശക്തികളെ മനുഷ്യൻെറ ജീവിതാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. മതമാകട്ടെ, പ്രകൃതിനാഥനോടുതന്നെ മനുഷ്യനെ ബന്ധിപ്പിക്കുകയും അവൻെറ യഥാർത്ഥസൗഭാഗ്യത്തിനുതകുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. അതിനാൽ മതത്തിനും ശാസ്ത്രത്തിനും തമ്മിൽ ശത്രുതയ്ക്കു് ഒരു കാര്യവുമില്ല.

ശാസ്ത്രീയമായ അറിവു വർദ്ധിക്കുന്തോറും ഈശ്വരവിശ്വാസം ഏറിവരികയാണു വേണ്ടതു്. അങ്ങനെ വിശ്വാസവർദ്ധനവുണ്ടായിട്ടുള്ള എത്രയോ ശാസ്ത്രജ്ഞന്മാരുണ്ടു്. ശാസ്ത്രം അ

വരെ മതവിദ്വേഷികളാക്കുകയല്ല, കൂടുതൽ ഉറച്ച മതവിശ്വാസികളും ഈശ്വരഭക്തന്മാരുമാക്കി മാററുകയാണു ചെയ്തതു്. ഈ ലോകത്തെപ്പററി കൂടുതൽ അറിയുന്തോറും മനുഷ്യൻ കൂടുതൽ വിനീതനാവുകയും ദൈവത്തിൻെറ പരിപാലനയിൽ ആശ്രയം തേടുകയും ചെയ്യുന്നു.

ശാസ്ത്രത്തിനും മതത്തിനും പരസ്പരം സഹായിക്കാൻ കഴിയും; അവ അങ്ങനെ ചെയ്യുന്നുമുണ്ടു്. മതം ശാസ്ത്രത്തിനു പ്രോത്സാഹനം നൽകുന്നു. പല മതസത്യങ്ങളെയും വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യാൻ ശാസ്ത്രീയവിജ്ഞാനം ഉപകാരപ്പെടുന്നുണ്ടു്.

## മനുഷ്യനുമാത്രം

മനുഷ്യൻ പ്രകൃത്യാ മതബോധമുള്ളവനാണു്. ലോകത്തിൽ ഈശ്വരനെ അറിയാനും ആരാധിക്കാനുമുള്ള കഴിവു മനുഷ്യനു മാത്രമേയുള്ളു. കാരണം അവനു മാത്രമേ ബുദ്ധിയുള്ളു. നിങ്ങളുടെ വീട്ടിൽ വളർത്തുന്ന പൂച്ചയ്ക്കോ, പട്ടിക്കോ ഈശ്വരനെപ്പററി ഗ്രഹിക്കാൻ കഴിയുമോ? ഈശ്വരാരാധന നടത്താൻ സാധിക്കുമോ? നിങ്ങളുടെ പൂന്തോട്ടത്തിൽ വളരുന്ന മനോഹരമായ ചെടികൾക്കോ, മാനത്തു പറന്നുല്ലസിക്കുന്ന വാനമ്പാടിക്കോ, ദൈവത്തെ അറിയാനോ ആരാധിക്കാനോ സാധിക്കുമോ? ഇല്ല. വാനമ്പാടികളും, പൂമ്പാററകളും, പൂമരങ്ങളുമെല്ലാം 'അവയറിയാതെതന്നെ മൗനമായി' ഈശ്വരനെ സ്തുതിക്കുന്നു. ഈശ്വരനെപ്പററി സംസാരിക്കുന്നു. സുന്ദരമായ ഒരു കലാശില്പം അതിൻെറ നിർമ്മാതാവിനെപ്പററി സംസാരിക്കുന്നില്ലേ, അതുപോലെ. എന്നാൽ മനുഷ്യനുമാത്രം ഈശ്വരനെ 'അറിഞ്ഞു'' ആരാധിക്കാൻ കഴിയും.

## അർഹിക്കുന്നതു നൽകുക

മനോഹരമായ ഒരു കലാശില്പത്തിനു മുൻപിൽ നിങ്ങൾ നില്ക്കുന്നുവെന്നു സങ്കല്പിക്കുക. ആ കലാസൃഷ്ടിയുടെ സൗന്ദര്യം നിങ്ങളെ ആകർഷിക്കുന്നു. ആ കലാകാരൻെറ അത്ഭുതകരമായ കഴിവിനു മുമ്പിൽ ആദരവുകളർപ്പിക്കുകയെന്നതു് വെറും നീതി മാത്രമാണല്ലോ. കാരണം ആ കലാകാരൻ അതർഹിക്കുന്നു.

എന്നാൽ, പ്രപഞ്ചമാകുന്ന കലാശില്പത്തിനു മുൻപിൽ അയാളുടെ കലാസൃഷ്ടി എത്ര നിസ്സാരമാണു്! ഈ പ്രപഞ്ചശില്പം സംവിധാനം ചെയ്ത ഈശ്വരൻെറ മുൻപിൽ എത്രയധികം ആദരവു പ്രകടിപ്പിച്ചാലാണു മതിയാവുക! ദൈവത്തിനു്, അവിടുന്നർഹിക്കുന്ന ആദരവും ബഹുമാനവും നൽകാൻ നാം അശക്തരാണു്. എങ്കിലും നമുക്കാവുംവിധം നാം ദൈവത്തെ ആദരിക്കയും ആരാധിക്കയും വേണം. അതാണു് മതത്തിലൂടെ നാം നിർവ്വഹിക്കുക.

## നന്ദി പ്രകടിപ്പിക്കാൻ

നാം മററാരാളിൽനിന്നു് എന്തെങ്കിലും ഉപകാരം സ്വീകരിക്കുമ്പോൾ 'നന്ദി' പറയാറുണ്ടു്. വാക്കുകളിലൂടെ പ്രകടിപ്പിച്ചില്ലെങ്കിലും നമ്മുടെ ഉള്ളിൽ കൃതജ്ഞതാബോധം ഉണ്ടായിരിക്കുമെന്നതു തീച്ചയാണു്. മനുഷ്യൻെറ കഴിവുകൾ എല്ലാം ഈശ്വരനിൽനിന്നാണു്. ദൈവത്തിൽനിന്നു ലഭിക്കാത്തതായി നമുക്കെന്താണുള്ളതു്? ഉപകാരം ചെയ്യുന്ന മനുഷ്യക്കു നാം നന്ദി പറയുന്നെങ്കിൽ, നമുക്കു വേണ്ടതെല്ലാം നല്കി അനുഗ്രഹിക്കുന്ന ദൈവത്തോടു് നാം എത്ര കൃതജ്ഞരായിരിക്കണം! മതാനുഷ്ഠാനങ്ങളിലൂടെയാണു് ഈ കടമ നാം നിറവേററുന്നതു്.

## നീതിയും സമാധാനവും

ലോകത്തിൽ ഇന്നു് അസ്വാസ്ഥ്യതയും അസമാധാനവും അടിക്കടി വളന്നുവരുന്നു. നീതിയുടെ നിഷേധമാണു് അതിനു കാരണം. ഓരോരുത്തക്കും അർഹിക്കുന്നതു നല്കുന്നതാണു നീതി. ദൈവത്തെ നാം എല്ലാററിൻ്റെയും അധിനാഥനായി ഏററുപറയുമ്പോൾ, നമ്മുടെ അവകാശങ്ങൾ ഈശ്വരനിൽനിന്നും ലഭിച്ചതാണെന്നു നാം സമ്മതിക്കുകയാണു്. തന്നെയുമല്ല, ഇതരരുടെ അവകാശങ്ങളും ഈശ്വരദത്തമാണെന്നു നാം മനസ്സിലാക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ നാം ശ്രമിക്കുന്നതുപോലെ മററുള്ളവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുവാനും നാം തയ്യാറാവും. അങ്ങനെ സമൂഹത്തിലെ എല്ലാ അംഗങ്ങളും ഇതരരുടെ അവകാശങ്ങളെ സ്വന്തമെന്നപോലെ ബഹുമാനിക്കുമ്പോൾ നീതി പുലരുന്നു. നീതിയിൽ

നിന്നു സമാധാനം ഉളവാകുന്നു. സമാധാനസ്ഥാപനത്തിനു് മനുഷ്യൻ ഈശ്വരനെ ഏററുപറയേണ്ടതു് അനുപേക്ഷണീയമാണെന്നു് ഇതിൽനിന്നു വ്യക്തമാണല്ലോ.

മതം മനുഷ്യനു് ആവശ്യമാണെന്നു തെളിയിക്കുവാനാണു് മുകളിൽ ശ്രമിച്ചതു്. ജനഹൃദയങ്ങളിൽനിന്നു് മതബോധത്തെ ഉന്മൂലനം ചെയ്യുവാൻ ചില രാഷ്ട്രങ്ങൾ സംഘടിതശ്രമം നടത്തിയിട്ടുണ്ടു്; ഇന്നും നടത്തുന്നുണ്ടു്. ആയിരക്കണക്കിനു മതവിശ്വാസികൾ മർദ്ദനത്തിന്നിരയായിട്ടുണ്ടു്, മരണത്തിനു വിധേയരായിട്ടുണ്ടു്. പക്ഷെ, ഒന്നിനും മാനവഹൃദയത്തിൽനിന്നു് മതവിശ്വാസത്തെ മായിച്ചുകളയാൻ കഴിഞ്ഞിട്ടില്ല.

## ചിന്തിക്കാൻ

1 മതവും ശാസ്ത്രവും തമ്മിൽ മൗലികമായ വൈരുദ്ധ്യമില്ലെന്നു സമർത്ഥിക്കുക.

2 ദൈവം നമ്മിൽനിന്നു് ആരാധന അർഹിക്കുന്നു. സമർത്ഥിക്കുക.

3 കൃതജ്ഞതാബോധം മതത്തിന്റെ അടിസ്ഥാനമാണെന്നു പറയുന്നതെന്തുകൊണ്ടു്?

4 സാമൂഹിക സമാധാനവും മതവും തമ്മിലുള്ള ബന്ധമെന്തു്?

## അനുഷ്ഠിക്കാൻ

1 ജനാധിപത്യരാജ്യങ്ങളിൽ മതസ്വാതന്ത്ര്യം ഒരു മൗലികാവകാശമായി പരിഗണിക്കപ്പെടുന്നു. എന്തുകൊണ്ടു്? ചർച്ച ചെയ്യുക.

2 'ശാസ്ത്രം മതി; ദൈവം വേണ്ട' എന്നു പറയുന്ന ഒരു കൂട്ടുകാരന്റെ വാദഗതിയെ നിങ്ങൾ എങ്ങനെ നേരിടും? പരിശോധിക്കുക.

# 15

# മതാത്മകജീവിതം

## മഹനീയമാതൃകകൾ

മീവാറിലെ രാജാവായിരുന്ന രത്തൻസിംഗിൻെറ ഓമന പുത്രിയായിരുന്നു മീരാഭായി· സുന്ദരിയും സുശീലയുമായ അവൾ ചെറുപ്പംമുതലേ വലിയ ഈശ്വരഭക്തയായിരുന്നു. ഈശ്വര ധ്യാനത്തിലും സേവനത്തിലും വ്യാപൃതയായി സ്വജീവിതം ധന്യ മാക്കുവാൻ ആ ബാലിക ആഗ്രഹിച്ചു. എന്നാൽ അവളുടെ അച്ഛൻെറ പ്ലാൻ മറെറാന്നായിരുന്നു. യൗവനാരംഭത്തിൽതന്നെ അദ്ദേഹം അവളെ ഉദയപ്പൂരിലെ ഭോജരാജാവിനു് വിവാഹം ചെയ്തുകൊടുത്തു. രാജകീയാഡംബരങ്ങളോടുകൂടി നടത്തപ്പെട്ട വിവാഹത്തിനുശേഷം രാജകുമാരി ഭർത്താവിനോടൊപ്പം സമ്പൽസമൃദ്ധമായ ഉദയപ്പൂർ കൊട്ടാരത്തിൽ താമസമാക്കി. വിധി വൈപരീത്യമെന്നു പറയട്ടെ, അധികനാളുകൾ കഴിയുന്നതിനു മുൻപേ അവരുടെ ഭർത്താവു് ഇഹലോകവാസംവെടിഞ്ഞു.

യൗവനത്തിൽതന്നെ വൈധവ്യം നേരിട്ട മീരാഭായിക്കു വീണ്ടും വിവാഹാലോചനകൾ വന്നു. പക്ഷേ അവളതിനു സമ്മതിച്ചില്ല. ബന്ധുമിത്രാദികൾ അവളെ നിർബന്ധിച്ചു.

ഫലമുണ്ടായില്ല. ഈശ്വരസേവനത്തിനായിമാത്രം ശിഷ്ടജീവിതം വിനിയോഗിക്കുവാൻ അവൾ തീരുമാനിച്ചുകഴിഞ്ഞിരുന്നു. ദിവസത്തിലധികസമയവും ഈശ്വരചിന്തയും പ്രാർത്ഥനയുമായി അവൾ ചെലവഴിച്ചു. കാലക്രമത്തിൽ കൊട്ടാരവും അതിലെ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് ഒരു സാധാരണ സ്ത്രീയെപ്പോലെ അവൾ ജീവിക്കുവാൻതുടങ്ങി മാത്രമല്ല, ദരിദ്രരും പീഡിതരുമായ ആളുകളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരെ സഹായിക്കുവാനും തയ്യാറായി. താണവർഗ്ഗക്കാരുമായി രാജകുമാരി സഹവസിക്കുന്നതു് ബന്ധുക്കൾക്കൊട്ടും ഇഷ്ടമായില്ല. അവർ അവളെ പലവിധത്തിലും പീഡിപ്പിച്ചു. പക്ഷേ മീരാഭായിയെ അവളുടെ തീരുമാനത്തിൽനിന്ന് അണുപോലും വ്യതിചലിപ്പിക്കുവാൻ അവർക്കു സാധിച്ചില്ല. ഈശ്വരപൂജയും സാധുസേവനവും അവൾ അഭംഗുരം തുടർന്നു. പിന്നീട്ട് ഈശ്വരമാഹാത്മ്യം പ്രകീർത്തിച്ചുകൊണ്ടു് അവൾ നാടൊട്ടുക്കു ചുററി സഞ്ചരിച്ചു.

ഇതുപോലെ, ഭൗതികസുഖങ്ങൾ ഉപേക്ഷിച്ച് ഈശ്വരധ്യാനത്തിനും ജനസേവനത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ച എത്രയോ മഹാന്മാരെക്കുറിച്ചു നാം കേട്ടിരിക്കുന്നു! ശ്രീശങ്കരാചാര്യർ, തുളസീദാസ്, സ്വാമി വിവേകാനന്ദൻ, അരവിന്ദഘോഷ്, ശ്രീനാരായണഗുരുസ്വാമി തുടങ്ങിയവരെല്ലാം മരണംവരെ ഈശ്വരസേവനം നടത്തിയ മഹാന്മാരത്രേ. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെതന്നെ ജീവിതം പരിശോധിച്ചുനോക്കൂ. വിശ്രമരഹിതമായ ആ ജീവിതത്തിൽ ഒരു ദിവസംപോലും പ്രാർത്ഥനയ്ക്കു മുടക്കംവരുത്തിയിരുന്നില്ല. അദ്ദേഹം വെടിയേററു മരിച്ചതുതന്നെ ഒരു പ്രാർത്ഥനായോഗത്തിൽവച്ചാണല്ലോ. അധഃകൃതക്കും ദുരിതം അനുഭവിക്കുന്നവക്കുംവേണ്ടി അദ്ധ്വാനിച്ചുകൊണ്ടാണു് അദ്ദേഹം ഈശ്വരസേവനം നടത്തിയതു്. ഇങ്ങനെ സേവനത്തിനായി തങ്ങളെത്തന്നെ അപ്പിക്കുവാൻ ഇവർക്കു പ്രചോദനം നൽകിയതെന്തായിരിക്കാം? മററൊന്നുമല്ല, മതവിശ്വാസത്തിൽനിന്നു ലഭിച്ച ഉൾക്കാഴ്ചയാണു്.

## മതാനുസൃതജീവിതം എന്നാൽ എന്ത്

എല്ലാവസ്തുക്കളുടെയും അധിനാഥനായ ദൈവത്തോട്ട് ആദരവും വിധേയത്വവും പുലർത്തിക്കൊണ്ടുള്ള ഒരു ജീവിതമാണ് മതാനുസൃതജീവിതം. കേവലം ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളല്ല, അവയ്ക്കു പ്രചോദനം പകരുന്ന മനോഭാവമാണു ഈ ജീവിതത്തിനടിസ്ഥാനം. ഈ മനോഭാവമില്ലാതുള്ള ബാഹ്യാനുഷ്ഠാനങ്ങൾ ഫലശൂന്യവുമാണ്. ഈശ്വരസ്നേഹവും അവിട്ടത്തെ പ്രാപിക്കുവാനുള്ള ആഗ്രഹവും ഉള്ളിൽമാത്രം ഒതുങ്ങി നില്ക്കുന്നതല്ല. ബാഹ്യമായ പ്രവൃത്തികളിലും അതു പ്രതിഫലിക്കണം.

## ബലിയർപ്പണം

ഈശ്വരവിധേയത്വം പ്രകാശിപ്പിക്കുവാൻ മതങ്ങൾ പല മാർഗ്ഗങ്ങളും സ്വീകരിക്കുന്നു. അവയിൽ ഏററവും പ്രധാനപ്പെട്ടതാണ് ബലിയർപ്പണം. ആശ്രിതർ തങ്ങളുടെ കടപ്പാടു സൂചിപ്പിക്കുവാൻ യജമാനനു് കാഴ്ചവസ്തുക്കൾ സമർപ്പിക്കുകയെന്നതു് എവിടെയും എക്കാലത്തുമുള്ള ഒരു സമ്പ്രദായമാണ്. അതുപോലെ ദൈവത്തിനു് അർപ്പിക്കുന്ന കാഴ്ചയാണു ബലി. ഏതെങ്കിലും തരത്തിലുള്ള ബലിയർപ്പണം എല്ലാ മതങ്ങൾക്കുമുണ്ട്. ബലിയർപ്പണവും അതിലുള്ള ഭാഗഭാഗിത്വവും മതാത്മകജീവിതത്തിൻെറ ഒരു പ്രധാന ഭാഗമാണെന്നു പറയാം.

## സ്നേഹവും സേവനവും

മതങ്ങളുടെയെല്ലാം കേന്ദ്രബിന്ദു സ്നേഹമാണ്. ഈ സ്നേഹത്തിൻെറ രണ്ടു വശങ്ങളാണ് ഈശ്വരസ്നേഹവും സമസൃഷ്ടിസ്നേഹവും. ഈശ്വരാരാധനയിലൂടെയും മനുഷ്യസേവനത്തിലൂടെയുമാണ് ഈ സ്നേഹം നാം വെളിപ്പെടുത്തുന്നതു്. ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവനു് അദൃശ്യനായ ദൈവത്തെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും. "താങ്കളുടെ മതമേതാണു്?" എന്നു് ഒരിക്കൽ ഒരു അമേരിക്കൻ മിഷനറി മഹാത്മജിയോടു ചോദിച്ചു. "സേവനമാണു് എൻെറ മതം" എന്നു് അദ്ദേ

ഹം മറുപടി നൽകി. സേവനം കൂടാതുള്ള മതവിശ്വാസത്തിന്റെ അർത്ഥശൂന്യത ചൂണ്ടിക്കാണിച്ചുകൊണ്ടു് മഹാത്മജി ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: ''തിലകവും തുളസിയുംകൊണ്ടെന്താണു പുണ്യം? രുദ്രാക്ഷവും നാമജപവുംകൊണ്ടു് എന്താണു പുണ്യം? വ്യാകരണത്തിനൊത്തു വേദം വ്യാഖ്യാനിക്കുന്നതുകൊണ്ടു് എന്തു മേന്മയാണുണ്ടാവുക? ഈശ്വരസാക്ഷാത്ക്കാരത്തിനു സഹായകമല്ലെങ്കിൽ ഇവയൊന്നുകൊണ്ടും പ്രയോജനമില്ല. മുസൽമാൻ തസ്ബിയുടെ മുത്തുകൾ എണ്ണി ജപിക്കാറുണ്ടു്; ക്രിസ്ത്യാനി കൊന്തയും. പക്ഷേ, പാമ്പുകടിയേററു ചാകാൻകിടക്കുന്ന ഒരുവൻെറ സഹായത്തിനോടിച്ചെല്ലുന്നതിനു തസ്ബിയോ കൊന്തയോ പ്രതിബന്ധമായിത്തീരുമെങ്കിൽ അവരിരുവരും സ്വമതസിദ്ധാന്തങ്ങളിൽനിന്നു വ്യതിചലിക്കുന്നതായി കരുതണം.''

ദൈവസ്നേഹം പ്രകടിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണു സഹോദരസേവനം. പ്രത്യേകിച്ചും അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതു് ഈശ്വരനു വളരെ പ്രിയങ്കരമായ ഒരു സേവനമാണെന്നു് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. ഇതു പ്രാവർത്തികമാക്കിയവരാണു് മഹാത്മഗാന്ധിയും, ഭൂദാനപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായ വിനോബാഭാവെയും. സമുദായത്തിലെ അധഃകൃതവർഗ്ഗക്കാർക്കു ഗാന്ധിജി കൊടുത്ത പേരാണു് ''ഹരിജനങ്ങൾ''. ദൈവത്തിൻെറ മക്കളെന്നാണു് ഇതിൻെറ അർത്ഥം. വിനോബാജിയെ സംബന്ധിച്ചിടത്തോളം സാധുക്കൾ "ദരിദ്രനാരായണന്മാർ'' (ദരിദ്രരുടെ രൂപത്തിൽ സഞ്ചരിക്കുന്ന ഈശ്വരൻ) ആയിരുന്നു.

സഹജീവികൾക്കായി സ്വജീവിതംതന്നെ ബലിയർപ്പിച്ചിട്ടുള്ള പല മനുഷ്യസ്നേഹികളുടെയും ചരിത്രം നമുക്കറിയാം. കുഷ്ഠരോഗികളുടെ സങ്കേതമായിരുന്ന മൊളോക്കൊ ദ്വീപിൽപോയി അവർക്കു ശുശ്രൂഷചെയ്തുകൊണ്ടു ജീവിച്ചു്, അവസാനം കുഷ്ഠരോഗിയായി മരണം വരിച്ച ബൽജിയംകാരനായ ഫാദർ ഡാമിയൻ നിസ്വാർത്ഥമായ സ്നേഹത്തിൻെറയും ത്യാഗപൂർണ്ണമായ സേ

വനത്തിന്റെയും മകുടോദാഹരണമാണ്. പരിഷ്കൃതമനുഷ്യർ കടന്നുചെല്ലാൻ മടിച്ചിരുന്ന മദ്ധ്യആഫ്രിക്കൻ പ്രദേശങ്ങളിലെ സാധുക്കൾക്കു വൈദ്യസഹായം നൽകി സ്വജീവിതം ധന്യമാക്കിയ മഹാനാണ് ആൽബെർട്ട ഷ്വൈറ്റ്സർ. അടിമകൾക്കു സ്വാതന്ത്ര്യം നല്കുവാനുള്ള മഹനീയയജ്ഞത്തിൽ എബ്രാഹം ലിങ്കനു സ്വജീവിതം ബലിയർപ്പിക്കേണ്ടിവന്നു.

സഹോദരസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ളവർ ഇന്നും നമ്മുടെ ഇടയിലുണ്ട്. കൽക്കട്ടയിലെ തെരുവീഥികളിൽ നിരാശരും നിരാശ്രയരുമായി തളർന്നുവീഴുന്ന പാവങ്ങളെ സഹായിക്കാനായി യൂഗോസ്ലാവിയക്കാരിയായ മദർ തെരേസാ മുന്നോട്ടുവന്നിരിക്കുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള നിരാലംബർക്ക് അവരും സഹപ്രവർത്തകരും സമാധാനവും സമാശ്വാസവും പ്രദാനംചെയ്യുന്നു. ഇങ്ങനെയുള്ള മഹാത്മാക്കളുടെ ജീവചരിത്രം, നിസ്വാർത്ഥമായ സഹോദരസേവനത്തിനും അതുവഴി ഈശ്വരസേവനത്തിനും നമുക്ക് ഉത്തേജനം നൽകേണ്ടതാണ്. വിദ്യാർത്ഥികളായിരിക്കുമ്പോൾതന്നെ കഴിവുള്ള സേവനം ചെയ്യാൻ നാം തയ്യാറാവണം. സാമ്പത്തികമായ വിഷമതകൾ അനുഭവിക്കുന്നവരും, ബുദ്ധിപരമായ കഴിവുകൾ കുറഞ്ഞവരുമായ സഹപാഠികളെ സഹായിക്കേണ്ടതു നമ്മുടെ കടമയായി കരുതണം, സഹോദരനെ സേവിക്കുവാൻ നാം ചെയ്യുന്ന ത്യാഗമാണ് സ്നേഹത്തിന്റെ ഉരകല്ല്.

## വിശ്വാസവും ജീവിതവും

വിശ്വാസവും ജീവിതവും തമ്മിലുള്ള പൊരുത്തക്കുറവാണ് മതവിശ്വാസികൾക്കെതിരായി ഇന്ന് ഉന്നയിക്കപ്പെടുന്ന ഒരു പ്രധാന ആരോപണം. ഈ ആരോപണം അവഗണിക്കാവുന്നതല്ല. മതവിശ്വാസികളിൽ പലരുടെയും ജീവിതം അവരുടെ വിശ്വാസവുമായി പൊരുത്തപ്പെടുന്നില്ല. പലരും മതത്തെ സാമൂഹികമായ ഒരാവശ്യമോ ആഡംബരമോ മാത്രമായാണ് വീക്ഷിക്കുക. അനുദിനജീവിതവുമായി അതിനെ ബന്ധപ്പെടുത്താനവർ തയ്യാറാകുന്നില്ല. ഇങ്ങനെയുള്ള കപടഭക്തരെയാണ്

''വെള്ളയടിച്ച ശവകുടീരങ്ങ''ളെന്നു് ക്രിസ്തു വിളിച്ചതു്. മത തത്വങ്ങൾ ശരിയായി പഠിച്ചറിഞ്ഞു് അവ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ എല്ലാ മതങ്ങളും മതാനുയായികളെ അനു ശാസിക്കുന്നു.

വളരെ വിശിഷ്ടമായ തത്വങ്ങളാണു് എല്ലാ മതങ്ങളും പഠി പ്പിക്കുന്നതു്. അയൽക്കാരനെ സ്നേഹിക്കുവാനും സഹായിക്കുവാ നും, സത്യവും നീതിയും പുലർത്തുവാനും, ആത്മാർത്ഥതയോടെ ജീവിക്കുവാനും അവ ഉപദേശിക്കുന്നു. എന്നാൽ ഈ മതതത്വ ങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ പലരും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അലമാരിയിൽ ഔഷധങ്ങൾ സൂക്ഷിച്ചുവയ്ക്കു ന്നതുകൊണ്ടുമാത്രം ആരുടെയും രോഗം ശമിക്കുകയില്ല. ധാരാളം ശുദ്ധജലമുള്ള നദിയുടെ സാമീപ്യംകൊണ്ടു് നമ്മുടെ ശരീരത്തി ലെ അഴുക്കു് ഇല്ലാതാകുമോ? ഇങ്ങനെതന്നെ മതത്തിൽ നല്ല തത്വസംഹിതകളും മഹനീയാദർശങ്ങളും ഉള്ളതുകൊണ്ടുമാത്രം മതാനുയായി നല്ലവനായിത്തീരുന്നില്ല. അതിനു് അവ ജീവിത ത്തിൽ പകർത്തുകതന്നെവേണം.

## ചിന്തിക്കാൻ

1. മീരാഭായിയുടെ ജീവചരിത്രത്തിൽ നിന്നു നാം എന്തു പഠിക്കുന്നു?

2. മതാത്മകജീവിതം എന്നതുകൊണ്ടു വിവക്ഷിക്കുന്ന തെന്തു്?

3. ബാഹ്യാനുഷ്ഠാനങ്ങളും മതജീവിതത്തിനു് അനുപേക്ഷ ണീയമാണെന്നു പറയുന്നതിനു കാരണം ചൂണ്ടിക്കാണിക്കുക.

4. മതവിശ്വാസവും സേവനവും പരസ്പരം ബന്ധപ്പെട്ടി രിക്കുന്നു. ആശയം വ്യക്തമാക്കുക.

5. മഹാത്മഗാന്ധി അധഃകൃതർക്കും വിനോബാജി സാധു ക്കൾക്കും കൊടുത്ത പേരെന്താണു്? അവയുടെ അർത്ഥമെന്തു്?

## അനുഷ്ഠിക്കാൻ

1. ''മതം ആന്തരികമായ ഒരു കാര്യമാണ്. അതിന്ന് ബാഹ്യമായ അനുഷ്ഠാനങ്ങളൊന്നും ആവശ്യമില്ല''. ഈ വാദഗതിയെപ്പററി ഒരു ചച്ച് നടത്തുക.

2. നിങ്ങളുടെ മതവിശ്വാസവും ജീവിതരീതിയും തമ്മിൽ പൊരുത്തമുണ്ടോ? ഇല്ലെങ്കിൽ ആ പൊരുത്തക്കേട്ട് എങ്ങനെ പരിഹരിക്കാമെന്നു പര്യാലോചിക്കുക.

3. ''ദൈവവുമായി നടത്തുന്ന ആത്മാർത്ഥമായ സംഭാഷണമാണ് പ്രാർത്ഥന". ഈ യാഥാർത്ഥ്യത്തിൻെറ വെളിച്ചത്തിൽ നിങ്ങളുടെ പ്രാർത്ഥനയെ വിലയിരുത്തുക.

## മനപ്പാഠമാക്കുക

അട്ടത്തുനില്പോരനുജരെനോക്കാ–
നക്ഷികളില്ലാത്തോ–
ക്കൃപനീശ്വരനദൃശ്യനായാല
തിലെന്താശ്ചര്യം?

# 16

# മതസഹിഷ്ണത

## സംസാരിക്കുന്ന സംഭവങ്ങൾ

വടക്കെ ഇൻഡ്യയിൽ നടന്ന ഒരു സംഭവമാണ്: അവിടെ പട്ടണത്തിലുള്ള ഒരോഫീസിൽ രണ്ടു ശിപായിമാർ ഒരുമിച്ചു ജോലി ചെയ്തിരുന്നു. അവർ രണ്ടു മതക്കാരായിരുന്നു. ഉററചങ്ങാതികളായ ആ ജോലിക്കാർ എല്ലാക്കാര്യങ്ങളിലും പരസ്പരം സഹകരിച്ചുപോന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ആ പട്ടണത്തിൽ ഒരു വർഗ്ഗീയലഹള പൊട്ടിപ്പുറപ്പെട്ടു. കൊല, കൊള്ള, കൊള്ളിവെയ്പ്പ് എന്നിവയെക്കുറിച്ചുള്ള വാർത്തകൾ ഓഫീസിൽ തുടരെത്തുടരെ എത്തിക്കൊണ്ടിരുന്നു. ശിപായിമാർ രണ്ടുപേരുടെയും വർഗ്ഗീയവികാരങ്ങൾ ആളിക്കത്തി. അന്ന് ഓഫീസിൽ നിന്നിറങ്ങിയ ശേഷം തെരുവിൽവച്ചു നടന്ന ഒരേററുമുട്ടലിൽ ഒരാൾ ഇതരനെ കുത്തിക്കൊലപ്പെടുത്തുകയും ചെയ്തു. ഏതാനും ദിവസങ്ങൾ കഴിഞ്ഞു്, വികാരങ്ങളെല്ലാം കെട്ടടങ്ങിയശേഷം ഓഫീസിൽ തിരിച്ചെത്തിയ ഘാതകൻ, തൻെറ കൂട്ടുകാരൻെറ ഒഴിഞ്ഞുകിടന്ന ഇരുപ്പിടത്തിനു സമീപം കണ്ണീർവാർത്തുകൊണ്ടു് ദീർഘനേരം കഴിച്ചുകൂട്ടിയത്രേ.

മതഭ്രാന്തിൻെറ പേരിൽ നടക്കുന്ന ഇത്തരം ദുരന്തസംഭവങ്ങൾ ഉത്തരേന്ത്യയിൽ അത്ര അസാധാരണമല്ല. മറെറാരു മതത്തിൽ ഉൾപ്പെട്ടുപോയി എന്ന കാരണത്താൽ മാത്രം ഉഗ്രമർദ്ദനങ്ങൾക്കു വിധേയരായ നിരപരാധികളെക്കുറിച്ചുള്ള ദയനീയകഥകൾ പലതും നാം കേട്ടിട്ടുണ്ട്. നമ്മുടെ നാട്ടിൽത്തന്നെ കുറേക്കാലംമുമ്പ് ചില വർഗ്ഗീയലഹളകൾ ഉണ്ടായതായി നിങ്ങൾ ഓർമ്മിക്കുമല്ലോ. മതത്തിൻെറ പേരിൽ നടത്തപ്പെട്ടിട്ടുള്ള യുദ്ധങ്ങളുടെ കഥകൾ ലോകചരിത്രത്തിൻെറ ഏടുകളിൽ സ്ഥലംപിടിച്ചിട്ടുണ്ട്. മനുഷ്യരെ ഏകോദരസഹോദരങ്ങളെന്ന നിലയിൽ കോർത്തിണക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മതങ്ങൾതന്നെ പലപ്പോഴും കലഹങ്ങൾക്കു വഴിതെളിച്ചിട്ടുണ്ടെന്നതു് ദുഃഖകരമായ ഒരു വൈരുദ്ധ്യമത്രെ. മതത്തിൻെറ പേരിൽ കൊലയും കൊള്ളിവയ്പും നടത്തുന്നതു് പുണ്യപ്രവൃത്തിയാണെന്നു് ചിലർ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഇന്നും അങ്ങനെ വിശ്വസിക്കുന്നവരുണ്ട്. അതിനാൽ യഥാർത്ഥമായ മതസൗഹൃദത്തിന്റെ ആവശ്യകതയെപ്പററി ജനങ്ങളിൽ ദൃഢമായ ബോദ്ധ്യം വളർത്തേണ്ടതു് ആവശ്യമാണു്. ഭാരതത്തെപ്പോലെ വിവിധമതങ്ങൾ നിലനില്ക്കുന്ന ഒരു രാജ്യത്തു് സമുദായസൗഹാർദ്ദം പുലർത്തുവാൻ മതസഹിഷ്ണുത കൂടിയേ കഴിയൂ.

## എന്താണു മതസഹിഷ്ണുത

നിങ്ങളുടെ ക്ലാസ്സിൽ ഹിന്ദുക്കൾ, മുസ്ലീംങ്ങൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെ പല മതത്തിൽപ്പെട്ട വിദ്യാർത്ഥികളുണ്ട്. അവർ അതതു മതങ്ങളുടെ അനുയായികളായിരിക്കുന്നതു് ആ മതങ്ങൾ പഠിപ്പിക്കുന്ന സിദ്ധാന്തങ്ങളിലുള്ള വിശ്വാസംകൊണ്ടാണു്, അവ മററു മതങ്ങളുടെ സിദ്ധാന്തങ്ങളെക്കാൾ ശ്രേഷ്ഠമാണെന്നും അവർ വിശ്വസിക്കുന്നു. തങ്ങളുടെ മതസിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമായ ചില തത്വങ്ങൾ അന്യമതങ്ങൾ പഠി

പ്പിക്കുന്നതു കാണുമ്പോൾ, രണ്ടും ഒപ്പം ശരിയെന്നു സമ്മതിക്കുവാൻ അവരുടെ യുക്തിബോധം അനുവദിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ എന്താണു ചെയ്യേണ്ടതു്? ഓരോരുത്തരും അവരവരുടെ മതത്തിൽ ദൃഢമായി വിശ്വസിക്കുകയും ആ മതത്തിൻെറ പ്രബോധനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുക. അതേസമയം മററു മതസ്ഥർക്കു് അവരുടെ വിശ്വാസം പുലർത്താനും ആചാരങ്ങൾ അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യത്തെ പരമാവധി ആദരിക്കുക. ഈ ഉദാരമനോഭാവത്തിനാണു് മതസഹിഷ്ണുത എന്നു പറയുന്നതു്.

## മനസ്സാക്ഷിസ്വാതന്ത്ര്യം

മനസ്സാക്ഷിസ്വാതന്ത്ര്യമാണു് മതസഹിഷ്ണുതയുടെ മൂലക്കല്ലെന്നു പറയാം. ഓരോ വ്യക്തിക്കും മനസ്സാക്ഷിയുണ്ടു്. നന്മ ചെയ്യണം, തിന്മചെയ്യരുതു് എന്നു മനസ്സാക്ഷി ഉപദേശിക്കുകയും ചെയ്യുന്നു. മനസ്സാക്ഷിയുടെ സ്വരത്തെ അനുസരിക്കുവാനുള്ള ബാദ്ധ്യതയും സ്വാതന്ത്ര്യവും ഓരോ മനുഷ്യനുമുണ്ടു്. ഈ സ്വാതന്ത്ര്യത്തിൽ കൈകടത്തുവാൻ മറെറാരു ശക്തിക്കും അവകാശമില്ല. ഓരോ മനുഷ്യനും തൻെറ മതവിശ്വാസം പുലർത്തുന്നതു് മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചാണു്. അതിനാൽ ഏതെങ്കിലുമൊരു മതത്തിൽ ഉത്തമവിശ്വാസത്തോടെ വർത്തിക്കുവാനുള്ള അവകാശവും സ്വാതന്ത്ര്യവും ഒരു വ്യക്തിക്കും നിഷേധിച്ചുകൂടാ. ഈ മനസ്സാക്ഷിസ്വാതന്ത്ര്യത്തെ അങ്ങേയററം മാനിച്ചുകൊണ്ടു്, വിവിധ ലോകമതങ്ങൾ തമ്മിലുള്ള ധാരണയും സൗഹൃദവും വളർത്തുന്നതിനുള്ള പരിശ്രമങ്ങൾ അടുത്തകാലത്തു് കൂടുതലായി നടന്നുവരുന്നുണ്ടു്. മതസഹിഷ്ണുതാബോധം മനുഷ്യഹൃദയങ്ങളിൽ വളർന്നുവരുന്നതിൻെറ തെളിവാണിതു്.

മതസഹിഷ്ണുതയെപ്പററി പറഞ്ഞതിൽനിന്നു് നിങ്ങളുടെ മതവിശ്വാസത്തെക്കുറിച്ചു് ഇതരരോടു സംസാരിക്കുവാനോ,

അതു പ്രചരിപ്പിക്കുവാനോ അവകാശമില്ലെന്നു വരുന്നില്ല. സത്യമെന്നു ബോദ്ധ്യമുള്ള കാര്യങ്ങൾ, മററുള്ളവരെ പഠിപ്പിക്കാൻ എല്ലാവർക്കും ചുമതലയുണ്ട്. എന്നാൽ ആ ചുമതല നിർവ്വഹിക്കുന്നതു് സൗമ്യമായും ആദരപൂർവ്വമായും മററുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താത്ത രീതിയിലുമായിരിക്കണം. മതപരമായ കാര്യങ്ങളിൽ മററുള്ളവരുടെമേൽ ഏതെങ്കിലും തരത്തിലുള്ള നിർബന്ധം ചെലുത്താൻ ശ്രമിക്കുന്നതു തെററാണ്. കാരണം, നിങ്ങൾക്കുള്ളതുപോലെ മനസ്സാക്ഷിസ്വാതന്ത്ര്യം മററു വ്യക്തികൾക്കുമുണ്ട്. അവരുടെ മനസ്സാക്ഷിസ്വാതന്ത്ര്യത്തെയും വ്യക്തിത്വത്തെയും അംഗീകരിക്കാൻ നിങ്ങൾക്കും കടമയുണ്ട്.

## ചില തെററായ ധാരണകൾ

മതസഹിഷ്ണത എന്ന ആശയത്തെ ഇന്നു് ചിലയാളുകൾ തെററിദ്ധരിക്കുകയും തെററായി വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട്. സ്വന്തമതത്തോടും മററു മതങ്ങളോടും അനാസ്ഥ കാട്ടുക, മതങ്ങളുടെ അടിസ്ഥാനതത്വങ്ങളെ നിഷേധിക്കുക, മതംതന്നെ ആവശ്യമില്ലെന്നു കരുതുക തുടങ്ങിയ നിലപാട് മതസഹിഷ്ണതയാണെന്നു ചിലർ ധരിച്ചുവച്ചിട്ടുണ്ട്. ഇതു ശരിയല്ല. ഒരു മതത്തിലും താല്പര്യമോ വിശ്വാസമോ ഇല്ലാത്ത ഒരാൾ മതസഹിഷ്ണത കാട്ടുന്നു എന്നു പറയുന്നതിലർത്ഥമില്ല.

ഇതുപോലെതന്നെ ഭാരതത്തിൻെറ മതേതരസ്വഭാവത്തെ മതവിരോധമായി പലരും വ്യാഖ്യാനിക്കാറുണ്ട്. എന്നാൽ രാഷ്ട്രം ഒരു മതത്തിനും പ്രത്യേകം സംരക്ഷണം നൽകുന്നില്ലെന്നും എല്ലാ മതങ്ങളുടെയും അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും തുല്യമായി ആദരിക്കുന്നു എന്നുമാണ് മതേതരത്വം കൊണ്ടു് ഇവിടെ അർത്ഥമാക്കുന്നതു്.

## മതസഹിഷ്ണുതയുടെ കാതൽ

സ്വന്തം മതത്തിന്റെ അടിസ്ഥാനതത്വങ്ങൾ ജീവിതത്തിൽ പകർത്തുന്നവർക്കേ ശരിയായ മതസഹിഷ്ണുത പ്രദർശിപ്പിക്കാൻ പററൂ. ഈശ്വരന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവുമാണല്ലോ എല്ലാ മതങ്ങളുടെയും കേന്ദ്രതത്വങ്ങൾ. ഈ തത്വങ്ങൾ കലവറയില്ലാതെ സ്വീകരിക്കുന്നവർക്ക് മററു മതങ്ങളെ എങ്ങനെ വെറുപ്പോടെ വീക്ഷിക്കാൻ പററും? ഇതരമതങ്ങളെ ആദരവോടെ സമീപിക്കാനും അവയിലുള്ള നന്മയെ സൗമനസ്യപൂർവ്വം സ്വീകരിക്കാനും എല്ലാ മതവിശ്വാസികളും തയ്യാറാവണം. കാരണം നന്മയായിട്ടുള്ളതെല്ലാം ഈശ്വരനിൽനിന്നാണു പുറപ്പെടുന്നതു്. മതം സ്നേഹത്തിനും സേവനത്തിനുമുള്ള ഒരുപാധിയാണു്; അതൊരിക്കലും വിദ്വേഷത്തിനോ സ്പർദ്ധയ്ക്കോ കാരണമായിത്തീരാൻ പാടില്ല. ''അന്യർ നിങ്ങളോടു് എങ്ങനെ പ്രവർത്തിക്കണമെന്നു് നിങ്ങൾ ആഗ്രഹിക്കുന്നോ, ആവിധം അവരോടും പെരുമാറുക." എന്ന സാരോപദേശം ശരിയായ സഹിഷ്ണുതയുടെ അടിസ്ഥാനം ചൂണ്ടിക്കാണിക്കുന്നുണ്ടു്.

## ചിന്തിക്കാൻ

1. മതത്തിന്റെ പേരിൽ പലപ്പോഴും കലഹങ്ങളും യുദ്ധങ്ങളും പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടു്. അതിന്റെ കാരണമെന്തു്?

2. യഥാർത്ഥമായ മതസഹിഷ്ണുതയെന്തെന്നു വിശദമാക്കുക.

3. മതസഹിഷ്ണുതയുടെ അടിസ്ഥാനം മനസ്സാക്ഷിസ്വാതന്ത്ര്യമാണെന്നു തെളിയിക്കുക.

4. മതപ്രചരണസ്വാതന്ത്ര്യവും മതസഹിഷ്ണുതയും തമ്മിൽ പൊരുത്തപ്പെടുമോ എന്നു പരിശോധിക്കുക.

5. മതഭ്രാന്തു്, മതവിദ്വേഷം, മതനിഷ്പക്ഷത, മതതീഷ്ണത ഈ വാക്കുകളുടെ അർത്ഥം വ്യക്തമാക്കുക.

6. എങ്ങനെയുള്ളവർക്കാണു് ശരിയായ മതസഹിഷ്ണുത പാലിക്കാൻ സാധിക്കുക?

## അനുഷ്ഠിക്കാൻ

1. ഈശ്വരാരാധന നടക്കുന്ന സമയത്തു് ഇതരമതക്കാരുടെ ഒരു ആരാധനാലയത്തിൻെറ പരിസരത്തിൽ നിങ്ങൾ എത്തിച്ചേരുന്നുവെന്നു കരുതുക. നിങ്ങൾ അവിടെ എങ്ങനെ പെരുമാറും?

2. മതപരമായ ഒരു ഘോഷയാത്രയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ഗണം ആളുകളെ കാണുമ്പോൾ നിങ്ങളുടെ ഒരു സ്നേഹിതൻ അവരെ പരിഹസിക്കുന്നുവെന്നു കരുതുക. നിങ്ങൾ അവനോടു് എന്തു പറയും?

3. നിങ്ങളുടെ സ്കൂളിലെ വിവിധ മതാനുസാരികളായ വിദ്യാർത്ഥികളുടെയിടയിൽ കൂടുതൽ സഹകരണവും ധാരണയും വളർത്തുവാനുതകുന്ന ചില പരിപാടികളെപ്പററി ആലോചിക്കുക.

4, നിങ്ങളുടെ സ്ഥലത്തെ വിവിധ മതസ്ഥർക്കു സഹകരിച്ചു വർത്തിക്കാവുന്ന നല്ല കാര്യങ്ങൾ കണ്ടുപിടിച്ചു് അവ പ്രാവർത്തികമാക്കാൻ ഒരു പദ്ധതി തയ്യാറാക്കുക.

5. ഹൃദിസ്ഥമാക്കുക:-

അരുതരുതു വിരോധം, ഭിന്നവർഗ്ഗങ്ങളെല്ലാ–
മൊരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ.

# 17

# യാത്രയുടെ അന്ത്യം

## ലക്ഷ്യമറിയാത്ത യാത്രക്കാരൻ

പണ്ടൊരിക്കൽ ഇംഗ്ലീഷുകാരനായ ഒരു പ്രഭു തൻെറ വിദൂഷകനു് സമ്മാനമായി ഒരു വടി നല്കി. എന്നിട്ട് ഇങ്ങനെ പറഞ്ഞു: ''നിന്നെക്കാൾ വിഡ്ഢിയായ ഒരാളെ കണ്ടു മുട്ടുന്നതുവരെ ഈ വടി സൂക്ഷിച്ചുകൊള്ളണം.'' വിദൂഷകൻ സന്തോഷപൂർവ്വം പ്രഭുവിൽനിന്നു് ഈ സമ്മാനം സ്വീകരിച്ചു. ആഘോഷാവസരങ്ങളിലെല്ലാം അയാൾ ഈ വടി കറക്കിക്കൊണ്ടു നടന്നിരുന്നു.

കുറെ നാൾ കഴിഞ്ഞപ്പോൾ പ്രഭുവിനു് ഗുരുതരമായ ഒരസുഖമുണ്ടായി. മരണക്കിടക്കയിൽവച്ച് പ്രഭു വിദൂഷകനെ ആളയച്ചുവരുത്തി, അയാളോടു പറഞ്ഞു:

"ഞാൻ ഒരു നീണ്ടയാത്രയ്ക്കു് ഇറങ്ങിത്തിരിക്കുകയാണു്.''

വിദൂഷകൻ: ''എങ്ങോട്ടാണു് അങ്ങയുടെ യാത്ര?''

പ്രഭു: ''അതെനിക്കുതന്നെ അറിഞ്ഞുകൂടാ."

വിദൂഷകൻ: "അങ്ങ് എത്ര നാളത്തേയ്ക്കാണു പോകുന്നതു്?"

പ്രഭു: "എന്നന്നേയ്ക്കുമായി."

വിദൂഷകൻ: "യാത്രയ്ക്കുവേണ്ടി എന്തെല്ലാം ഒരുക്കങ്ങളാണ് അങ്ങു ചെയ്തിരിക്കുന്നതു്?"

പ്രഭു: "പ്രത്യേകമായ ഒരുക്കമൊന്നും ഞാൻ ചെയ്തിട്ടില്ല."

വിദൂഷകൻ: "അങ്ങനെയെങ്കിൽ ഈ വടി അങ്ങയുടെ കൈവശംതന്നെ ഇരിക്കട്ടെ." ഇങ്ങനെ പറഞ്ഞുകൊണ്ടു് വിദൂഷകൻ പ്രഭുവിൽനിന്നു് കിട്ടിയ വടി അദ്ദേഹത്തിനുതന്നെ തിരിച്ചുകൊടുത്തു.

ഈ ലോകജീവിതത്തെ ഒരു യാത്രയോടു് ഉപമിക്കാറുണ്ടു്. യാത്രക്കാരനു് എത്തിച്ചേരേണ്ട ലക്ഷ്യം ഏതെന്നു നിശ്ചയം വേണം; അവിടേക്കു നയിക്കുന്ന വഴിയേതെന്നു് അറിവുണ്ടായിരിക്കണം. എങ്കിലേ യാത്ര വിജയിക്കു. ലോകജീവിതമാകുന്ന യാത്രയുടെ അവസാനമാണു മരണം. ഇതാക്കും അറിയാത്തതല്ല. എങ്കിലും പലരും മുൻപറഞ്ഞ കഥയിലെ പ്രഭുവിനെപ്പോലെ യത്രെ. അവക്കു ജീവിതത്തിൻെറ ലക്ഷ്യമെന്തെന്നു നിശ്ചയമില്ല; അന്ത്യമെവിടെയെന്നു ചിന്തയില്ല.

ചെയ്യേണ്ടതെന്തു ചെയ്യാതെ മോഹത്തിൻ
കയ്യിൽ കുടുങ്ങുന്നു മർത്ത്യൻ
ഒന്നുമറിയാതെ വന്നു വൃഥാപാരിൽ
നിന്നു തിരിച്ചുപോകുന്നു.

(മഹാകവി പി.)

## നിർണ്ണായക സംഭവം

മനുഷ്യജീവിതത്തിലെ ഏററവും നിർണ്ണായകമായ ഒരു സംഭവമാണ് മരണം. അതു് ഒരു കവാടമാണ്. അതോടെ ജീവിതത്തിൻെറ ഒരു ഘട്ടമവസാനിച്ചു് മറെറാന്നാരംഭിക്കുന്നു. ഈ ലോകത്തു സമ്പാദിച്ച ആദ്ധ്യാത്മിക നേട്ടങ്ങളുമായി മനുഷ്യൻ മരണത്തിൻെറ പടി കടന്നു് പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കുന്നു.

ഇവിടെ സമ്പാദിക്കുന്ന ഭൗതികസമ്പത്തുകളൊന്നും മരണത്തിനപ്പുറത്തേക്കു കൊണ്ടുപോവാനാവില്ല. എത്ര പ്രിയപ്പെട്ടതാകട്ടെ, എത്ര ക്ലേശിച്ചു സമ്പാദിച്ചതാകട്ടെ, എല്ലാററിനോടും മരണത്തോടെ മനുഷ്യൻ അന്ത്യയാത്ര പറയുന്നു. ഒററയ്ക്കു മനുഷ്യൻ ഭൂമിയിലേക്കുവരുന്നു; ഒററയ്ക്കു് അവൻ കടന്നുപോകുകയും ചെയ്യുന്നു. കൂടെക്കൊണ്ടുപോകുവാൻ സാധിക്കുന്നതു് ഈ ലോകജീവിതത്തിലെ പ്രവൃത്തിയുടെ ഫലങ്ങൾ മാത്രം. അതു് അവൻ അടുത്ത ലോകത്തിൽ അനുഭവിക്കുന്നു. നന്മ ചെയ്യുവൻ സദ്ഫലം അനുഭവിക്കും; ദുഷ്കർമ്മികൾ ദുഃഖവും. മനുഷ്യൻ ജീവിതത്തിൻെറ ഓരോ നിമിഷത്തിലും തൻെറ ഭാവിയെ കെട്ടിപ്പടുക്കുകയാണ്. ഈലോകജീവിതം അടുത്ത ലോകത്തിലെ ജീവിതത്തിനു രൂപം കൊടുക്കുന്നു.

## മരണം നിശ്ചിതം

മരണത്തെപ്പോലെ ഇത്ര നിശ്ചിതമായ മറെറാരു വസ്തുതയില്ല. ജനിച്ചവരെല്ലാം മരിക്കണം. ഈ നിയമത്തിൽനിന്നാർക്കും ഒഴിവില്ല. മരണത്തെ തടുത്തുനിർത്തുവാൻ ആർക്കും— അയാൾ എത്ര ശക്തനും പ്രതാപവാനുമായിക്കൊള്ളട്ടെ— കഴിയുകയില്ല.

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്രവിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്കമാററമൊന്നുമില്ലതിൽ

(മേരി ജോൺ തോട്ടം)

മരണം സുനിശ്ചിതമെങ്കിലും അതെപ്പോൾ സംഭവിക്കമെന്നു് ആക്കും അറിവില്ല. 'മരണം നിശ്ചയം സമയം നിശ്ചയമില്ല' എങ്കിലും ഒരു കാര്യം നമുക്കറിയാം: നാം ഓരോ നിമിഷവും മരണത്തോട്ടു് സമീപിക്കുകയാണു്. ദിവസങ്ങൾ ഓരോന്നായി നമ്മുടെ ആയുസ്സിൽനിന്നു് കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. ഈ യാഥാർത്ഥ്യം അവഗണിച്ചു ജീവിക്കുന്നതു് അവിവേകമാണു്.

കാലത്തുമുച്ചയ്ക്കുമന്തിക്കും രാവിലും
കാലൻ തൻ വെൺമഴ കയ്യെടാതെ
ആയുർദ്രുമൂലത്തിലാഞ്ഞാഞ്ഞു വെട്ടുന്നു-
ണ്ടായതു ഹൃൽസ്പന്ദവേദ്യമാർക്കും
ഈ ശ്വാസമന്ത്യമാമന്ത്യത്തിൻ മുന്നേതാം.
ചാമിന്നോ നാളെയോ മററന്നാളോ.

(ഉള്ളൂർ)

## ഭയത്തോടെ സമീപിക്കുന്നവർ

മരണത്തിനു മുമ്പിൽ ചിലർ ഭയപ്പെട്ടു വിറയ്ക്കുന്നു. മരണം കൊണ്ടു് എല്ലാം തീർന്നു എന്നു കരുതുന്നവർക്കു് മരണത്തെപ്പററിയുള്ള ഓർമ്മതന്നെ ദുഃഖകാരണമാണു്. മരണത്തിനപ്പുറത്തു് അവർക്കൊന്നും പ്രതീക്ഷിക്കാനില്ലല്ലോ. അവർക്കെങ്ങനെ ആ അന്ത്യത്തെ സങ്കടത്തോടെയല്ലാതെ സമീപിക്കാൻ സാധിക്കും! മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നവരെങ്കിലും ജീവിതത്തിൽ അധർമ്മം പ്രവർത്തിക്കുകയും ആദർശം കൈവെടിയുകയും ചെയ്യുന്നവർക്കു് മരണം ഭീതിജനകമായിരിക്കും. കാരണം, ദുഷ്കർമ്മങ്ങളുടെ ഫലം തങ്ങളെ പിന്തുടരുമല്ലോ, എന്ന വിചാരം അവരെ അലട്ടുന്നു.

## പുഞ്ചിരിയോടെ സ്വാഗതം ചെയ്യുന്നവർ

ആദർശം വെടിയാതെ നന്മമാത്രം പ്രവർത്തിച്ചിട്ടുള്ളവക്ക് മരണത്തെ ഭയമില്ല. അവർ അതിനെ സ്വാഗതം ചെയ്യുന്നു. പുഞ്ചിരിയോടെ മരണം വരിച്ചിട്ടുള്ള എത്രയോ മഹാത്മാക്കളുണ്ട്. മററുള്ളവർക്കുവേണ്ടി ജീവൻപോലും അർപ്പിക്കുന്ന ധീരാത്മാക്കളെപ്പററി നിങ്ങൾ കേട്ടിട്ടില്ലേ? അവരെല്ലാം മരണത്തെ മാധുര്യമാക്കിയിട്ടുള്ളവരാണ്.

ആദർശത്തെ മുറുകെപ്പിടിച്ചു ജീവിക്കുന്നവർ, അതിനുവേണ്ടി മരിക്കാൻവരെ തയ്യാറാകും. ആ മരണത്തിൽ അവർ അഭിമാനംകൊള്ളും, ആനന്ദമനുഭവിക്കും. ഇംഗ്ലണ്ടിലെ അതിപ്രതാപവാനായിരുന്ന ഹെൻറി എട്ടാമൻ രാജാവിൻെറ സചിവപ്രമുഖനായിരുന്നു സർ തോമസ് മൂർ. രാജാവിൻെറ ശക്തിയോറിയ സമ്മർദ്ദമുണ്ടായിട്ടും തോമസ് മൂർ സന്മാർഗ്ഗത്തിൻെറ പന്ഥാവിൽ നിന്നും വ്യതിചലിച്ചില്ല. രാജാവിൻെറ ഇംഗിതമനുസരിച്ചു് ഒരു തെററായ പ്രവൃത്തിക്ക് കൂട്ടുനില്ക്കാത്തതുകൊണ്ടു് രാജ്യദ്രോഹക്കുററം ചുമത്തി തോമസ് മൂറിനെ വധിക്കുവാൻ കല്പനയുണ്ടായി. മരിക്കുന്നതിനുമുമ്പ് അദ്ദേഹം പറഞ്ഞു: ''ഞാൻ രാജാവിനോടും ദൈവത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ടു മരിക്കുന്നു. പക്ഷേ, എൻെറ വിശ്വസ്തത ആദ്യമായി ദൈവത്തോടാണ്.'' (I die loyal to God and to the king; but to God First of all.) ഇങ്ങനെ പറഞ്ഞശേഷം വധശിക്ഷ നടത്തുവാൻ തയ്യാറായി നിന്ന സേവകനെ അദ്ദേഹം ആശ്ലേഷിക്കുകയും അയാൾക്ക് ഒരു സ്വർണ്ണനാണയം സമ്മാനമായി നൽകുകയും ചെയ്തു. നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിൻെറ ശിരസ്സ് ഛേദിക്കപ്പെട്ടു. എത്ര സംതൃപ്തിയോടും സമചിത്തതയോടുംകൂടിയാണ് അദ്ദേഹം മരണത്തെ ആശ്ലേഷിച്ചതു്!

## ജീവിതം ഒരു മത്സരഓട്ടം

മത്സരഓട്ടത്തിൽ നന്നായി ഓടുന്നവർക്കാണല്ലോ സമ്മാനം ലഭിക്കുക. ശരിയായി തയ്യാറെടുക്കാത്തവർ ഇടയ്ക്കു വീണുപോകും. നമ്മുടെ ജീവിതവും ഒരു വിധത്തിൽപ്പറഞ്ഞാൽ ഒരു മത്സരഓട്ടം തന്നെ. ലക്ഷ്യം സനാതനസൗഭാഗ്യവും. ഫിനി

ഷിംഗ് പോയിന്റിൽ നില്ക്കുന്ന ജഡ്ജി ദൈവമാണ്. നന്നായി ഓട്ടുന്നവരെ വിജയികളെന്നു് അവിടുന്നു് പ്രഖ്യാപിക്കും. പതറാതെ ലക്ഷ്യസ്ഥാനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു് ഓട്ടുന്നവൎക്കായിരിക്കും സമ്മാനം. നമ്മുടെ മനസ്സാക്ഷിയും സന്മാൎഗ്ഗനിയമങ്ങളും ലക്ഷ്യസ്ഥാനം കാണിച്ചുതരുന്ന ചൂണ്ടുപലകകളാണ്. അവയിൽ കാണുന്ന നിർദ്ദേശങ്ങൾ ഗൗനിക്കാതെ വെറുതെ ഓട്ടുന്നവർ ലക്ഷ്യസ്ഥാനത്തു് എത്തിയെന്നു് വരുന്നതല്ല. അവർ അപകടത്തിൽ ചെന്നു ചാടുവാനാണു് സാദ്ധ്യത. മറിച്ചു് മനഃസാക്ഷിയുടെയും സന്മാൎഗ്ഗനിയമങ്ങളുടെയും പ്രേരണകളെ കണക്കിലെടുത്തുകൊണ്ടു് ജീവിതമാകുന്ന ഓട്ടം നന്നായി പൂർത്തിയാക്കുകയാണെങ്കിൽ നമ്മുടെ ലക്ഷ്യമായ ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കും.

ഒരു കാൎയ്യംകൂടി. ഓട്ടത്തിന്റെ വിജയം അവസാനത്തെ അടിവെപ്പിന്റെ മാത്രം ഫലമല്ല. തുടക്കം മുതൽ ഒടുക്കംവരെയുള്ള ഓരോ കുതിപ്പിനും കാൽവെയ്പിനും അതിൽ പങ്കുണ്ടു്. ഇടയ്ക്കുവച്ചാണെങ്കിലും ഗതിയൊന്നു പാളിയാൽമതി, ലക്ഷ്യത്തിലെത്താൻ സാധിച്ചില്ലെന്നുവരും. ഇതുപോലെയാണു ജീവിതവും. അതിലെ ഓരോ നിമിഷവും വിലപ്പെട്ടതാണു്; ഒരിടത്തും നമുക്കു വീഴ്ചവരാതെ ശ്രദ്ധിക്കണം. ഒരു നിമിഷവും നമുക്കു് അലസമായിക്കളയാനില്ല. 'സദാ ഉത്തിഷ്ഠത, ജാഗ്രത' അതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

DHARMARAM COLLEGE LIBRARY. BANGALORE 34216

## ചിന്തിക്കാൻ

1 യജമാനൻ നൽകിയ വടി അയാൾക്കുതന്നെ വിദൂഷകൻ തിരിച്ചുകൊടുത്തതെന്തുകൊണ്ടു്?

2 ജീവിതലക്ഷ്യത്തിന്റെ വെളിച്ചത്തിൽ മനുഷ്യന്റെ വിവിധതരത്തിലുള്ള നേട്ടങ്ങൾ വിലയിരുത്തുക.

3 സർ തോമസ് മൂറിനു മരണത്തെ സമചിത്തതയോടെ സ്വീകരിക്കാൻ സാധിച്ചതെന്തുകൊണ്ടു്? ആ മനഃസ്ഥിതിയോടുകൂടി മരിക്കണമെങ്കിൽ നാം എന്തുചെയ്യണം?

4 ജീവിതമാകുന്ന മത്സര ഓട്ടത്തിൽ വിജയിക്കുകയും പരാജയപ്പെടുകയും ചെയ്യുന്നവർ എങ്ങനെയുള്ളവരാണെന്നു വ്യക്തമാക്കുക.

**അനുഷ്ഠിക്കാൻ**

1 താഴെ പറയുന്ന അഭിപ്രായങ്ങൾ വിലയിരുത്തുക.

(a) "നാളെ നിങ്ങൾ ജീവിച്ചിരിക്കുമോ എന്നറിഞ്ഞുകൂടാ. അതുകൊണ്ടു് ഇന്നു തിന്നുകുടിച്ചാനന്ദിക്കുക."

(b) "എനിക്കിഷ്ടമുള്ളതെല്ലാം ഞാനിപ്പോൾ ചെയ്യും. വാർദ്ധക്യമാകുമ്പോൾ ഞാൻ തെററുകളെപ്പററി പശ്ചാത്തപിച്ചുകൊള്ളാം."

2 മഹാത്മാഗാന്ധി, ലാൽബഹദൂർശാസ്ത്രി, ഡോ. ഭാഭാ എന്നിവരുടെ മരണത്തിൻെറ സാഹചര്യങ്ങളെ ഈ പാഠത്തിൻെറ വെളിച്ചത്തിൽ അവലോകനം ചെയ്യുക.

3 മരണത്തിൻെറ സുനിശ്ചിതത്വം, അതു നമ്മിൽ ഉളവാക്കുന്ന പ്രതികരണം എന്നിവയെപ്പററി നിങ്ങൾക്കറിയാവുന്ന ചില പദ്യങ്ങൾ ഉദ്ധരിക്കുക.

POC

TO SERVE IN TRUTH AND LOVE

P.O.C. PUBLICATIONS_25

Sa 58

സന്മാർഗ്ഗപാഠാവലി

# മനുഷ്യനും മതവും

സ്റ്റാൻഡേർഡ് VIII